അരക്ഷണീയ

അഡ്ഹോക്ക്

അരക്ഷണീയ

ശരച്ചന്ദ്രചട്ടോപാദ്ധ്യായ

വിവർത്തനം : ലീലാസർക്കാർ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

Painting by Haren Das
Transparency by Bipal Goha

ISBN 81-237-253-2

1993 (ശക 1914)
© മലയാള വിവർത്തനം : നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ 1991
രൂ. 22.00

Arakshaneeya (Malayalam)

പ്രസാധനം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ,
എ-5 ഗ്രീൻ പാർക്ക്, ന്യൂ ദൽഹി 110016

അവതാരിക

വംഗസാഹിത്യത്തിൻെറ ചരിത്രം നോക്കുമ്പോൾ ആദ്യത്തെ ബംഗാളിനോവൽ എന്ന് പറയാവുന്നത് പ്യാരിചാരുമിത്രയുടെ (1814 - 1883) "ആലാലേർ ഘരേൽ ദുലാൽ"ആണ് 1885-ൽ അത് പ്രസിദ്ധീകരിക്കുന്ന സമയത്ത് വംഗസാഹിത്യത്തിൽ നോവലിൻെറ സൂചന കുറേശ്ശെ തെളിഞ്ഞു വരാൻ തുടങ്ങിയിട്ടേ ഉള്ളൂ. ഈ സൂചനയുടെ പൂർവ്വാഭാസം മദ്ധ്യയുഗത്തിലെ 'മംഗളകാവ്യ'ത്തിലെ ചില അദ്ധ്യായങ്ങളിലും കാണാവുന്നതാണ്. എന്നാൽ ഈ മദ്ധ്യയുഗത്തിലെ അവ്യക്തമായ പൂർവ്വാഭാസം, സമയം, വ്യക്തി, സമൂഹം എന്നീ പൂർണ്ണഭാവങ്ങളോടെ നോവലിന്നനുയോജ്യമായ പശ്ചാത്തലത്തിൽ രൂപം പ്രാപിച്ചത് പത്തൊമ്പതാം നൂറ്റാണ്ടിലെ സംഭവബഹുലവും ജിജ്ഞാസാ സങ്കുലവുമായ ദിനങ്ങളിലാണ്. ഈ നാളുകളുടെ പ്രധാന വൈശിഷ്ട്യം, സാഹിത്യത്തിൻെറ പഴയമാനദണ്ഡങ്ങളിൽ അധിഷ്ഠിതമായ സംഭവങ്ങളെയും യുക്തികളെയും സിദ്ധാന്തങ്ങളെയും പുതിയ എഴുത്തുകാർ എങ്ങനെ അഭിമുഖീകരിച്ചു എന്നതാണ് ആനുകാലിക സംഭവങ്ങളുടെ യഥാർത്ഥമായ വർണ്ണനകളിൽക്കൂടി, അവധാനപൂർണ്ണമായ നൈതികതയുടെ തലത്തിൽനിന്നുകൊണ്ട്, ആ സംഭവങ്ങൾ എങ്ങനെ ആകാമായിരുന്നു എന്നു കാണിക്കുന്ന പുതിയൊരു പശ്ചാത്തലം സൃഷ്ടിച്ചെടുക്കുകയാണുണ്ടായത്.

ഭവാനിചരൺ ബന്ദ്യോപാധ്യായയുടെ 'നവബാബു വിലാസം' ആ നൂതനപശ്ചാത്തലത്തിൻെറയും ചേതനകളുടെയും നിസ്സംശയമായ തെളിവാണ്. കാശിപ്രസന്നൻെറ (1840-1870) 'ഹുതോപ്യാചാർ നക്ശ' (1862)യും അതേ പശ്ചാത്തലത്തിൽതന്നെ ആയിരുന്നിട്ടും പുതിയ കഥാപാത്രങ്ങളുടെ വിശേഷവർണ്ണനകൾ അവയെ ജീവനില്ലാത്തപോലെ ആക്കിയിരുന്നു. 'ആലാലേർ ഘരേൽ ദുലാൽ'-ലെ പാത്രങ്ങൾ ഇംഗ്ലീഷ് സ്ക്കൂളിലെ 'ഗുഡ്ബോയ്സ്' മാത്രമായിരുന്നു. എന്നാൽ നോവലെഴുതുന്നവർ വിഷയഗുരുത്വത്തിന് പ്രാധാന്യം കല്പിച്ചപ്പോൾ 'ഗുഡ്ബോയ്സ്' അത്ര പ്രാധാനമല്ലാതായി. എങ്കിലും 'നവബാബുവിലാസ'വും 'ഹുതോപ്യാച്ചാർ നക്ശ'യും വച്ചു നോക്കുമ്പോൾ 'ദുലാൽ' വായനക്കാരെ ഒന്നു പിടിച്ച് കുലുക്കിയതായി പറയാം. അതിന് കാരണങ്ങൾ മൂന്നാണ്.

ഒന്ന്, അതിൻെറ നോവലിനനുയോജ്യമായ സ്ട്രക്ച്ചർ, രണ്ട്, ഗണതാന്ത്രിക ഭാഷ, മൂന്ന്, പുതിയതായി ഒരുക്കിയെടുത്ത കഥാപശ്ചാത്തലം.

ഭൂദേവ മുഖോപാധ്യായ, (1827-1894)യുടെ ഗദ്യകഥയായ 'അംഗുരീയവിനിമയ'(1857)വുമായി തട്ടിച്ചുനോക്കുമ്പോഴും പ്യാരിചാന്ദിൻെറ കഥക്ക് കെട്ടുറപ്പുണ്ട്. കഥ, പ്ലോട്ട്, എന്നിവയുടെ ഗൂഢരഹസ്യം അദ്ദേഹത്തിനറിയാമായിരുന്നു. ഭാഷയുടെ ഗണതാന്ത്രികതയിൽകൂടി തീം അഥവാ വിഷയവസ്തുവിൻെറ പരിചയം വായനക്കാർക്ക് നല്കി. എന്തൊക്കെയായാലും അദ്ദേഹത്തിൻെറ ഗദ്യരചനാശൈലി വായനക്കാരുടെ രുചിയെക്കുറിച്ച് എത്രത്തോളം ബോധവാനായിരുന്നു അദ്ദേഹം എന്നതിന് തെളിവാണ് എല്ലാറ്റിലും അതിശയകരം അദ്ദേഹത്തിൻെറ കഥാപശ്ചാത്തലമാണ്. പുതിയതായുണരുന്ന കൽക്കത്താനഗരം, അന്നത്തെ നഗരത്തിലെ ധനവാൻമാരുടെ ഇരിപ്പുമുറി, വംഗഗ്രാമങ്ങളിലെ ഭാഗ്യംകെട്ട കൃഷിക്കാർ, നാട്ടിൻപുറത്തെ ജമീന്ദാർ, നീല (indigo)ക്കമ്പനി ഉടമസ്ഥനായ സായ്പ് എല്ലാമുണ്ടെങ്കിലും ഐതിഹ്യം നിറഞ്ഞ ആ പ്രാചീന നഗരമാണ് പശ്ചാത്തലം ചുരുക്കിപ്പറഞ്ഞാൽ ഭാരതത്തിൻെറ, നിശ്ചിതസമയ ചക്രവാളം നോവലിനുണ്ടായിരുന്നു. നിയമം, കോടതി എന്നിവയുടെ രീതി, കാശിയിലെ ഗംഗാതീരം ഇവയെല്ലാംതന്നെ കഥയോടൊപ്പമുണ്ട്.

ഉപയുക്തമായ നായക കല്പനയുടെ അഭാവത്താൽ ചില വിവരങ്ങൾ വിലയില്ലാത്തതായിത്തീർന്നിട്ടുണ്ടെങ്കിലും, ബങ്കിംചന്ദ്രൻെറ മനോദീപ്തവും രസഗ്രാഹിയുമായ കഥാരീതി വളരെ യഥാർത്ഥമാണ്. ഒരു കാര്യം ആദ്യമായി അദ്ദേഹമാണ് കാണിച്ചുതന്നത്: ജീവിതത്തിലെന്നപോലെ സാഹിത്യത്തിലും, സ്വന്തം സാമഗ്രികൾ എത്ര സുന്ദരമാണോ അത്രയുംതന്നെ അന്യരുടെതു സുന്ദരമാണെന്നു നമുക്കു തോന്നുകയില്ല എന്നത്. അതിനാൽ നമ്മുടെ സാഹിത്യത്തിലെ ആദ്യത്തെ നോവലായ ആലാലേർ ഘരേൽ ദുലാലും സുന്ദരമാണ്.

വംഗഭാഷയിലെ നോവലിൻെറ യഥാർത്ഥപ്രതിഷ്ഠ നടന്നത് ബങ്കിംചന്ദ്രൻെറ കൈകൊണ്ടുതന്നെ (1838-1894) എന്നുപറയാം. രവീന്ദ്രനാഥടാഗോർ, ആധുനിക വംഗഭാഷയുടെ ആവിർഭാവത്തിനു കാരണക്കാരനായ രണ്ട് ബംഗാളികളുടെ പ്രവർത്തനങ്ങൾക്ക് സർവ്വാഗ്രണ്യസ്ഥാനം കൊടുത്തിരിക്കുന്നു. അവരിൽ ഒരാൾ രാജാറാം മോഹൻറായും മറ്റേയാൾ ബങ്കിംചന്ദ്രനും ആണ്. ഭാഷ, വെറുതെ സ്വന്തമായി വളരുന്നില്ല. അതെപ്പോഴും സൃഷ്ടിയോടൊപ്പം മുന്നോട്ട് പോകുന്നു. അപ്പോൾ ഭാഷ വികസിക്കും. ബങ്കിമിൻെറ നോവലുകൾ ലോകത്തിൻെറ മുഴുവൻ വായുവും വെള്ളവുമായി ബന്ധമുള്ളവയാണ്. എല്ലാതരത്തിലുമുള്ള ഗുണങ്ങളും അവയ്ക്കുണ്ടെന്ന് കാലം തെളിയിച്ചു.

ആ നോവലുകളിൽ പ്രാധാന്യം അവയിലെ സ്ത്രീ കഥാപാ

ത്രങ്ങൾക്കാണ്.

അവർ പലവിധ വൈശിഷ്ട്യങ്ങളുള്ളവരാണ്. അവർ യാഥാസ്ഥിതിക നായികമാരല്ല. ശൈബലിനി ആയാലും രോഹിണി, ഭ്രമർ, സൂര്യമുഖി എന്നിവരായാലും അവരൊക്കെ സാധാരണ മട്ടിലുള്ള മൂശയിൽ വാർത്തെടുക്കപ്പെട്ടവരല്ല. നീതിവാദിയായ ബങ്കിം പലയിടത്തും ഇവരിലെ ഗുണങ്ങൾ അമർത്താൻ ശ്രമിച്ചിരിക്കുന്നതായി കാണാം. പക്ഷേ അവരുടെ സ്വഭാവങ്ങളിലെ ഗഹനതകളെപ്പറ്റി അദ്ദേഹം ബോധവാനായിരുന്നുതാനും. അല്ലെങ്കിൽ 'കൃഷ്ണകാന്തന്റെ മരണപത്രത്തി'ലെ രോഹിണിയുടെ സ്വഭാവം ഇത്രയ്ക്ക് തേച്ചുമിനുക്കാൻ, അദ്ദേഹം ശ്രമിക്കുമായിരുന്നില്ല. ശൈബലിനിയുടെ കാര്യത്തിൽ അദ്ദേഹത്തിന് തോൽവി സമ്മതിക്കേണ്ടിവന്നു. ബങ്കിംചന്ദ്രന്റെ വിഖ്യാതപുരുഷ കഥാപാത്രങ്ങൾ ജീവനില്ലാത്തവരാണ്. പ്രത്യേകിച്ചും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യത്തിലെ മാന്യകുടുംബജാതരായ പുരുഷകഥാപാത്രങ്ങൾ. അന്നത്തെ ബംഗാളിൽ, വിക്ടോറിയൻ സാമാജികതയുടെ സ്ഥായിയായിനിന്ന വാസന എത്രത്തോളം ശൂന്യഗർഭമായിരുന്നു എന്നത് ബങ്കിമിന്നറിയില്ലായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം നവോദ്ഭൂതമായ മദ്ധ്യവിത്ത ശ്രേണിയെക്കുറിച്ച് എഴുതിതുടങ്ങിയത്. അതിനാൽ ആ കഥകളിലെ പുരുഷകഥാപാത്രങ്ങൾ, പ്രത്യേകിച്ച് മാന്യർ, അളന്ന് മുറിച്ച് വെട്ടിത്തുന്നിയപോലെ ആയിത്തീർന്നു. അവരുടെ മാനസികദ്വന്ദ്വം, സീമാബദ്ധവും നിശ്ചിതവും അളന്ന് മുറിച്ചെടുത്തതുമാണ് എന്നാൽ സ്ത്രീകൾ കഴിവുള്ളവരാണ്. അദ്ദേഹത്തിന്റെ ആ സാമർത്ഥ്യംകൊണ്ട് നായികമാർ നായകൻമാരെ മൃത്യുവക്ത്രത്തിൽനിന്ന് രക്ഷിക്കുന്നു. തടവിൽ നിന്ന് രക്ഷിച്ചെടുക്കുന്നു, വെള്ളത്തിലേയ്ക്ക് എടുത്ത് ചാടുന്നു, കൊള്ളക്കാരുടെ നേതാവാകുന്നു, ഭർത്താവിനെ കാണാതായാൽ, പശുവിനെ തേടിനടക്കുംപോലെ, തേടികണ്ടുപിടിക്കുന്നു, തന്റെ വിവാഹകാര്യം താൻതന്നെ നിശ്ചയിക്കുന്നു. വടിയുംകുന്തവും കൊണ്ട് യുദ്ധം ചെയ്യുന്നു, നീന്തി രക്ഷപ്പെടുന്നു, മരത്തിൽ കയറുന്നു, കുതിരപ്പുറത്ത് സവാരി ചെയ്യുന്നു. ഇത്തരം 'ഫാസ്റ്റ്' സ്വഭാവക്കാരികളായ നായികമാർ കാരണം ബങ്കിമിന്റെ മിക്ക നോവലുകളിലും ഔട്ട്ഡോർ പരിഃസ്ഥിതികൾക്ക് പ്രധാന്യം കാണാം. കഥയിലെ മുഖ്യസംഭവങ്ങളിൽ സ്ത്രീകഥാപാത്രങ്ങളുടെ പ്രഭാവത്തിനാണ് അദ്ദേഹം ഗുരുത്വം നല്കിയിരുന്നതെങ്കിലും, അവസാനംവരെ ഒരു മ്ലാനഭാവത്തിലാണ് അവരെ അവതരിപ്പിച്ചത്.

ബങ്കിമിന്റെ സാമൂഹ്യനോവലുകളിലെ നാടകീയ ഗതിവേഗതക്കുശേഷം, പിന്നെവന്ന രണ്ടു നോവലിസ്റ്റുകൾ ഗ്രാമവും ഗ്രാമത്തിലെ സാമൂഹ്യജീവിതവും പശ്ചാത്തലമാക്കി നോവലെഴുതി. അവരിൽ ഒരാൾ താരകനാഥ ഗംഗോപാധ്യായയും (1848-1909) മറ്റേയാൾ രമേശ് ചന്ദ്രദത്തയും (1848-1909) ആണ്. താരകനാഥന്റെ 'സ്വർണ്ണലത'യും (1874)യും രമേശ്ചന്ദ്രന്റെ 'സംസാരവും' (1886)

പന്ത്രണ്ടു കൊല്ലത്തെ ഇടവേളയ്ക്കുശേഷം വന്നവയാണ്. ഇവ രണ്ടിലും ഗ്രാമീണജീവിതത്തിന്റെ വാസ്തവങ്ങൾ വിസ്തരിക്കപ്പെട്ടിരിക്കുന്നു. ഇവ വായനക്കാരെ, ബങ്കിമിന്റെ പ്രാസാദങ്ങളിൽനിന്ന് ഗ്രാമങ്ങളുടെ പച്ചമണ്ണിലേക്കെത്തിച്ചു. പച്ചമണ്ണിന്റെ മണം അവയിലുണ്ടായിരുന്നു. രമേശ്ചന്ദ്രന്റെ ദുർബലത ബങ്കിമിന്റെ ആവേഗമയമായ ജീവിതമോ അന്തർഗാമിയായ ഹാസ്യമയതയോ അദ്ദേഹം സ്വീകരിക്കാനൊരുങ്ങിയില്ല എന്നതാണ്. ബങ്കിമിന്റെ സമകാലീനരായ ഇവർ സ്വന്തം കൃതികളിൽകൂടി, ബംഗാളിനോവലിന്റെ മഹത്വമേറിയ ഉത്തരാധികാരം ഏറ്റെടുക്കുന്നവരുടെ സീമാബദ്ധത എങ്ങനെയായിരിക്കണമെന്നു പ്രതിഫലിപ്പിച്ചു കാണിച്ചു. രവീന്ദ്രനാഥൻ (1861-1941) അദ്ദേഹത്തിന്റെ സ്വന്തം സ്വഭാവത്തിന്നനുയോജ്യമായ റൊമാൻസിന്റെ രാജപഥമാണ് സ്വീകരിച്ചത്. ആ ജീവിതരീതിക്കനുസൃതമായ കൃത്രിമത്വംകൊണ്ട് അദ്ദേഹത്തിന്റെ മിക്ക കഥാപാത്രങ്ങളും കൃത്രിമമായിത്തന്നെ കാലാശിച്ചു. അതുകൊണ്ടുതന്നെ 'രാജർഷി' (1887), 'ബഹുഠാക്കുറാണീർഹാട്ട്' (1883) എന്നിവ, അതീതത്തിലെ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ എഴുതിയ ചരിത്രത്തിന്റെ മണമുള്ള നോവലുകളായിരുന്നിട്ടും, ബങ്കിമിന്റെ നോവലുകളിലെ ധീരോദാത്തത ഇല്ലാത്തവയായി അനുഭവപ്പെട്ടു. പിന്നീട് ഏതാനും വർഷം രവീന്ദ്രനാഥൻ കഥകളെഴുതി. ചെറുകഥകൾ. വീണ്ടും നോവലിന്നായി തൂലികയെടുത്തത് 'മേഘ് ഒ രൗദ്ര്' (1894), 'നഷ്ടനീഡ്' (1901) എന്നീ നീണ്ടകഥകൾക്കുശേഷമാണ്. അതോടെ കഥാംശത്തിൽപെട്ട വ്യക്തിബന്ധങ്ങളിൽ സമഗ്രമായ വാസ്തവികത തെളിഞ്ഞുവന്നു. ഈ നിലയിൽ 'ചോഖേർബാലി' (1903) പ്രാധാന്യമർഹിക്കുന്നു. 'കൃഷ്ണകാന്തന്റെ മരണപത്ര'ത്തിനുശേഷം വംഗസാഹിത്യത്തിലെ നോവൽയുഗത്തിലെ രണ്ടാമത്തെ നാഴികക്കല്ലായി 'ചോഖേർബാലി'യെ കണക്കാക്കാം. പുറമെയ്ക്കു കാണുന്ന വാസ്തവം, ജടിലമായ ആന്തരികത കലർന്ന വാസ്തവികതയാണ്. ആ വാസ്തവികത കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്നതായി നോവലിൽ ഉടനീളം തേടുമ്പോൾ നമുക്കു കാണാം. ഈ സമഗ്രവ്യക്തിയെ നമ്മൾ തേടി അറിയണം. 'ചോഖേർബാലി' ഈ സത്യം നമ്മളുടെ മുന്നിൽ തുറന്നുവെക്കുന്നു. ഇതിലെ വിനോദിനി അതിവിചിത്രമായ കഥാപാത്രമാണ്. ഒരിടത്ത് ബങ്കിമിന്റെ ഉത്തരാധികാരിണി, മറുവശത്ത് വ്യക്തിത്വത്തിന്റെ പുതിയ ആഭ. പിന്നീട്വന്ന എഴുത്തുകാരെ ഈ കഥാപാത്രം കൂടുതൽ ആകർഷിച്ചു, സ്പർശിച്ചു. പ്രത്യേകിച്ച് ശരച്ചന്ദ്രനെ. രോഹിണി കഴിഞ്ഞാൽ ഈ വിനോദിനിയല്ലാതെ ഇത്ര മർമ്മസ്പർശിയായ, പ്രാണസ്പന്ദിതയായ സ്ത്രീകഥാപാത്രം വംഗസാഹിത്യത്തിൽ ദുർലഭമാണ്. വിനോദിനി രോഹിണിയെ കടത്തിവെട്ടിയിരിക്കുന്നു. വിനോദിനി എന്ന കഥാപാത്രം വെറും വാസനാഭേദ്യം മാത്രമല്ല, ഹൃദയഭേദ്യവും മനോഭേദ്യവും കൂടി ആയിരുന്നു.

ഇതിനുശേഷം രവീന്ദ്രനാഥൻ നൗകഡൂബി (1906) എന്ന സാധാ

രണ്ട നോവലെഴുതി. അത് കുറച്ച് അതിശയകരമായ ഒന്നായിരുന്നു. പക്ഷെ അദ്ദേഹം ഒരു കാര്യം മനസ്സിലാക്കാൻ തുടങ്ങി. ഹൃദയത്തി ലനുഭവപ്പെടുന്ന കഥകളെക്കാൾ കുറച്ചുചിലതുകൂടി ഒരു നോവ ലിൽ ആവശ്യമാണ്. ബംഗാൾ- വിക്ടോറിയൻ സ്റ്റെബിലിറ്റി, സാധന, ബ്രിട്ടീഷ് ജസ്റ്റിസിൻെറ തഥാകഥിതമായ അപാരമ ഹിമ എന്നിവക്കുപുറമെ അഭിജ്ഞതയും അഗാധതയുമല്ലാം മേഘ്ഒ രൗദ്ര് - യിലെ ശശി, ഗോറയിലെ ഗോറ ഇവർ ഉൾക്കൊ ണ്ടിരുന്നെങ്കിലും ആ കൃതികൾ തകർന്നു. എന്താണ് (as it is) എന്നതിൻെറയും എന്തായിരിക്കണം (should be) എന്നതിൻെറയും മധ്യത്തിലുള്ള സാമൂഹ്യവും രാജനൈതികവുമായ വൈയക്തി കദ്വന്ദ്വത്തിൻെറ വിശാല പശ്ചാത്തലത്തിലാണ് രവീന്ദ്രനാഥൻ 'ഗോറ' എഴുതിയത്. ഈ നോവിലൻെറ മർമ്മം ഈവിധത്തില ല്ലായിരുന്നുവെങ്കിൽ അതൊരു എപ്പിക്ക് നോവലാകുമായിരുന്നില്ല. അത് നോവൽ രൂപത്തിലൊരു Polemic against concention മാത്ര മാകുമായിരുന്നു. അങ്ങിനെ ആയില്ല അത്. ഒരു പുരാതനമ ഹാകാവ്യംപോലെ അതിൽ ജീവിതത്തിൻെറ വ്യാപകമായ സമഗ്ര തയും (extensive totality of life), പഴയനാടകങ്ങളിലെന്നപോലെ സത്തയുടെയും സാരാംശത്തിൻെറയും സമഗ്രത ഉൾക്കൊള്ളുന്ന തീവ്രതയും ഒരു ഐഡൻെൻടിറ്റിയുടെ അന്വേഷണത്താൽ വേദന നിറഞ്ഞ ഉത്കണ്ഠയുടെ രൂപത്തിൽ പത്തൊമ്പതാംനൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിലെ ആധുനികതയുടെ ചേതനകലർന്ന ഭാരതീ യൻെറ ജിജ്ഞാസ മുഴുവനും അടങ്ങിയിരിക്കുന്നു. ഈ വക അർത്ഥങ്ങളിൽ, രവീന്ദ്രനാഥൻെറ മാത്രമല്ല മുഴുവൻ ഭാരതീയ സാഹിത്യത്തിൻെറ എന്നുപറയാം. എപ്പിക്ക് നോവലുകളായിരുന്നു ചതുരംഗ് (1916), ഘ്വരെബായിരെ (1916), യോഗായോഗ്(1929), ശേഷേ ർകവിത (1929), ചാർഅദ്ധ്യായ് (1934) എന്നിവ. മുപ്പതുകളിലെ ആവേശംനിറഞ്ഞ ഭാവനകളിൽപ്പോലും, വീണ്ടു വീണ്ടും തൻെറ നോവലുകളിൽ കൂടി പുതിയ പുതിയ ടെക്ക്നിക്കുകൾ ആവിഷ്ക്ക രിക്കുക വഴി, രവീന്ദ്രനാഥൻ യാഥാർത്ഥ്യത്തിൻെറ വിവിധമാളിക കളുടെ കാവാടങ്ങൾ തുറന്നുതന്നു. ചിലവ വിപുലമായ വിവാദ ങ്ങൾതന്നെ സൃഷ്ടിച്ചു-'ഘ്വരേബായിരെ', 'ചാർ അദ്ധ്യായ്' എന്നീ രാജനീതി പ്രധാനമായ നോവലുകൾ പ്രത്യേകിച്ചും. പക്ഷെ ഗോറ യുടെ മർമ്മം വാസ്തവസമഗ്രതയുടെ തുടക്കമായിരുന്നു. ഇത് മറ്റ് എഴുത്തുക്കാർക്കെന്നപോലെ അദ്ദേഹത്തെ സംബന്ധിച്ചും വാസ്ത വമായിരുന്നു.

രവീന്ദ്രനാഥൻെറ മിക്ക പ്രധാന നോവലുകളും പ്രസിദ്ധീക രിച്ചുകൊണ്ടിരിക്കുന്ന സമയത്തുതന്നെ, തനതായ ഒരു സുഗഭീര മൗലികതയുടെ നിദർശനമായി ഉയർന്നുവന്ന ശരച്ചന്ദ്രചട്ടോപാധ്യാ യയുടെ (1878-1938), 'അരക്ഷണീയ'യും ടാഗോറിൻെറ 'ചതു രംഗവും' ഒരേ വർഷത്തിൽ (1926) പ്രസിദ്ധീകരിച്ചത് ജനങ്ങളിൽ ഉണർത്തിയ വിസ്മയത്തിന്നതിരില്ലായിരുന്നു. 'ചതുരംഗ' വ്യക്തി

യുടെ സമ്പൂർണ്ണതയുടെ പ്രാതിബിംബകമായ വ്യാകുലതയാൽ എഴുതപ്പെട്ട പൂർവ്വാപരവിഹീനമായ നോവൽ. 'അരക്ഷണീയ' എല്ലാംകൊണ്ടും നമ്മളുടെയൊക്കെ വീട്ടിലെ കഥയാണ്. കഥനരീതിയിൽ ഗാർഹികമായ അന്തരംഗഹൃദ്യത. അദ്ദേഹത്തിൻെറ വിവരണവും, മർമ്മജ്ഞാനവും തൻെറ നാട്ടിനെ സംബന്ധിക്കുന്ന കഥകളുടെ സത്തയും എല്ലാംതന്നെ അദ്ദേഹത്തിൻെറ അഗാധജ്ഞാനത്തിൻെറ നിതാന്തമായ നാമാന്തരം മാത്രം. ഇവിടെ ശരച്ചന്ദ്രൻ ഭീരുവിനെ കണ്ടെത്തി. അതിവ്യർത്ഥമായ രാജനീതിയെക്കുറിച്ചുള്ള നോവലുകൾ ശരച്ചന്ദ്രനെഴുതിയിട്ടുണ്ട്. അദ്ദേഹത്തിൻെറ ഇൻെറലെക്ച്വൽ കഥാനായകന്മാരും നായികമാരും മിക്കവാറും കൃത്രിമമാണ്. എങ്കിലും സ്നേഹംനിറഞ്ഞ ഭാരതീയ സംസ്ക്കാരബോധം, (ഇന്നത് വെറും ഫാഷൻ മാത്രം) ശരച്ചന്ദ്രൻെറ സീമാബദ്ധത, നിർദ്ദേശങ്ങളിലെ അതിതൽപരത ഇവയെല്ലാം ഇന്നത്തെ നിരൂപകരെപ്പോലും ആകർഷിക്കുന്നു. എന്നാലും ഒരു കാര്യം ആലോചിക്കേണ്ടസമയം വന്നിരിക്കുന്നു. ഏതാണ്ട് ഏഴുദശകക്കാലം ശരച്ചന്ദ്രൻ ഭാരതത്തിലെ ജനപ്രീതി നേടിവാണു. ഒരു റെക്കാഡ് തന്നെ സ്ഥാപിച്ചു. ജനപ്രീതി ഭാരതത്തിലെ വെറും പ്രമുഖനഗരങ്ങളിൽ മാത്രമല്ല. ഗ്രാമങ്ങളും കുഗ്രാമങ്ങളും ഉൾക്കൊള്ളുന്ന ഭാരതത്തിലെങ്ങും, കൂടാതെ വിദേശങ്ങളിലും. എത്രയൊക്കെ ജീവിതമാറ്റങ്ങൾ വന്നിട്ടും ഇവിടെ ഇന്നും നാരായണിയെപ്പോലുള്ള പ്രതീക്ഷയുമായി കഴിയുന്നവർ, സിദ്ധേശ്വരിയെപ്പോലെയുള്ള വലിയമ്മമാരുടെ പ്രണതിയും ഭയവും കലർന്ന സമ്പർക്കങ്ങൾ - "അഗാധപ്രേമം അടുപ്പിക്കുക മാത്രമല്ല പ്രേമിക്കുന്നവരെ അകലേക്ക് തള്ളിനീക്കുകയു ചെയ്യുന്നു."- എന്നതുപോലുള്ള ഭാവാദർശങ്ങൾ, ഭാരതീയർക്കിടയിൽ ഇന്നും ഇതിൻെറയൊക്കെ പ്രസക്തി ഇല്ലാതായിട്ടില്ല. ബഹിർജഗത്തിൽ അചരിതാർത്ഥനാണെങ്കിലും, ഉദാസീനനായിക്കഴിയുന്ന പുരുഷന് പ്രതിരൂപിണിയും ആശ്രയദാത്രിയുമായ നാരി ഇന്നും ഭാരതീയ സ്ത്രീത്വത്തിൻെറ പ്രമൂർത്തിയാണ്, സംജ്ഞാർത്ഥവുമാണ്. അതിനാൽ ഭാരതത്തിലെ ഏതുഭാഗത്തെ പ്രൊഡ്യൂസർമാരും ഡയറക്ടർമാരും ശരച്ചന്ദ്രൻെറ ഏത് കഥയും നോവലും വെള്ളിത്തിരയിലേയ്ക്കും സ്റ്റേജിലേക്കും നിശ്ചിന്തരായി കൊണ്ടുവന്നു. അവരൊരിക്കലും അതുകൊണ്ട് നിരാശരായില്ല. ഡ്രാമക്കമ്പനിയുടെ ഉടമസ്ഥനറിയാം ശരത്ബാബു ഇന്നും നല്ല പ്രചാരമുള്ള ആളാണ്; കാണികളെ രസിപ്പിക്കാനും അതീതത്തെ ജീവനോടെ നിലനിർത്താനും അദ്ദേഹത്തിനെന്നും കഴിവുണ്ട്. ഇക്കാര്യം വെറുതെ പറഞ്ഞതല്ല, ശരച്ചന്ദ്രൻ അഖണ്ഡവും കാലോത്തരവുമായ ഭാരതീയത്വത്തിൻെറ ഉറച്ച ഭൂമിയിലാണ് നിൽക്കുന്നത്. ഒരുതരം വിമർശനങ്ങൾക്കും അദ്ദേഹത്തിൻെറ കേശാഗ്രംപോലും സ്പർശിക്കാനായിട്ടില്ല. ആവുകയില്ല.

'അരക്ഷണീയ'യും 'ചതുരംഗ'വും താരതമ്യപ്പെടുത്തി നോ

ക്കുകയാണെങ്കിൽ മറ്റൊരുകാര്യവും മനസ്സിലാക്കാം. ഇവിടെനിന്നാണ് വംഗനോവൽ സാഹിത്യം ഇരുശാഖകളായി തിരിയുന്നത്- ശിൽപവാദിയും ജീവിതവാദിയും ആയിട്ട്, വളരെ കുറച്ച് ചിലത് അവസാനം നിരർത്ഥമായി എങ്കിലും ഈയിടെ മനീഷിയായൊരു നിരൂപകൻ വ്യാഖ്യാനിച്ചെഴുതിയിരിക്കുന്നത് ഇങ്ങിനെയാണ്; ശരച്ചന്ദ്രനിൽ സാമന്തയുഗത്തിൻെറ പ്രാധാന്യം അധികമായുണ്ടായിരുന്നെന്നും മറ്റും പറയുന്നവർ ഒരുകാര്യം മറന്നുപോകുന്നു. നോവലിൽ explicit level എന്നും implicit level എന്നും രണ്ടു തലങ്ങളുണ്ട്. പക്ഷെ അവ വെറും പുറംച്ചട്ടകൾ മാത്രം. ഈ പുറംഭാഗമല്ലല്ലോ നോവലിൻെറ പ്രധാന കാര്യം. അതിലെ ആഭ്യന്തരവാസ്തവികതയാണല്ലോ ശരിയായ സത്ത ശരച്ചന്ദ്രൻ അദ്ദേഹത്തിൻെറ 'ബാമുനേർ മേയെ' (1920) 'പല്ലീസമാജം' (1916) എന്നിവയിൽ പറഞ്ഞിരിക്കുന്ന കഥകളിൽ ശരിയായ കഥ എന്താണ്? അന്നത്തെ ഗ്രാമങ്ങളിലെ അർത്ഥനൈതികമായ ചട്ടക്കൂടിനുവേണ്ടി വക്കാലത്ത് ചെയ്യുകയായിരുന്നില്ല അദ്ദേഹം. അദ്ദേഹത്തിൻെറ സുവിഖ്യാതമായ 'ദത്ത' (1918)യിലെ നായിക ജമീന്ദാരുടെ മകളാണ് എന്നുമാത്രം കരുതി ചിന്തിച്ചാൽ അതർത്ഥരഹിതമാണ്. എന്നാൽ സസന്തോഷം മറ്റൊന്ന് നമ്മൾ ശ്രദ്ധിക്കുന്നുണ്ട്. ബങ്കിംചന്ദ്രൻെറ 'രാധാറാണി' (1881)യിൽ എന്നപോലെത്തന്നെ ശരച്ചന്ദ്രൻെറ 'ദത്ത' യിൽ ഒരു കാര്യമാണ് അദ്ദേഹം ഊന്നിപറയുന്നത്: പെൺകുട്ടികൾക്ക് സ്വന്തം വിവാഹകാര്യത്തിൽ സ്വതന്ത്രാഭിപ്രായം ഉണ്ടാകണമെങ്കിൽ അവർ ആർത്ഥികമായി സ്വയം പര്യാപ്തതയുള്ളവരായിരിക്കണം. ആർത്ഥിക സ്വാതന്ത്രത്തിൽകൂടി അവർ ബഹുമാനിക്കപ്പെടുന്നില്ലെങ്കിൽ സ്ത്രീസ്വാതന്ത്ര്യത്തിന്നൊരു വിലയും അർത്ഥവും ഇല്ല. ഇങ്ങിനെ ഇക്കാര്യം വ്യക്തമാക്കിയ ശരച്ചന്ദ്രൻ ഒരിക്കലും ഒരു സാമന്തതന്ത്രത്തിൻെറ പക്ഷക്കാരനായിരുന്നില്ല. 'ശ്രീകാന്ത്' (1917) എന്ന നോവലിൽ, രാജലക്ഷ്മി, തൻെറ 'ബായിജി' ജീവിതത്തിൽനിന്ന് സമ്പാദിച്ച പണത്തിൻെറ ആധികാരികത ഉണ്ടായിരുന്നതുകൊണ്ടാണല്ലോ തൻെറ കാമുകന് ആനുഷ്ഠാനിക സമ്പർക്കങ്ങൾ കൂടാതെത്തന്നെ, സ്വന്തം എന്ന വിചാരത്തോടെ, എപ്പോൾ വേണമെങ്കിലും ആശ്രയം നൽകിയിരുന്നത്. ഇത് സാമന്തതന്ത്രത്തെ പിൻതാങ്ങുന്നു എന്നതിനുള്ള നിദർശനമല്ല. ഇനിയും ഒരു കാര്യമുണ്ട് ശരച്ചന്ദ്രൻ എഴുതാൻ തുടങ്ങിയകാലത്ത്, അതിൻെറ മുൻകാലവും സമകാലവും "ന യയൗ ന തസ്ഥൗ"എന്ന അവസ്ഥയിൽ ചലനമറ്റ് നിൽക്കുകയായിരുന്നു. എന്തുകൊണ്ടെന്നാൽ രവീന്ദ്രനാഥൻെറ സാഹസികനിരീക്ഷയും ആ സാഹസികതയുടെ സാർത്ഥകതയും ശരാശരി ബംഗാളി വായനക്കാരുടെ അടുത്തെത്തിയില്ല സ്വതന്ത്രവ്യക്തിസത്തയുടെ പ്രശ്നം രവീന്ദ്രനാഥൻ ഭാരതത്തിൻെറ ദേശകാലപശ്ചാതലത്തിൽ വീണ്ടുംവീണ്ടും കൊണ്ടുവന്ന് സ്ഥാപിച്ചെങ്കിലും അതിൻെറ വ്യാപകമായ ഉപാലബ്ധിക്ക് ജനങ്ങളിൽ വ്യാപകമായ ഒരു പരിവർത്തനം

ആവശ്യമായിരുന്നു. ഇങ്ങനെ ഔപനിവേശിക (colonial) ജീവിതത്തിൽ, നഗരത്തിലും ഗ്രാമത്തിലും സമൂഹത്തിലും, സാമന്തതന്ത്രത്തിൻെറ ചട്ടക്കൂട് എളുപ്പം മാറ്റാനായില്ല. അത് സ്വയം പൊളിഞ്ഞുവീഴുകയുമുണ്ടായില്ല. അതിൻെറ ഫലമായി നോവലിൻെറ കണ്ണാടിയിൽ ആത്മപ്രതിബിംബം കാണാനാഗ്രഹിച്ച്, മുഴുവൻ വായനക്കാരും രവീന്ദ്രനാഥൻെറ നേർക്ക് നോക്കിയപ്പോൾ അവരുടെ ആശയടങ്ങാൻ അവിടെ വകയില്ലായിരുന്നു. അവർ ആശയുടെ കണ്ണുകെട്ടി ഇരിക്കേണ്ടിവന്നു. ഈ സമയത്തുണ്ടായ നോവലുകളെ മൂന്ന് ഇനമാക്കി ഭാഗിച്ചു നോക്കാവുന്നതാണ്.

1. നോവലിൽ രവീന്ദ്രകാവ്യങ്ങളിലെ റൊമാൻറിക്ക് ആസ്വാദനത്തിൻെറ തരളീകരണശ്രമം, പ്രേമം, വിരഹം, കൂടിച്ചേരൽ എന്നീ ഭാവങ്ങൾ ഉൾക്കൊള്ളുന്ന നോവലുകൾ. പ്രത്യേകിച്ച് വിശിഷ്ട ഭാരതീയ ലേഖകരായ ശൗരീന്ദ്രമോഹൻമുഖോപാധ്യായ, പ്രേമാങ്കുർ അതഷി, മണീന്ദ്രലാൽബസു (രമോള എന്ന് ഖ്യാതൻ) എന്നീ പ്രമുഖർ ഈ വകുപ്പിൽപ്പെടുന്നു.

2. രവീന്ദ്രനാഥൻെറ വ്യക്തി മനസ്സിൻെറ പരീക്ഷ- നിരീക്ഷകളുടെ തികഞ്ഞ അനുകരണം. തരളീകൃതമായ രൂപരചന, ഈ യുഗത്തിൻെറ വൈശിഷ്ട്യമായിരുന്നു. നരേശ്സെൻ ഗുപ്ത, ഉപേന്ദ്രഗംഗോപാധ്യായ എന്നിവരുടെ ഏറെ രമ്യരചനകൾ ഈ വിഭാഗത്തിൽപ്പെടുന്നു

3. മറ്റൊരുതരം രചനയും ഈ യുഗത്തിൽ വ്യക്തമായി വന്നുകൊണ്ടിരുന്നു. കഥകളിൽക്കൂടി വായനക്കാർക്ക് വിനോദം വിളമ്പിക്കൊടുത്ത പ്രഭാത് മുഖോപാധ്യായ (1873 -1932), നരേശ്സെൻ ഗുപ്ത, ഉപേന്ദ്രനാഥ ഗംഗോപാധ്യായ എന്നിവരുടെ വളരെയധികം രചനകൾ ഈ ധാരയിൽ ചേർക്കാവുന്നതാണ്. ഈ ത്രിധാരകളുടെ പ്രതിനിധി, പ്രഭാത് മുഖോപാധ്യായതന്നെ എന്ന് പറയാം. പിന്നെ മറ്റ് രണ്ടുപേരും 'ഭാരതി'യുഗത്തിലെ റൊമാൻറികതയും മാനസികാപഗ്രഥനവും ജനഹൃദയത്തിൽ വേരൂന്നിയില്ല. വംഗവാണിയിൽ ലഭിച്ച വിദേശസാഹിത്യത്തിൻെറ പ്രസാദം മാത്രമാണിവ എന്ന് സ്പഷ്ടമായിരുന്നു. ഇവയുടെ എണ്ണം വളരെ വർദ്ധിച്ചുവന്നു. ഇവയിൽ ലേഖകരുടെ സ്വന്തം ജ്ഞാനത്തിൻെറ അംശം ഉണ്ടായിരുന്നില്ല. കൃത്രിമത ഇക്കാലത്ത് സാഹിത്യസൃഷ്ടിയുടെ മുഖ്യഭാഗമായി. ആയതുകൊണ്ട് അരാജകത്വവും മറ്റും നിറഞ്ഞുനിന്നിരുന്ന മനസ്സുമായി ബംഗാളിവായനക്കാർക്ക് രവീന്ദ്രനാഥൻെറ രചനകൾ ആസ്വദിക്കാനായില്ല. മേൽപ്പറഞ്ഞ എഴുത്തുകാരിൽ നിന്നും പ്രാണൻെറ പ്രതിദ്ധ്വനി കേൾക്കാനായില്ല. ഇവരുടെ രചനകളെയും രവീന്ദ്രനാഥൻെറ ശിൽപ്പസാഫല്യത്തെയും ആധുനിക നിരൂപകരിൽ പലരും വ്യാഖ്യാനിച്ചത്, കവിത്വമുണ്ട്, പക്ഷെ മനസ്തത്വത്തിൻെറ പരിമാണമില്ല എന്നു പറഞ്ഞാണ്. മുഴുവനായും രവീന്ദ്രനാഥനെ അനുകരിക്കാൻ അവർക്കു കഴിഞ്ഞില്ല. ഇന്നും രവീന്ദ്രനാഥൻെറ കൃതികളിൽനിന്ന് പലതും സംഗ്രഹിച്ചെ

ടുക്കപ്പെടുന്നുണ്ട്. സന്യാസിവേഷം ധരിച്ച് സന്യാസിയാകാനുള്ള മോഹം പലർക്കുമുണ്ടായിരുന്നു. ഫലം മാരകമായിരുന്നെന്നു പറയാം. ദേശകാലനിയമങ്ങളെ ലംഘിക്കാതെതന്നെ ശിൽപവ്യ ത്തിയുടെ പരിണതിയും വികാസവും അനുഭവിച്ചുകൊണ്ടിരുന്നു. 'ഭാരതി'ക്കുശേഷമുള്ള യുഗത്തിലെ മിക്ക ലേഖകരുടെയും പ്രേര ണാകേന്ദ്രം ശിൽപബോധമായിരുന്നു. വിദേശവായുവിൻെറ ചലനം, ആ ചലനത്തിലും എങ്ങിനെ പൂക്കൾ വിരിയിക്കണം. ഇതറിയണ മെങ്കിൽ മണ്ണുമായി നിബിഢപരിചയം വേണം. അത് അവരിലാ ർക്കുമുണ്ടായിരുന്നില്ല.

മറുവശത്ത് വായനക്കാർ, വെറും പ്രേമകഥകളും മനസ്തത്വ സംഹിതയും അല്ലാത്ത മറ്റെന്തെങ്കിലും ലഭിക്കാൻ കാത്ത് നിൽക്കു കയാണ്. നമ്മളുടെ ഗ്രാമീണജീവിതബോധം, ജീവിതാചരണസൂ ത്രങ്ങൾ, പാരമ്പര്യങ്ങൾ ഇവയെല്ലാം നമുക്ക് ദുർഭേദ്യമായിരുന്നു. കൽക്കത്തയിലെ നവകാല സംഘർഷത്തിനിടക്ക് പലകാര്യങ്ങളും ആലോചനാവിഷയമായി, അന്നത്തെ വായനക്കാരുടെ മനോഭാവ ത്തിൽ ഈ അവസ്ഥ സ്പഷ്ടമായിരുന്നു. അങ്ങിനെ ശരച്ചന്ദ്രനെ ബംഗാളിവായനക്കാർ ജയമാല അണിയിച്ചു. കാരണം, മിതപരി സരത്തിൽ അദ്ദേഹം സിദ്ധഹസ്തനും ജീവിതത്തിൽ രസികനും ആണെന്നതുതന്നെ. അദ്ദേഹത്തിൻെറ മേജ്ദീദി, നാരായണി, ഇന്ദ്ര നാഥ്, അന്നദാ ദീദി ഇവരെല്ലാം വംഗദേശത്ത് ഓരോ കുടുംബ ങ്ങളിലും ഉണ്ട്. രാമായണം, മഹാഭാരതം എന്നിവയിലെ കഥാ പാത്രങ്ങളോടൊപ്പം ഇവരും സ്ഥാനം പിടിക്കുന്നു. ലേഖകൻെറ ജീവിതത്തോടുള്ള പ്രേമമാണ് അതിന്നൊരേ ഒരു കാരണം. വലിയ നോവലിനുവേണ്ട വിസ്തൃതിയോ പശ്ചാത്തലമോ ശരച്ചന്ദ്രൻ ഒരി ക്കലും ഒരുക്കിയിട്ടില്ല. ഈ ഒരു ദൗർബല്യം അദ്ദേഹത്തിൻെറ എല്ലാ നോവലുകളുടെ പരികൽപ്പനയിലും തെളിഞ്ഞുകാണാം. രമേശ്, ശ്രീകാന്ത്, ജീവനാനന്ദ് - എല്ലാ നായകൻമാരും നോവലിൻെറ പുറത്തുനിന്ന് പ്രക്ഷിപ്തരായവരാണ്. അതിനാൽ അവരുടെ സൃഷ്ടിയിലും വിവരങ്ങളിലും എന്തെങ്കിലും നിയമം പാലിക്കേണ്ട തായി വന്നിട്ടില്ല. എന്നാൽ ചെറിയ ചെറിയ പശ്ചാത്തലത്തിൽ, ഓരോ വ്യക്തിയുടെ സ്വഭാവത്തിലും അസാമാന്യത വരുത്തുന്ന തിൽ ശരച്ചന്ദ്രൻെറ കരവിരുത് അനിതരസാധാരണമാണ്. അദ്ദേഹം നമ്മളോടൊപ്പം ചിരകാലം ഉണ്ടായിരിക്കും. എന്തുകൊണ്ടെന്നാൽ ആ ചെറുസൃഷ്ടികൾ - അദ്ദേഹത്തിൻെറ ഓരോ കഥാപാത്രങ്ങൾ- മനുഷ്യന് മനുഷ്യനോടുള്ള സ്നേഹം പ്രകടമാക്കുവാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. ഈ വസ്തുതക്കുമുമ്പിൽ എല്ലാ അപ്രിയ, അഹിതനിരൂപണങ്ങളും, അവ എത്രതന്നെ സത്യദർപ്പിതമായിരു ന്നാലും ശരി (കുറച്ചെല്ലാം ശോചനീയവും), എരിഞ്ഞുപോകാതി രിക്കില്ല.

'അരക്ഷണീയ' ശരച്ചന്ദ്രൻെറ സാഹിത്യജീവിതത്തിൻെറ ആദ്യപർവ്വത്തിലെ സൃഷ്ടിയാണ്. ശേഷ് ഗൽപ് (1931), വിപ്ര

ദാസ് (1935) എന്നിവയെപ്പോലെ ഉച്ചാഭിലാഷിയല്ല. അതുകൊണ്ടു തന്നെ അത് ലക്ഷ്യഭ്രഷ്ടമായ ഒരു സൃഷ്ടി ആയിട്ടില്ല. ഏത് കാരണംകൊണ്ട് ഭാരതത്തിലെ ലക്ഷോപലക്ഷം വായനക്കാരുടെ സ്നേഹത്തിനും ബഹുമാനത്തിനും അദ്ദേഹം പാത്രമായോ, അതേ കാരണം ഇവിടെയും സമ്പൂർണ്ണമായി കാണാവുന്നതാണ്- മാന വിക മമത. ഇതിലെ നായിക ഒരുവിധത്തിൽ അദ്ദേഹത്തിൻെറ മറ്റു നായികമാരിൽനിന്ന് എല്ലാംകൊണ്ടും വ്യത്യസ്ഥയാണ്. എന്നിട്ടും ലേഖകൻെറ കഴിവുകൊണ്ട്, ഭാരതത്തിലെ അസംഖ്യം പിതൃഹൃ ദയത്തിൻെറ ഉദ്വിഗ്നതയുടെ നിഴൽ നമ്മൾ ഇതിൽ കാണുന്നു. ഇന്നും ഭാരതത്തിലെ നിമ്നമദ്ധ്യവിത്ത വർഗ്ഗത്തിൽപ്പെട്ട കുടും ബങ്ങളിൽ, രൂപസൗന്ദര്യമില്ലാത്ത പെൺകുട്ടി, ഒരു പ്രശ്നമാണെ ന്നിരിക്കെ, ഈ പുസ്തകം നമ്മളുടെ ഭാവനയെയും വിവേച നാശക്തിയെയും എന്തെന്നില്ലാതെ പിടിച്ച് കുലുക്കുന്നു. 'അര ക്ഷണീയ' വിവിധഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിൻെറ മുഖ്യ ഉദ്ദേശ്യവും ഇവിടെയാണ്. അരക്ഷണീയ പ്രസിദ്ധീക രിച്ചിട്ട് ആറു ദശകങ്ങൾ കഴിഞ്ഞുപോയിരിക്കുന്നു. ഇന്നത്തെ ഭാരതത്തിൽ ജ്ഞാനദമാർ അത്തരം പരിതഃസ്ഥിതിയിൽപ്പെട്ടാൽ, ഗ്ലാമർ സുന്ദരിമാരുടെ പിന്നാലെ ഓടുന്ന അതുലിന് നീണ്ട എഴു ത്തുകളയച്ചേക്കാം. അന്ന് എന്തുകൊണ്ടയച്ചില്ല എന്ന പ്രശ്നം നിരർത്ഥകമാണ്. ഈ കൃതി ശ്രദ്ധിച്ചു വായിക്കുന്നവർക്ക് ഒരു കാര്യം വ്യക്തമാകും- ജ്ഞാനദയുടെ ചിത്തവൃത്തിയുടെ വൈശിഷ്ട്യം. ആദ്യമായി കൊണ്ടുവരുന്നതും ഇതുതന്നെയാണ്

അദ്ദേഹം അങ്ങിനെ ആഗ്രഹിച്ചിരുന്നില്ലെങ്കിലും. വ്യക്തിത്വമു ണ്ടെങ്കിൽ ആത്മഹത്യയും ചെയ്യാം. എന്നാൽ ജ്ഞാനദക്ക് അതും ഉണ്ടായിരുന്നില്ലല്ലോ. കുഗ്രാമത്തിലെ അതിദരിദ്രവിധവയായ അമ്മ യുടെ സൗന്ദര്യമില്ലാത്ത മകളുടെ ഭാവിയ്ക്കനുരൂപമായ വിധം തന്നെ അവൾ കഴിഞ്ഞുപോരുകയായിരുന്നു. നോവലിൻെറ അവ സാനഭംഗം വളരെ ക്രൂരമായാണ് ആദ്യം എഴുതിയിരുന്നതെന്നു കേൾക്കുന്നു. ശരച്ചന്ദ്രൻ ഭാവനയിൽ ആദ്യംകണ്ട സമാപ്തിയെ പ്പറ്റി ആലോചിക്കുമ്പോൾ അക്കാലത്ത് സംഭവിച്ച മനം നോവി പ്പിക്കുന്ന ഒരു സംഭവം ഓർത്തുപോവുകയാണ്. വർത്തമാനപ്പത്ര ത്തിൽ വളരെയധികം കോളിളക്കം സൃഷ്ടിച്ചതാണ് ആ സംഭവം. അതുകൊണ്ട്, ഒരുദ്ദേശംവെച്ചുകൊണ്ടുതന്നെയാണ് അദ്ദേഹം ഈ നോവൽ എഴുതിയത്. ലക്ഷ്യം ജ്ഞാനദയായിരുന്നില്ല. ഹൃദയ ഹീനമായ അന്നത്തെ ഗ്രാമീണ സമൂഹമായിരുന്നു. ചത്തു ചീഞ്ഞ വിധിയെ മാറ്റാനാകും. എങ്കിലും വിധിപാലന സാധർമ്യം മാറ്റാനാ വില്ല. അത്തരം അനുഭവങ്ങളുടെ, തഥാകഥനനിരതമായ സാമൂ ഹ്യശൃംഖലകളെ കുറിച്ച് പാടി നടക്കാൻ കഴിയും; പക്ഷെ തൻെറ സമൂഹത്തിൻെറ ഇളക്കം പിടിച്ച സ്ഥിതി കണ്ടറിയുക എളുപ്പ മല്ല. നായികയായ ജ്ഞാനദയെ അല്ല അവളുടെ ഗ്രാമീണസമൂ ഹത്തിനു നേരെ ആക്രമണം നടത്തുകയായിരുന്നു ലേഖകൻെറ

ലക്ഷ്യം. അതിനാൽ അദ്ദേഹം നായികയെ വ്യക്തിത്വശാലിനിയാക്കി ഉയർത്തുന്നതിലേറെ, അതിനേക്കാൾ ഗുരുത്വപൂർണ്ണമായ ഒരു വാസ്തവം കാണിച്ചു തരുകയായിരുന്നു. സമൂഹം, അവിടെ അമ്മയെപ്പോലും സ്വന്തം മകൾക്കെതിരായി നിർത്തുന്നു. നോവലിന്റെ സമാപ്തിയെക്കുറിച്ച് അദ്ദേഹത്തിന് ആദ്യം ഉണ്ടായിരുന്ന ആശയത്തേക്കാൾ പിന്നീടു സ്വീകരിച്ച ഇപ്പോഴത്തെ പരിസമാപ്തി കൂടുതൽ അർത്ഥവത്തായിരിക്കുന്നു. ജ്ഞാനദയെ നിരവധി അപമാനങ്ങളിൽകൂടി, ശ്മശാനത്തിൽ തന്റെ അമ്മയുടെ ചിതക്കു മുമ്പിൽകൊണ്ടുവന്ന് അപമാനത്തിന്റെ ഉച്ചകോടിയിലേക്കെത്തിച്ചു. അതുലുമായുള്ള വീണ്ടും കണ്ടുമുട്ടൽ - ആ ഒന്നിക്കലിൽ പ്രേമത്തിന്റെ ഊഷ്മളതയില്ല. നായകന്റെ അനുകമ്പയാണധികം. അതാണ് ജ്ഞാനദയുടെ സ്ഥിതി കൂടുതൽ ദുസ്സഹമാക്കിത്തീർക്കുന്നത്. സഹാനുഭൂതിയുടെ മുഖംമൂടിയിട്ടുള്ള വരവ് ഒരുതരം അപമാനിക്കൽതന്നെയാണ്. ബഹുമാനപ്പെട്ട നിരൂപകൻ, ഡോ. ശ്രീകുമാർ ബന്ദ്യോപാധ്യായ പറയുന്നു: ഇതാണ് ജ്ഞാനദയുടെ നാരീത്വത്തിന്റെ അപമാനത്തെ ചരമവക്തവ്യത്തിലേക്കെത്തിക്കുന്നത്. തന്നെ ലോഭനീയയാക്കാൻ വേണ്ടി സ്വയം ഒരുങ്ങി, തന്റെ അമ്മയുടെ മൃതദേഹത്തിന്റെ മൂല്യത്തിന് പകരമായി അതുലിന്റെ ലുപ്തവിവേകം പുനരുദ്ധരിപ്പിച്ചു. ഈ രണ്ടു കാര്യങ്ങളിലും ഗത്യന്തരമില്ലാത്ത നിരുപായതയാണ് ലേഖകൻ പ്രകടമാക്കിയിരിക്കുന്നത്. ഇന്നത്തെ വായനക്കാർക്ക് ശരച്ചന്ദ്രന്റെ പോയിന്റ് പ്രതിവാദമുളവാക്കാവുന്നതാകാം. സ്ത്രീകൾക്ക് ആണ് കഴിവ് അധികം എന്നതിനുദാഹരണമായി ഈ നോവലിൽതന്നെ ജ്ഞാനദയുടെ അമ്മായി ഭാമിനിയുണ്ടല്ലോ.. എല്ലാവരും 'കരിങ്കൊള്ളി' എന്ന് വിളിക്കുന്ന, ഗ്രാമത്തിലെ രൂക്ഷഭാഷിണിയായ ഈ സ്ത്രീ ഗ്രാമാഞ്ചലത്തിൽ മാനവിക വിവേകത്തിന്റെ തീപ്പന്തം കത്തിച്ചുയർത്തിപ്പിടിച്ച് ജ്ഞാനദയെ ഒരു വലിയ വിഷമഘട്ടത്തിൽനിന്ന് രക്ഷപ്പെടുത്തി. ഇക്കാലത്തും ഈ പുസ്തകത്തിലെ എല്ലാവിധ ഗുണദോഷങ്ങളും- മമത, ഹൃദയഹീനത, വിശ്വാസവഞ്ചന- ഏതാണ്ടൊക്കെ വാസ്തവമാണ്. അതിനാൽ ഈ പുസ്തകത്തോടൊപ്പം ഇക്കാലത്തെ ഭാരതീയ നാരിയെ പരിചയപ്പെടുന്നത് അതീവപ്രയോജനപ്രദമാണ്.

അരക്ഷണീയ

ഒന്ന്

"ചെറിയമ്മേ, അമ്മ ഇതാ പ്രസാദം തന്നയച്ചിരിക്കുന്നു. എടുത്തു വെക്കൂ."

"ആരാടാ അത്? അതുലാണോ? വാ, മോനേ വാ" ദുർഗ്ഗാമണി അടുക്കളയിൽ നിന്ന് പുറത്തേക്കുവന്നു. അതുൽ വേഗം അവരെ പ്രണമിച്ചു.

"ആരോഗ്യവാനായിരിക്കട്ടെ! നീ ദീർഘായുസ്സായിരിക്കട്ടെ! എടീ, ജ്ഞാനദേ, ഇരിക്കാൻ എന്തെങ്കിലും കൊണ്ടുവാ. എന്നിട്ട് ഈ പ്രസാദം അകത്തേക്ക് എടുത്തുവെക്ക്, മോളേ. ഇന്നലെ രാത്രി ഒമ്പതര പത്തു മണിക്ക് വഴിയിൽ ഒരുവണ്ടിവന്നത് കേട്ടപ്പോൾ വിചാരിച്ചു ആരാണാവോ വന്നതെന്ന്. ചേച്ചിയാണ് വന്നതെന്നറിഞ്ഞിരുന്നെങ്കിൽ അപ്പഴേ ഓടിച്ചെന്ന്വന്ദിച്ചേനേ. ഇങ്ങിനെ ഒരു സ്ത്രീയെ ലോകത്തിൽ കാണുമോ? ചേച്ചിക്ക് സുഖം തന്നെയല്ലേ, മോനേ? ഇപ്പോൾ പുരിയിൽ നിന്നാവും വന്നത്, അല്ലേ? നീ എന്താടീ അവിടെ എടുക്കുന്നത്? നിന്റെ അതുൽ ചേട്ടൻ എത്രനേരമായി ഇവിടെ നില്ക്കുന്നു!"

അമ്മയുടെ വിളികേട്ട്, പന്ത്രണ്ടു-പതിമൂന്നു വയസ്സുള്ള ഇരുനിറക്കാരി പെൺകുട്ടി ഇരിക്കാനുള്ള ചെറിയ പായയുമായി പുറത്തേക്കു വന്നു. ആവുന്നിടത്തോളം മുന്നോട്ടുവന്ന് പായ ഇട്ടു കൊടുത്തു. അതുലിന്റെ കാലിന്നടുത്തായി കുനിഞ്ഞ് നമസ്കരിച്ചു, ഒന്നും പറഞ്ഞില്ല, മുഖത്തേക്കു നോക്കിയതുമില്ല. പ്രണമിച്ചെണീറ്റതും പ്രസാദത്തിന്റെ പാത്രമെടുത്ത് അവൾ അകത്തേക്കു പോയി. പക്ഷേ ഒന്ന് നല്ലപോലെ സൂക്ഷിച്ചു നോക്കിയാൽ ആ പെൺകുട്ടിയുടെ മുഖത്തും കണ്ണുകളിലും സ്ഫുരിച്ചിരുന്ന അമർത്തിയ പുഞ്ചിരി കാണാൻ കഴിയും.

പുഞ്ചിരി പെൺകുട്ടിയുടെ മുഖത്തു മാത്രമല്ല, ഈ വശത്ത് സുമുഖനായ ഈ തരുണന്റെ മുഖത്തും ഒരു നിമിഷനേരത്തേക്ക് പെട്ടെന്നൊരു പ്രകാശംപോലെ മിന്നിമറഞ്ഞു.

അതുൽ പായയിലിരുന്ന് തീർത്ഥയാത്രക്കു പോയതിന്റെ

വിവരങ്ങൾ വിസ്തരിക്കാൻ തുടങ്ങി, അതുലിൻെറ അച്ഛൻ സബ്ജഡ്ജി ആയിരുന്നു. ധാരാളം സമ്പാദിച്ചു. സ്വന്തം വീടും നിലവും എല്ലാം ആയശേഷം പെൻഷനായി വീട്ടിലിരിപ്പായിരുന്നു. നാലുവർഷം മുമ്പ് ഇഹലോകവാസം വെടിഞ്ഞു. അതുൽ ബി. എ. പരീക്ഷ കഴിഞ്ഞ് രണ്ടു മാസം മുൻപ് അമ്മയെയും കൂട്ടി തീർത്ഥയാത്രക്കു പോയിരുന്നു. രാമേശ്വരത്തു നിന്ന് പുരിയിലെത്തി. അവിടെനിന്ന് ഇന്നലെയാണ് വീട്ടിൽ തിരിച്ചെത്തിയത്.

ഈ വിവരമെല്ലാം കേട്ട് ദുർഗ്ഗാമണി ഒരു ദീർഘശ്വാസം വിട്ടശേഷം പറഞ്ഞു. "ഇങ്ങിനെ ഒരു മഹാപാപിയുണ്ടല്ലോ. ഒന്നും ആയില്ലെങ്കിലും ഒരിക്കൽ കാശിയിലൊന്നു പോയി ആ പാദമൊന്നു ദർശിക്കാൻ കഴിഞ്ഞെങ്കിൽ! എവിടെ! ഈ ജന്മത്തിൽ ഇനി ഒരു മോഹവും നടക്കുമെന്ന് തോന്നുന്നില്ല."

അതുൽ പറഞ്ഞു: "കാശിക്കായാലും മറ്റെവിടെക്കായാലും ഒരിക്കൽ രണ്ടും കൽപിച്ചങ്ങ് ഇറങ്ങിയാലല്ലാതെ ഒന്നും നടക്കുകയില്ല, ചെറിയമ്മേ."

ദുർഗ്ഗാമണി ഒരു ദീർഘശ്വാസവും കൂടിവിട്ട് പറഞ്ഞു: "നിനക്കറിയാലോ, മോനേ, എല്ലാം. എന്തു കണ്ടിട്ടാണ് പുറപ്പെടേണ്ടത്? മുപ്പതുരൂപ മാസം കിട്ടുന്നതുകൊണ്ട് മാനം മര്യാദയായി കുടുംബജീവിതം കഴിയണം. പിന്നെ അതിലെന്തു ബാക്കിയുണ്ട്? പോരെങ്കിൽ ഒരു പെൺകുട്ടി പതിമൂന്നിലേക്കു കാലൂന്നി നില്ക്കുന്നു. നിന്നോട് ഞാൻ ഒന്നു പറയട്ടേ, അതുൽ! അവളുടെ മുഖത്തേക്കു നോക്കിയാൽ മതി. എൻെറ ഈ നെഞ്ചിനകത്തെ രക്തമെല്ലാം കട്ടയാവാൻ. കഷ്ടം! ഇത്ര വലിയൊരു ശത്രുവിനെയാണല്ലോ ഒരമ്മക്ക് വയറ്റിൽ ചുമക്കേണ്ടതായും വളർത്തിയെടുക്കേണ്ടതായും വരുന്നത്!" ഇത്രയും പറഞ്ഞതോടെ ദുർഗ്ഗാമണിയുടെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളായി.

ചെറിയമ്മയുടെ ആവലാതികൾ കേട്ടിട്ട് അതുൽ പെട്ടെന്നൊന്ന് ചിരിക്കയാണ് ചെയ്തത്. "ആശ്ചര്യകരംതന്നെ!" അയാൾ പറഞ്ഞു: "ഈ ചെറിയമ്മ എല്ലാം വലുതാക്കി പറയുകയാണ്. എന്താ, വേറെ ആർക്കും പെൺകുട്ടികളില്ലേ? ചെറിയമ്മയ്ക്കു മാത്രമേയുള്ളൂ? കേൾക്കട്ടേ! അതും ഒന്ന്. അതിനാണ് എങ്ങുമില്ലാത്ത പരാതി മുഴുവനും.".

"ഇതെൻെറ ആവലാതിയല്ല, അതുൽ. ഇതെൻെറ മരണവേദനയാണ്. എനിക്കറിയില്ല്യേ, നമ്മുടെ സമൂഹത്തിൻെറ കാര്യമൊക്കെ? പെൺകുട്ടിയുടെ കല്യാണം സമയത്തിന് കഴിഞ്ഞില്ലെങ്കിൽ ജാതിയിൽ നിന്ന് പുറത്ത്. പക്ഷെ കല്യാണം കഴിച്ചുകൊടുക്കുന്നതെങ്ങിനെ? പണം വേണം. എവിടെനിന്നു കിട്ടും? ഈ പാർക്കുന്ന വീടിൻെറ ഒരു ഭാഗമല്ലാതെ സ്വന്തമെന്നു പറയാൻ മറ്റൊന്നുമില്ല."

അരമണിക്കൂർ മുമ്പ് ഈ മകളുടെ കാര്യം പറഞ്ഞ് ഭാര്യയും ഭർത്താവും വഴക്കിട്ടതാണ്. പകുതിമാത്രം ഭക്ഷിച്ച് ബാക്കി ചോറ് കിണ്ണത്തിലിട്ട് കൈകുടഞ്ഞെണീറ്റ് ഭർത്താവ് നേരേ ആപ്പീസിലേക്കു പോയി. ആ വിഷമം ദുർഗ്ഗാമണി യുടെ മനസ്സിനെ അലട്ടുവാൻ തുടങ്ങിയതിനാൽ അവരുടെ കണ്ണുകളിൽനിന്ന് അശ്രുകണങ്ങൾ കവിളുകളിൽക്കൂടി ഒഴുകി അവരുടെതന്നെ മടിയിൽവീണു.

കൈകൾകൊണ്ട് കവിൾ തുടച്ചശേഷം പറഞ്ഞു: "കഴിഞ്ഞ ജന്മത്തിൽ സ്ത്രീഹത്യ, ബ്രഹ്മഹത്യ ഇതെല്ലാം ചെയ്തു കാണും. അതാണ് ഈ ജന്മത്തിൽ വയറ്റിൽ പെൺകുട്ടി വന്നുപിറക്കുന്നത്, അതുൽ!"

"വയ്യ, ചെറിയമ്മേ. ഇനി എണീക്കട്ടേ. അല്ലെങ്കിൽ ചെറി യമ്മ നിർത്തുകയില്ല."

ദുർഗ്ഗാമണി വീണ്ടും കണ്ണു തുടച്ചുകൊണ്ട് പറഞ്ഞു: "ഇല്ല, മോനേ. നീ ഇരിക്ക്. രണ്ടുമിനിട്ട് നിൻെറ അടുത്തിരുന്ന് എണ്ണി പ്പെറുക്കിയാൽ ഈ മനസ്സിൻെറ ഭാരമൊന്നു കുറയും. അതാണ് ഈ പറയുന്നത്. ഈ ഭാഗ്യംകെട്ടവളെ എൻെറ മടിയിലേ ക്കുതന്നെ പറഞ്ഞയക്കണം എന്നുണ്ടായിരുന്നെങ്കിൽ അവൾക്ക് കുറച്ചു നിറവുംകൂടി എന്തേ കൊടുത്തുവിടാത്തത്? ഈശ്വരാ! കറുത്തതാണെന്നും പറഞ്ഞ് ആരും നോക്കുന്നതുപോലു മില്ല. എല്ലാവർക്കും സുന്ദരികളെ മാത്രമേ വേണ്ടൂ. ഈ നശിച്ച സമൂഹത്തിന് കുലമോ, സ്വഭാവഗുണമോ ഒന്നും നോക്കേണ്ട. പെണ്ണ് കറുത്തതാണെന്നതുകൊണ്ടു മാത്രം അവളെ സ്വീക രിക്കാൻ ആരും തയ്യാറാകുകയില്ലെങ്കിൽ. എന്നിട്ടാ കുട്ടിയുടെ കല്യാണം കഴിഞ്ഞില്ലെങ്കിൽ, പിന്നെ അതേ സമൂഹംതന്നെ അവളുടെ അച്ഛനമ്മമാരെ ശിക്ഷിക്കുന്നതെന്തിനാണ്?"

അതുൽ ചോദിച്ചു: "എന്താ, കറുത്ത പെൺകുട്ടികളുടെ വിവാഹം കഴിയാറില്ലേ? വണ്ട് കറുത്തതാണ്, കുയിലും കറു ത്തിട്ടാണ്. എന്നിട്ടെന്താ അവയെ ആരും ഇഷ്ടപ്പെടാറില്ലേ? ഇതൊക്കെ ചിരകാല ദൃഷ്ടാന്തങ്ങളല്ലേ ചെറിയമ്മേ?"

ദുർഗ്ഗാമണി: "ദൃഷ്ടാന്തങ്ങൾ മാത്രമേ നിലനിൽക്കുന്നുള്ളൂ മോനേ. മറ്റൊന്നുമില്ല. അതുകൊണ്ടൊന്നും സമാധാനം കിട്ടു ന്നില്ല. മനോബലവും കിട്ടുന്നില്ല. ഗിരിശ് ഭട്ടാചാര്യടെ മകളുടെ കല്യാണം കൺമുമ്പിൽ കണ്ടപ്പോൾ ആകെ നടു ങ്ങിപ്പോയി. അവരുടെ സ്ഥിതിയും എൻെറതുപോലെതന്നെ. പണത്തിൻെറ ബലമില്ല. കുട്ടിക്ക് സൗന്ദര്യവുമില്ല. അതല്ലേ വരൻെറ വയസ്സ് അറുപതിൻെറ അടുത്തായത്. ആ കുട്ടിയുടെ അമ്മയുടെ കരച്ചിൽ ഇന്നും എനിക്ക് കേൾക്കാം."

"അറുപതിൻെറ അടുത്തോ? എന്താണീ പറയുന്നത്?", അതുൽ വിസ്മയത്തോടെ ചോദിച്ചു.

"അതാവില്ലേ മോനേ? നീ കണക്കാക്കിനോക്ക്. വരൻ

ഹരി ചക്കോത്തി (ചക്രവർത്തി) യുടെ ഒരു മകളുടെ ഭർത്താവാണ് നമ്മുടെ അടുത്തുള്ള നിതായി ചാട്ടുജ്യെ (ചാറ്റർജി). അവരുടെ മകൾക്കുതന്നെ എട്ടുപത്തു വയസ്സുണ്ട്. അപ്പോഴോ?"

ഇതുകേട്ട് അതുൽ സ്തബ്ധനായി നോക്കി ഇരുന്നു. ദുർഗ്ഗാമണി തുടർന്നു പറഞ്ഞു: "ആ പെൺകുട്ടി മനസ്സിലെ വെറുപ്പുകാരണം വിഷം കഴിക്കുകയോ, കെട്ടിത്തൂങ്ങുകയോ, അതുമല്ല, കുലത്തിന് കളങ്കം വരുത്തി വീടുവിട്ട് ഇറങ്ങി പോകുകയോ ചെയ്താൽ അമ്മയ്ക്ക് ആ മകളെ എങ്ങിനെ ശപിക്കാനാകും എന്നൊന്നു പറയ്, മോനേ!"

അതുൽ ഒന്നും പറഞ്ഞില്ല. ദുർഗ്ഗാമണി പെട്ടെന്ന് അവൻെറ കൈപ്പിടിച്ച് അമർത്തി പറഞ്ഞു: "മോനേ അതുൽ, നിങ്ങളെപ്പോലെയുള്ള ആൺകുട്ടികൾക്ക് ദയയും ധർമ്മവിചാരങ്ങളും ഉണ്ടെന്നു കേൾക്കുന്നുണ്ടല്ലോ. ഒന്നു ശ്രമിച്ചു നോക്കെടാ, മോനേ. നിൻെറ സ്ക്കൂളിലെയോ, കോളേജിലെയോ ഏതെങ്കിലുമൊരു കൂട്ടുകാരനോട് ദയവു വിചാരിച്ചിട്ടെങ്കിലും ഈ പെൺകുട്ടിക്ക് അവൻെറ കാലിന്നടുത്ത് ആശ്രയം നൽകാൻ പറയ്. അങ്ങിനെ ചെയ്തെന്നിരിക്കട്ടേ, അവരുടെ അടുത്ത് ഞാൻ മരണംവരെ കടപ്പെട്ടവളായി കഴിഞ്ഞോളാം."

അതുൽ വേഗം കൈവിടുവിച്ചു. ചെറിയമ്മയുടെ കാലു തൊട്ട് തലയിൽവെച്ച് അത്യന്തം ആർദ്രഭാവത്തിൽ പറഞ്ഞു: "എന്തിനാണ് ഇത്ര ധൃതിപിടിക്കുന്നത്, ചെറിയമ്മേ? ഞാൻ വാക്കു......."

പക്ഷേ വാക്കു കൊടുക്കാൻ അവന് കഴിഞ്ഞില്ല. പെട്ടെന്ന് നാണം കാരണം ശബ്ദം പുറത്തു വരാതായി. ദുർഗ്ഗാമണി അതൊന്നും ശ്രദ്ധിച്ചില്ല. എന്നാൽ മറ്റാരെങ്കിലും അവിടെ ഉണ്ടായിരുന്നെങ്കിലോ? തൽക്കാലത്തെ മാനസികവികാരംകൊണ്ട് അതുലെന്താണ് പറയാൻ പോയിരുന്നതെന്നും, മുഴുമിക്കാൻ കഴിയാതെ നിലച്ചുപോയതെന്നും സംശയിക്കുമായിരുന്നു.

സ്വയം നിയന്ത്രിച്ച് അതുൽ എണീറ്റു. സാധാരണമട്ടിൽ പറഞ്ഞു: "ശരി വേണ്ടപോലെ ശ്രമിക്കാം. ജ്ഞാനദേ, എന്താടീ, ഒന്നു മുറുക്കാൻപോലും നീ തന്നില്ലല്ലോ. ഇനി വീട്ടിലേയ്ക്കു പോകട്ടെ?"

ദുർഗ്ഗാമണി ദേഷ്യത്തോടെ ഉറക്കെ പറഞ്ഞു: "നിൻെറ അതുൽചേട്ടന് മുറുക്കാൻപോലും കൊടുത്തില്ല്യേ, ജ്ഞാനീ? ഈ കരിമോറിക്ക് സൗന്ദര്യവുമില്ല, സൽഗുണവുമില്ല. കഷ്ടം! ഇതൊക്കെ ആരെങ്കിലും പഠിപ്പിക്കണോ? പ്രസാദവുംകൊണ്ട് അവൾ അകത്തേയ്ക്ക് ഒരു പോക്ക് പോയതാണ്. പിന്നെ പുറത്തേയ്ക്ക് വന്നിട്ടില്ല. മുറുക്കാനൊന്നു വേഗം കൊണ്ടുവാടീ!"

"ശരി ഞാൻതന്നെ അകത്തേയ്ക്ക്ചെന്ന് മേടിച്ചോളാം. നീ ഏതു മുറിയിലാണ് ജ്ഞാനദേ?", ഉറക്കെ വിളിച്ചുചോദിച്ചു

കൊണ്ട് അതുൽ കിടപ്പുമുറിയിലേയ്ക്ക് കടന്നുചെന്നു.

മുറുക്കാനുണ്ടാക്കാൻവേണ്ട സാമഗ്രികളെല്ലാം മുന്നിൽവെച്ചു ജ്ഞാനദ അനങ്ങാതെ ഇരിക്കുകയായിരുന്നു. അതുൽ മുറിയിലേക്കു കടന്നതും കുറച്ചൊരു ഗൗരവം നടിച്ച് പറഞ്ഞു: "ഈ ജ്ഞാനദക്ക് സൗന്ദര്യവുമില്ല, ഗുണങ്ങളുമില്ല. അവളെ ഒരു അറുപതുകാരന് കല്യാണം കഴിപ്പിച്ചുകൊടുക്കണം എന്ന് ചെറിയമ്മ പറയുകയായിരുന്നു."

ജ്ഞാനദ മറുപടിയൊന്നും പറഞ്ഞില്ല. കീഴ്പോട്ട് നോക്കിയിരുന്നുകൊണ്ടുതന്നെ മുറുക്കാനുണ്ടാക്കിയത് രണ്ടെണ്ണം ചെല്ലത്തിൽ നിന്നെടുത്ത് ഉയർത്തിക്കാണിച്ചു.

അവളുടെ പിന്നിൽക്കൂടിചെന്ന് അതു മേടിച്ചശേഷം അതുൽ പറഞ്ഞു: "മുറുക്കാനുണ്ടാക്കിയത് നന്നായിട്ടുണ്ടെങ്കിൽ ഇത്തിരി മാപ്പു കൊടുക്കാം. അറുപത് എന്നത് ഇളവുവരുത്തി ഇരുപത്-ഇരുപത്തൊന്നിൻെറ അടുത്തുവരെ കൊണ്ടുവരാം."

ജ്ഞാനദ തല പിന്നേയും താഴ്ത്തി ചെല്ലത്തിന്മേൽ മുട്ടും എന്ന നിലയിലായി.

അതുൽ സ്വരം താഴ്ത്തിപ്പറഞ്ഞു: "ചെറിയമ്മയുടെ അടുത്ത് കുറച്ചുനേരംകൂടി ഇരുന്നെങ്കിൽ എല്ലാമങ്ങു തുറന്നു പറഞ്ഞേനെ! ശരി നേരം പോകുന്നു. ഇനി ഇറങ്ങട്ടെ?"

ജ്ഞാനദ അതിനും പ്രത്യുത്തരമൊന്നും പറഞ്ഞില്ല. ചുരുണ്ടുകൂടി തലയും താഴത്തി ഇരുന്നപടി ഇരുന്നു.

"ഒന്നും പറയാനൊത്തില്ല, ശരി", എന്നുപറഞ്ഞ് ജ്ഞാനദയുടെ നനഞ്ഞ തലമുടിയുടെ ഏതാനും ഇഴകൾ ഒന്നിച്ചുപിടിച്ചു വലിച്ചു. തുടർന്നു പറഞ്ഞു: "എന്നാലും നോക്കിക്കോ. ഹരി ചാക്കോത്തിയെപ്പോലെ ഒരു തന്ത വരുന്നുണ്ട്!"

അതുൽ ചിരിച്ചുകൊണ്ട് പുറത്തേക്കു കടന്നുപോയി. മുറ്റത്തേയ്ക്കു കാലുവെച്ചതും ഉറക്കെ വിളിച്ചു പറഞ്ഞു: "ചെറിയമ്മേ! ബോംബെയിൽനിന്ന് അമ്മ ഒരു ജോഡി വള ജ്ഞാനത്തിനായി വാങ്ങിച്ചിരുന്നു. ദേ, പുറത്തേക്കൊന്നു വന്ന് നോക്കൂ."

വളയുടെ നിറവും അതിന്മേലുള്ള പണികളും കണ്ട ദുർഗ്ഗാമണി അത്യന്തം പുളകിതചിത്തയായി, അവ നൽകിയ ആളെ പുകഴ്ത്തി. വെറും രണ്ടു കുപ്പിവള മാത്രം! എന്നാൽ ഇത്ര വിലയുളള വള ആ ഗ്രാമത്തിലെന്നല്ല, കല്കത്തയിൽ പോലും കാണുകയില്ല. വളയുടെ ഭംഗിയും നിറവും കണ്ട് ഇഷ്ടമായി. അതുൽതന്നെയാണ് തൻെറ പണംകൊണ്ട് അവ വാങ്ങിച്ചുകൊണ്ടു വന്നിരിക്കുന്നത്.

അമ്മയുടെ വിളികേട്ട് ജ്ഞാനദ പുറത്തേക്കു വന്നു. നിശ്ശബ്ദയായി തലതാഴ്ത്തിക്കൊണ്ടുതന്നെ കൈനീട്ടി. ആ സ്നേഹോപഹാരം സ്വീകരിക്കുമ്പോൾ അവളുടെ കൈകൾ വിറക്കുന്നുണ്ടായിരുന്നു. കൊടുത്ത ആളെ കാലുതൊട്ട് വന്ദിച്ച് അവൾ പതുക്കെ അകത്തേക്കുപോയി, ഒരു വാക്കുപോലും ഉച്ചരിച്ചില്ല.

പക്ഷെ അവളുടെ മനസ്സിൽ ഈ നേരത്തെന്താണെന്ന് ഈശ്വരനൊരാൾക്കറിയാം. അവിടെ നിന്നിരുന്ന രണ്ടുപേരും ആ പെൺകുട്ടിയുടെ മോശമില്ലാത്ത ശരീരഘടനയും ഗതിഭംഗിയും മുഗ്ധനയനങ്ങൾകൊണ്ട് കാണുന്നുണ്ടായിരുന്നു.

രണ്ട്

മൂത്ത ജ്യേഷ്ഠൻ ഗോലോകനാഥൻ മരിച്ചപ്പോൾ അദ്ദേഹത്തിന് മക്കളൊന്നും ഇല്ലാതിരുന്നതുകൊണ്ട് അദ്ദേഹത്തിൻെറ വിധവ സ്വർണ്ണമഞ്ജരി സ്വത്തുള്ളതെല്ലാം വിററുകിട്ടിയ കുറച്ചുപണം കൈവശം വച്ചു. എന്നിട്ട് ഇളയഅനുജൻ അനാഥനാഥൻെറ അടുത്തുവന്നു താമസമാക്കി. രണ്ടാമത്തെ സഹോദരനായ പ്രിയനാഥൻ ആസമയത്ത് അനാഥനാഥനുമായി വഴക്കിട്ട് അവർ ഒരുമിച്ചു താമസിച്ചിരുന്ന വീടുപോലും ഭാഗിച്ചു. മുററത്തിൻെറ നടുവിൽ അടച്ചുകെട്ടി. ഒരു പടി ഉണ്ടാകേണ്ടതാണെന്നുപോലും അദ്ദേഹത്തിന് തോന്നിയില്ല. ഇതുകണ്ട് ഭഗവാൻ പോലും അലക്ഷ്യമായി പുഞ്ചിരിച്ചിരിക്കണം. എന്തുകൊണ്ടെന്നാൽ, ഒരുവർഷം കഴിയുന്നതിനുമുൻപേ മുററത്തുകെട്ടിയ ഇടമതിലിൻെറ ഉദ്ദേശ്യം വൃഥാവിലാക്കിക്കൊണ്ട് വെറും ഏഴുദിവസത്തെ പനിക്കുശേഷം ചികിത്സയൊന്നും ലഭിക്കാതെ പ്രിയനാഥൻ ഈലോകവാസം വെടിഞ്ഞു.

മരിക്കുന്നതിൻെറ തലേദിവസം മരണം തീർച്ചയാണെന്ന് എല്ലാവരും അറിഞ്ഞപ്പോൾ ഗ്രാമത്തിലുള്ളവർ മിക്കവരും വീടിനുമുന്നിലും കതകിന്നരികിലുമായി തടിച്ചുകൂടി. അവർ നിരാശയും സങ്കടവും പ്രകടിപ്പിച്ചു കൊണ്ടിരുന്നു. ആ നേരത്തും പ്രിയനാഥന് ഓർമ്മ തീരെവിട്ടിരുന്നില്ല.

അതുൽ ഗ്രാമത്തിലില്ലായിരുന്നു. കൽക്കത്തയിലെ മെസ്സിൽ ഈവിവരം അറിയാനിടയായതും അവൻ ഓടിയെത്തി. തിരക്കിനിടയിൽ കൂടി ഒരുവിധം നീങ്ങി നീങ്ങി രോഗിയുടെ സമീപത്തെത്തുവാൻ ശ്രമിക്കുകയായിരുന്നു. അതിനിടക്ക് ജ്ഞാനദ എവിടെനിന്നോ ഭ്രാന്തിയെപ്പോലെ ഓടിവന്ന് അതുലിൻെറ കാൽക്കൽ വീണ് കാലിൻമേൽ തലയിട്ടടിക്കാൻ തുടങ്ങി. കാഴ്ചകാണാനെന്നോണം വന്നുകൂടിയവർക്ക് ഈ വിചാരിക്കാത്ത കാഴ്ച കണ്ടപ്പോൾ കൂടുതൽ അത്ഭുതമായി. അവർ മനസ്സിൽ പലതും വ്യാഖ്യാനിച്ചു. എന്നാൽ അതുലാകട്ടെ ഇത്രയും പേരുടെ മുൻപിൽ എന്തുചെയ്യണമെന്നറിയാതെ കുഴങ്ങി. ഏതാനും നിമിഷങ്ങൾക്കുശേഷം തൻെറ സമനില തിരിച്ചുകിട്ടിയപ്പോൾ ജ്ഞാനദയെ പിടിച്ചെഴു

ന്നേൽപ്പിക്കാൻ ഭാവിച്ചു. അവൾ കൂടുതൽ ശക്തിയോടെ മുഖം അതുലിൻെറ കാലിൻമേൽ അമർത്തിപിടിച്ച് കരഞ്ഞുകൊണ്ടു പറഞ്ഞു"മരിക്കാൻ നേരത്ത് അച്ഛന് ഇത്തിരി സമാധാനം നൽകണേ! എൻെറ വിധി എന്തുമാകട്ടെ. എന്നേയും എന്നെ ക്കുറിച്ചുളള ചിന്തയും അച്ഛൻ ഇവിടെ വിട്ടുപോവട്ടെ! ഞാൻ വേറെ ഒന്നും ആവശ്യപ്പെടുന്നില്ല."

പിന്നേയും അവൾ തല ഇട്ടടിച്ച് കരയാൻ തുടങ്ങി.

അവളുടെ അച്ഛൻ ഭാഗ്യഹീനൻ. അദ്ദേഹത്തിന് വേണ്ട തിലധികം ദുശ്ചിന്തകളും ദു:ഖവും ഉണ്ട്. മരിക്കുന്നത് വളരെ ചീത്ത സമയത്തും. ഇന്ന് അവൾക്ക് ഒന്നും ആലോചിക്കാനുളള നേരവും ബുദ്ധിയുമില്ല. ഇത്രയും പേരുടെ മുന്നിൽ താനെ ന്താണ് ചെയ്യുന്നത്, താനെന്താണ് പറയുന്നത് എന്നൊന്നും ഓർക്കാതെയാണ് അവൾ അതുലിൻെറ കാൽക്കൽ തല ഇട്ട ടിച്ച് കരയുന്നത്. പക്ഷേ അതുൽ സംയമിയാണ്. ജ്ഞാന ദയുടെ പ്രവൃത്തിയിൽ അത്യന്തം ക്ലേശം അവൻെറ മനസ്സി ലുണ്ടായിരുന്നിട്ടും ചുററും നിൽക്കുന്ന ജനങ്ങളുടെ മുന്നിൽ അവൻ കുറച്ച് കഠിനഹൃദയനായിത്തന്നെ പെരുമാറി. കാല് വലിച്ചുമാററി തിരസ്ക്കരിക്കുന്നവിധത്തിൽ പറഞ്ഞു: "ഛീ! നീ കരയാതിരിക്ക്. സമാധാനിക്ക്. എനിക്ക് പറയാനുളളത് ഞാൻ തീർച്ചയായും പറഞ്ഞോളാം."

അതുൽ പ്രിയനാഥൻെറ മരണശയ്യക്കരികിലേക്ക്ചെന്നു. ദുർ ഗ്ഗാമണി ഭർത്താവിൻെറ അരികിൽതന്നെ ഇരിക്കുന്നുണ്ടായി രുന്നു. അതുലിൻെറ മുഖത്തു നോക്കിയതും നിർത്താതെ അടക്കി കരയാൻ തുടങ്ങി.

അയൽപക്കത്തെ നീലകണ്ഠ ചാട്ടുജ്യെ വാതിൽക്കൽ തന്നെ നിന്നിരുന്നു. എന്തെങ്കിലും പറയാനുളള അതുലിൻെറ താമസം കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "പ്രിയനാഥന് നേരിയ ബോധം ഇപ്പോഴും ഉണ്ട്. പറയുന്നത് കുറച്ച് ഉറക്കെ പറയ്, മോനേ. അപ്പോൾ മനസ്സിലാകും." എന്തിനുപറയുന്നു! ഇപ്പറഞ്ഞതിനെ മററുപലരും പിന്താങ്ങി. ആളുകൾ കൂട്ടം കൂടിനിൽക്കുന്നതു കണ്ട് അതുൽ ആദ്യമേ ക്രുദ്ധനായിരുന്നു. അതിൻെറ കൂടെ അവരുടെവക അനാവശ്യമായ കൗതൂഹലം അവൻെറ മനസ്സിൽ കൂടുതൽ കോപം ഉണർത്തിവിട്ടു.

അതുൽ എല്ലാവരോടുമായി പറഞ്ഞു: "എല്ലാവരും കൂടി ഇവിടെ ഇങ്ങനെ തിക്കികൂടിയിട്ട് ഒരുപ്രയോജനവും ഇല്ല. ഒന്നു പുറത്തേക്കുപോകുമെങ്കിൽ എനിക്ക് പറയാനുളളത് പറയാമായിരുന്നു."

നീലകണ്ഠൻ ചോദിച്ചു: "പ്രയോജനമില്ല എന്നു വെച്ചാൽ? അയൽപക്കത്ത് ആപത്തു വന്നാൽ അയൽപക്കക്കാരല്ലാതെ ആരാണ് വരുക? നീ ആ കിടക്കയിൽ ചെന്നിരുന്ന് എന്തു പകാരമാണ് ചെയ്യാൻ പോകുന്നത്, കുട്ടാ?"

അതുൽ എണീറ്റുനിന്ന് ദൃഢസ്വരത്തിൽ പറഞ്ഞു: "ഞാൻ ഉപകാരം ചെയ്താലും ഇല്ലെങ്കിലും നിങ്ങളെല്ലാവരും ഇങ്ങിനെ അടഞ്ഞുനിന്ന് കാറ്റുകടക്കാനനുവദിക്കാതെ അപകാരം ചെയ്യാൻ ഒരിക്കലും അനുവദിക്കില്ല. എല്ലാവരും ഒന്നു പുറത്തുപോവിൻ!"

അതുലിൻെറ മുഖഭാവം കണ്ട് നീലകണ്ഠൻ രണ്ടടിപി ന്നോക്കംവെച്ച് പറഞ്ഞു: "ഇന്നലെത്തെ ചെറുക്കൻ! ഇവൻ ഇത്രക്കായോ!"

മറ്റാരോ ഒരാൾ അദ്ദേഹത്തിൻെറ മറവിൽനിന്ന് പറഞ്ഞു: "എം.എ.യും ബി.എ.യും ഒക്കെ പാസ്സായതല്ലെ?"

പത്തുപന്ത്രണ്ടു വയസ്സായ ഒരുവൻ എത്തിനോക്കി. അതുൽ മറുപടിയൊന്നും പറയാൻ നിൽക്കാതെ എത്തിനോക്കിയവനെ തട്ടിമാറ്റി. അവൻ ചെന്ന് മറ്റൊരുവൻെറ മേൽ വീണു. "സബ്ജ ഡ്ജിയുടെ മകൻ!" എന്നും മറ്റും അവ്യക്തമായി പലതും പറഞ്ഞ് വീണ അവൻ പുറത്തേക്കുപോയി. നീലകണ്ഠനും മറ്റു പലരും അതുൽ പറയാൻ പോകുന്നതുകേൾക്കാൻ നിൽക്കാതെ അവനെ മനസ്സുകൊണ്ട് ശപിച്ച് അവിടെനിന്നിറങ്ങിപ്പോയി.

വെളിയിൽ തിരക്കൊഴിഞ്ഞപ്പോൾ മരണം കാത്തുകിടക്കുന്ന ആളുടെ മുഖത്തേക്ക് കുനിഞ്ഞുകൊണ്ട് അതുൽ ഉറക്കെ വിളിച്ചു: "ചെറിയച്ഛാ"

തുടുത്തകണ്ണുകൾകൊണ്ട് പ്രിയനാഥൻ ഒരു മൂഢനെപ്പോലെ അതുലിനെ നോക്കി. അതുൽ ഉറക്കെ ചോദിച്ചു: "എന്നെ മനസ്സിലായോ?"

പ്രിയനാഥൻ കണ്ണൊന്നു ചിമ്മി വളരെപതുക്കെ പറഞ്ഞു: "അതുൽ"

"ഇപ്പോൾ എങ്ങിനെയുണ്ട്?"

തല അനക്കിക്കൊണ്ട് പറഞ്ഞു: "ഗുണമില്ല".

അതുലിൻെറ ഇരുനയനങ്ങളും നിറഞ്ഞുവന്നു. വളരെ വിഷ മിച്ച് സ്വയം നിയന്ത്രിച്ചശേഷം ഇടറുന്ന തൊണ്ട ശരിയാക്കി പറഞ്ഞു: "ചെറിയച്ഛാ! ഒരു കാര്യം പറയാം. ചെറിയ ച്ഛൻ ചിന്തിച്ച് വിഷമിക്കേണ്ട. ഇന്നുതൊട്ട്ജ്ഞാനദയുടെ ഭാരം ഞാനേറ്റു."

പ്രിയനാഥന് കാര്യം മനസ്സിലായില്ല. അദ്ദേഹം ചുറ്റും കണ്ണോടിച്ചുകൊണ്ട് ചോദിച്ചു: " അവളെവിടെ?"

ഭർത്താവിൻെറ മുഖത്തിനടുത്തേയ്ക്ക് തൻെറ മുഖം അടുപ്പി ച്ച്പിടിച്ച് കരച്ചിൽ വികൃതമാക്കിയസ്വരത്തിൽ ദുർഗ്ഗ ചോദിച്ചു: "അവളെ ഒന്നുകാണണോ?"

പ്രിയനാഥൻ ആദ്യം ഒന്നും പറഞ്ഞില്ല. പിന്നെ പറഞ്ഞു: "വേണ്ട."

കരഞ്ഞുകൊണ്ടുതന്നെ ദുർഗ്ഗ ചോദിച്ചു: "അതുൽ എന്താണ് പറഞ്ഞതെന്ന് കേട്ടുവോ? അവൻ നമ്മുടെ ജ്ഞാനദയുടെ ഭാരം

ഏൽക്കുവാൻ വന്നിരിക്കയാണ്. ഒരിക്കലെങ്കിലും അടുത്തുവിളിച്ച് ആശീർവ്വദിക്കൂ."

പ്രിയനാഥൻ ഒന്നും പറയാതെ ദുർഗ്ഗയുടെ മുഖത്തേയ്ക്ക് നോക്കിക്കിടന്നു. ദുർഗ്ഗ ചോദ്യം ആവർത്തിച്ചു. അദ്ദേഹത്തിൻെറ കണ്ണുകളിൽ നിന്ന് രണ്ടുതുള്ളികണ്ണുനീർ ഇരുവശത്തെക്കുമായി ഒഴുകിവീണു. ബലഹീനമായ കൈ ഉയർത്തി അതുലിൻെറ നെറ്റി സ്പർശിച്ചു. ഉടനെ ഒരു വശത്തേക്കു ചരിഞ്ഞു കിടന്നു. അദ്ദേഹത്തിൽനിന്ന് ഒരു വാക്കും പിന്നെ പുറത്തുവന്നില്ല. എന്നാൽ മരണം ആസന്നമായ ഈ സമയത്ത് അദ്ദേഹത്തിൻെറ മനസ്സിൽ നിന്ന് താൻ വലിയൊരു ഭാരം ഇറക്കി വെച്ചിരിക്കുന്നു എന്നു മനസ്സിലായതോടെ ഒരു കൊച്ചു ബാലനെപ്പോലെ അതുൽ പൊട്ടിക്കരഞ്ഞു. അതിന്നു സാക്ഷി ദുർഗ്ഗാമണിയും ഈശ്വരനും മാത്രമായിരുന്നു.

അടുത്ത ദിവസം സായാഹ്നത്തിൽ നൂറിന് എൺപതു ബംഗാളികൾക്കും സംഭവിക്കുന്നത് പ്രിയനാഥനും സംഭവിച്ചു.

ആപ്പീസ്സിൽനിന്ന് കിട്ടുന്ന മുപ്പതു രൂപയുടെ ജോലിത്യജിച്ച്, ഇരുപത്താറു വയസ്സായ ഭാര്യയേയും പതിമൂന്നു വയസ്സായ അവിവാഹിതയായ മകളേയും അവരേക്കാൾ ഭാഗ്യഹീനനായ ഒരു ബന്ധുക്കാരൻെറ തലയിൽ എൽപിച്ചുകൊടുത്ത്, മുപ്പത്തിരണ്ടുവയസ്സേ പ്രായമായിട്ടുള്ളൂവെങ്കിലും ചികിത്സയില്ലാത്തതിനാൽ എൺപതു വയസ്സുതോന്നിക്കുന്ന എല്ലും കോലും മാത്രമായ ശരീരം തുളസിത്തറക്കരികിൽ എന്നെന്നേക്കുമായി വിട്ട്, "ഗംഗ-നാരായണ-ബ്രഹ്മ" എന്ന നാമജപങ്ങൾ കേട്ടു കേട്ട് ഹിന്ദുക്കളുടെ വിഷ്ണുലോകം പൂകി, പ്രിയനാഥൻ.

മൂന്ന്

അനുജൻ അനാഥനാഥന്ന് മുറ്റത്തു കെട്ടിയ ഇടമതിലിൽ ഒരു ചെറിയ കതക് ഉണ്ടാക്കേണ്ടിവന്നു. ജ്യേഷ്ഠൻെറ അടിയന്തരമെല്ലാം കഴിഞ്ഞ് പത്തുപതിനഞ്ചു ദിവസം കഴിഞ്ഞശേഷം ഒരു ദിവസം രാവിലെ അനാഥൻ ആപ്പീസ്സിലേക്കു പോകാനൊരുങ്ങിവന്നു. ഉമ്മറത്തുനിന്ന് മുറുക്കാൻ ചവയ്ക്കുന്നതിനിടക്ക് പറഞ്ഞു: "കാര്യം തുറന്നു പറയാതെ ഒക്കുകയില്ല. ചേട്ടൻ എന്നോട് എത്രചീത്തയായിട്ടാണ് പെരുമാറിയത് എന്നിരുന്നാലും ഒരു നേരം ചേട്ടത്തി അമ്മക്ക് ഭക്ഷണം തരുന്നതിന്ന് എനിക്ക് വിരോധമില്ല. പക്ഷേ ഇത്രവലിയൊരു പെണ്ണിൻെറ ഭാരം ഏറ്റെടുക്കാൻ എന്നെക്കൊണ്ടൊരിക്കലും ആവില്ല. പറയുവാൻ എനിക്ക് നൂറ്റമ്പതു രൂപ മാസശമ്പളം 'കിട്ടുന്നുണ്ട്.

എന്നാൽ ചിലവും കുറച്ചൊന്നുമല്ലല്ലോ. അതിനു പുറമെ എൻെറ മകളും പന്ത്രണ്ടിലേക്കു കാലെടുത്തുവെച്ചു എന്ന് അറിയാവുന്നതല്ലെ? മകളേയുംകൊണ്ട് ചേടത്തി അമ്മ ഒന്ന് ഹരിപാലിലേക്കു പോകുകയാണ് നല്ലത്."

ദുർഗ്ഗാമണി അടുക്കളയിൽ തൂണു ചാരിനിൽക്കുകയായി രുന്നു. ഭയത്തോടും സങ്കോചത്തോടും കൂടി പറഞ്ഞു: "എൻെറ ചേട്ടൻെറ സ്ഥിതി നിനക്കറിയാവുന്നതല്ലേ? ചേട്ടനിന്ന് ഒന്നും ഇല്ല. ഇത്രവലിയൊരാപത്ത് എനിക്ക് വന്നു എന്നു കേട്ടിട്ട് ഒന്നു കാണാൻ പോലും വന്നില്ല. ആസ്ഥിതിക്ക് വന്നു കൂട്ടി ക്കൊണ്ടു പോകാതെ എങ്ങിനെയാണ് പോകുക?"

മൂത്ത ഏടത്തിഅമ്മ സ്വർണ്ണമഞ്ജരി ചുമരിൻെറ മറവിലായി അനുജൻെറ അടുത്തുതന്നെ നിന്നിരുന്നു. അവർ പറഞ്ഞു: "നിൻെറ ചേട്ടൻെറ സ്ഥിതി നല്ലതല്ലെന്നറിയാം. ഈ അനു ജനെന്താ വലിയ പണക്കാരനാണോ? ഈ പറയുന്ന നൂറ്റ മ്പതുമാത്രം. ഞാനെങ്ങിനെയാണ് ഈ കുടുംബം കൊണ്ടു നടത്തുന്നതെന്ന് എനിക്കറിയാം. പിന്നെ ഇതും പറയാം. ഇത്രവലിയൊരു കറുത്തപെണ്ണ് നിൻെറ ചുമലിൽ! ആരാണ് നിനക്ക് ആശ്രയം തരുക എന്നൊന്ന് പറയ്? അതുമിതും പറഞ്ഞ് ഉള്ളിൽ വലിയ മാനവും അഭിമാനവും പേറി ഒതുങ്ങി ഇരുന്നാലൊന്നും ഒക്കുകയില്ല."

ദുർഗ്ഗാമണി പതുക്കെ പറഞ്ഞു: "എനിക്കിനി എന്ത് മാനവും അഭിമാനവും! ഒന്നുമിനിയില്ല, ചേച്ചീ!"

സ്വർണ്ണമഞ്ജരി അനാഥനെ ഇടത്തുകൈകൊണ്ട് തള്ളി നീക്കി സ്വയം മുന്നിലേക്കു നീങ്ങിനിന്ന് പറഞ്ഞു: "ഞാൻ നിന്നോട് അനാവശ്യമൊന്നും പറഞ്ഞില്ലല്ലോ. ഇത്ര അരച്ച് അരച്ച് സംസാരിക്കാനെന്താ? നീ കോപിച്ചാലും ശരി, നിനക്ക് രസിച്ചില്ലെങ്കിലും ശരി, നിൻെറ "സുന്ദരി" മകളുടെ കല്യാണം കഴിപ്പിക്കാൻ ഞങ്ങളെക്കൊണ്ടാവില്ല. ഇവൻെറ ഭാര്യയുടെ വയ റ്റിലും പെൺകുട്ടി പിറന്നില്ലെ? ഇവളെ ആരെങ്കിലും ഒരിക്കൽ നോക്കിയാൽ ഉടനെ മുഖം തിരിച്ച് കടന്നു പോകും. വാസ്ത വമങ്ങ് പറയട്ടേ! നിൻെറ മകളുടെ രൂപഗുണവും കൊണ്ട് ഹരിപാലിൽ പോയി കുറച്ചു കൃഷിയോ മറ്റോ നോക്കി കഴിയുകയാണ് ഭേദം. പിന്നെ, അവിടത്തെ ആണുങ്ങൾക്ക് സൗന്ദര്യമൊന്നും വേണ്ടാത്രേ, പെണ്ണായാൽ മതി.....!"

ദുർഗ്ഗാമണി ഒന്നും പറഞ്ഞില്ല. ഏതു വിഷജ്വാലയാൽ അവ ർക്ക് ഒരിക്കൽ വേറേ ആകേണ്ടിവന്നുവോ അവ വമിക്കുന്ന വിഷപ്പല്ലുകൾ വീണ്ടും സക്രിയമാകുന്നതുകൊണ്ട് ദുർഗ്ഗ ഭയന്ന് മരവിച്ചു.

സ്വർണ്ണം തുടർന്നു: "വരും പോലെ വരും. പക്ഷേ ആരും നിന്നെ നിന്ദിക്കുകയില്ല. ങ്ഹാ, പറയുകയാണെങ്കിലും എന്നെ മാത്രമേ പറയൂ. മൂന്നു പാസ്സിൽകുറഞ്ഞ ഒരു വരനെയാണ്

കൊണ്ടുവരുന്നതെങ്കിൽ നാട്ടുകാർ ഒന്നടക്കം തുടങ്ങുകയില്ലേ? ഇവരെന്താണീ ചെയ്തത്! എന്ന്. എല്ലാവരും പറയും. ഇത്രവലിയ ഒരുവല്യമ്മ വീട്ടിലുണ്ടായിട്ട് ഈ ദുർഗ്ഗാപ്രതിമയെ വെള്ളത്തിലൊഴുക്കിക്കളഞ്ഞില്ലേ എന്നല്ലേ ചോദിക്കുക? എന്താ ഞാൻ പറയുന്നത് ശരിയല്ലേ, അനിയാ?"

സ്വർണ്ണം അനാഥൻെറ നേരേ നോക്കി.

"അങ്ങിനെത്തന്നെ!" എന്ന് താങ്ങിപ്പറഞ്ഞ് മഹാമാന്യയായ വലിയ ഏടത്തിഅമ്മയെ അനുജൻ ബഹുമാനിച്ചു.

"ആപ്പീസ്സിലേക്കു പോകാൻ നേരമായി," എന്നുപറഞ്ഞ് അനാഥൻ ഇറങ്ങിപ്പോയി.

സ്വർണ്ണം തുടർന്നു പറഞ്ഞു: "നിൻെറ ചേട്ടനെ ചെന്ന് കണ്ട് എന്തെങ്കിലും ഒരു വഴി ഉണ്ടാക്ക്. അതിന് നാണിക്കാനെന്താണുള്ളത്? ആരും പഴിപറയുകയില്ല. ജ്ഞാനത്തിൻെറ അച്ഛന് മുപ്പത് ഉറുപ്പികയല്ലേ ശമ്പളമുണ്ടായിരുന്നുള്ളൂ? ആരാണ് അവനെ അറിയാറ്? ആർക്കാണ് പരിചയം? ഇവരുടെ സഹോദരൻ എന്നല്ലേ എല്ലാവർക്കും അറിയൂ. ഞാനെന്താണ് പറയുന്നതെന്നോ - നാളെ നല്ല ദിവസമാണ്, നാളെത്തന്നെ പുറപ്പെട്ടോ."

ദുർഗ്ഗാമണി അതുലിനെപ്പറ്റിചിന്തിച്ചു. എന്നാൽ സ്വർണ്ണത്തിനോട് ഒന്നും പറഞ്ഞില്ല- ഈ ചേടത്തിഅമ്മയുമായി അതുലിന് കുടുംബബന്ധമുണ്ട് എന്നതുകൊണ്ടുതന്നെ. അതുലിൻെറ അമ്മയുടെ അമ്മാമൻെറ മകളാണ് സ്വർണ്ണം.

അന്ന് ജ്ഞാനദ അതുലിൻെറ കാല്ക്കൽ വീണതും കരഞ്ഞതും പറഞ്ഞതുമെല്ലാം അമ്മകണ്ടതാണ്. പക്ഷേ എത്രവലിയൊരാപത്താണ് സംഭവിച്ചത്! ആ നേരത്ത് അതിന് പ്രത്യേകിച്ച് പ്രാധാന്യമൊന്നും കല്പിക്കാൻ ദുർഗ്ഗക്ക് കഴിഞ്ഞില്ല. മരണം കഴിഞ്ഞ് പിറ്റെ ദിവസം മുതൽക്ക് ഇതിനെപ്പറ്റി അവർ ചിന്തിക്കാൻ തുടങ്ങി. പാവങ്ങൾക്ക് മുറിയുടെ മൂലയ്ക്കലിരുന്ന് ദുഃഖിക്കാനുംകൂടി സമയമില്ല. മ'റിയിലേക്കു കടന്നുചെന്നപ്പോൾ മകൾ അനങ്ങാതെനിലത്തി രിക്കുന്നതുകണ്ടു. അവളുടെ അടുത്തു ചെന്നിരുന്ന് ദുർഗ്ഗ പതുക്കെ ചോദിച്ചു: "ചേച്ചി പറഞ്ഞത് കേട്ടില്ലേ?"

ചുമലൊന്നനക്കി 'ഉവ്വ്' എന്നറിയിച്ചു. ഇനി എന്തുപറയണം എന്ന് അമ്മയ്ക്ക് ആലോചിച്ചിട്ട് പിടികിട്ടുന്നില്ല. എന്നാൽ മകൾ അമ്മയുടെ വിഷമം മനസ്സിലാക്കി പറഞ്ഞു: "ഒരിക്കൽ പോലും അമ്മയുടെ അച്ഛൻെറ വീട്ടിലേക്ക് പോയിട്ടില്ല. ഇപ്പോൾ ഒന്നുപോയാലെന്താ?" അമ്മ മറുപടി പറഞ്ഞു: "അമ്മയില്ല. ചേട്ടൻ ഒരിക്കലും അന്വേഷിക്കാറില്ല. ഇത്രവലിയൊരു ആപത്തു വന്നിട്ട് ഒരെഴുത്തുപോലും ചേട്ടൻ അയച്ചില്ല. എങ്ങിനെയാണ് പിന്നെ അങ്ങിനെയുള്ളവരുടെ അടുത്തേക്ക് പോകാൻ തോന്നുക എന്ന് നീ തന്നെ ഒന്ന് പറയ്, മോളേ!"

മകൾ: "കഷ്ടപ്പെടുന്നവരുടെ കാര്യം ആരും അന്വേഷിക്കാൻ ഇഷ്ടപ്പെടാറില്ല, അമ്മേ. അവർ അന്വേഷിക്കുന്നില്ല. ശരി, ഇവരും ചെയ്യുന്നില്ലല്ലോ. പോരാത്തതിന് പോകാനല്ലേ പറയുന്നത്! നമ്മളുടെ മാനവും അഭിമാനവും ഒക്കെ അച്ഛനോടൊപ്പം പോയി. അമ്മേ. പോകാം, നമുക്കവിടെപ്പോയി താമസിക്കാം."

അമ്മയുടെ കണ്ണുകളിൽനിന്ന് കണ്ണുനീരൊഴുകിവീണു. മകൾ സ്നേഹത്തോടെ അവ തുടച്ചുകൊടുത്തശേഷം പറഞ്ഞു: "എനിക്കറിയാം, അമ്മേ. ഞാൻ കാരണമാണ് എവിടെയും പോകാൻ അമ്മയ്ക്കിഷ്ടമില്ലാത്തത്. അല്ലെങ്കിൽ വല്യമ്മയുടെ ഇത്തരം വാക്കുകൾ കേട്ടശേഷം അമ്മ ഒരു ദിവസം പോലും ഇവിടെ താമസിക്കില്ലായിരുന്നു. എന്നെക്കുറിച്ച് അമ്മ അത്രക്കൊന്നും ചിന്തിച്ച് വിഷമിക്കേണ്ട. അമ്മേ, നമുക്ക് പോകാം. കുറച്ചുനാൾ വേറേ എവിടെയെങ്കിലുംപോയി താമസിക്കാം. ഇവിടെത്തന്നെ താമസിച്ചാൽ അമ്മ മരിച്ചു പോകും."

അമ്മയ്ക്ക് ഒട്ടും നിയന്ത്രിക്കാനായില്ല. മകളെ മാറോടടക്കിപ്പിടിച്ച് പൊട്ടിക്കരയാൻ തുടങ്ങി. മകൾ തടുത്തില്ല. സമാധാനിപ്പിക്കാനും ശ്രമിച്ചില്ല. അമ്മയുടെ മാറിൽ തലചായ്ച്ച് അനങ്ങാതെ ഇരുന്നു.

കുറച്ചുകഴിഞ്ഞപ്പോൾ ദുർഗ്ഗാമണി കുറച്ചൊന്നു ശാന്തയായി. കണ്ണുതുടച്ചുകൊണ്ട് പറഞ്ഞു: "നിന്നോട് ഞാൻ സത്യം പറയാലോ, ജ്ഞാനദെ. നീ ഇല്ലെങ്കിൽ ഞാനെവിടേക്കെങ്കിലും പോയേനെ. അദ്ദേഹമാണെങ്കിൽ എന്നെന്നേക്കുമായി നമ്മളെ വിട്ടുപോയി. നീ കാരണം എനിക്കതു ചെയ്യാനാവില്ല."

"അതെനിക്കറിയാം അമ്മേ."

"ശരി. ഇനി ഒരു കാര്യം നീ എന്നോട് തുറന്നു പറയ്, മോളേ. അന്നു നീ അതുലിനോട് എന്തിനാണങ്ങിനെയൊക്കെ പറഞ്ഞത്. അരുത്, ജ്ഞാനദേ, അങ്ങിനെ മുഖം മറച്ചുപിടിച്ച് ഇരിക്കല്ലേ. ലജ്ജിച്ചിരിക്കാനുള്ള സമയമൊന്നുമല്ല ഇത്. അദ്ദേഹത്തിൻെറ മരണസമയത്ത് അവനും എന്തിനാണ് ആശക്ക് വക നൽകിയത്? നീയെന്തിനേ അവൻെറ കാൽക്കൽ തല ഇട്ടടിച്ച് കരഞ്ഞത്?"

മുഖം അമ്മയുടെ മാറിൽ ചേർത്തു പിടിച്ചുകൊണ്ടുതന്നെ അവ്യക്തമായി ജ്ഞാനദ പറഞ്ഞു: "അതെനിക്കറിയില്ല. അമ്മേ."

ദുർഗ്ഗാമണി ഉടനെ മകളുടെ മുഖം പിടിച്ചുയർത്തി. ആ മുഖത്തേക്ക് നല്ലപോലെ ഒന്നു നോക്കാൻ ശ്രമിച്ചു. എന്നാൽ മകൾ അമ്മയെ കൂടുതൽ ശക്തിയോടെ കെട്ടിപ്പിടിച്ചു. ഉത്തരമൊന്നും ലഭിക്കായ്കയാൽ ദുർഗ്ഗാമണി തുടർന്നുപറഞ്ഞു:"നിൻെറ അച്ഛൻ ജീവിച്ചിരിക്കുന്നകാലത്ത് എനിക്ക് ഒന്നും തോന്നിയിട്ടില്ല. പക്ഷേ അന്നത്തെ സംഭവത്തിനുശേഷം ആലോചിച്ചുനോക്കുമ്പോൾപലതും മനസ്സിലാക്കാൻ കഴിയുന്നുണ്ട്. പലപ്പോ

ഴായി അതുൽ പറയാറുള്ള ചില നിസ്സാരകാര്യങ്ങളും ഇപ്പോൾ എനിക്കോർമ്മവരുകയാണ്."

ഇത്രയും പറഞ്ഞ അമ്മ മകളുടെ കരങ്ങൾ കൂടുതൽ വ്യഗ്രതയോടെ തന്റെ കരങ്ങളിൽ മുറുക്കിപിടിച്ച് ചോദിച്ചു:"സത്യം പറയ്, മോളേ. ഞാനീനേരത്ത് മനസ്സിൽ വിച്ചാരിക്കുന്നത് മിഥ്യയല്ലെന്ന് പറയ്മോളേ. ഇത്രയുംനാൾ ഞാൻ വെറും സ്വപ്നമല്ല കണ്ടിരുന്നത് എന്ന് പറയ്."

ജ്ഞാനദ മുഖം മറച്ച് പിടിച്ചുകൊണ്ട് തന്നെ പറഞ്ഞു:"ആർക്കറിയാം അമ്മേ. ആ ആളുടെ വിചാരം ആ ആൾക്കല്ലേ അറിയൂ."

ദുർഗ്ഗാമണി ആനന്ദാവേഗത്താൽ കരഞ്ഞുകൊണ്ടു പറഞ്ഞു: "പലതും സംശയിച്ച് എനിക്ക് വേദനക്കിടവരുന്നല്ലോ മോളേ. നീ ഒന്ന് തുറന്ന് പറയ്. എന്നിട്ട് ഒരിക്കലെങ്കിലും ഞാൻ നിന്റെ അച്ഛനുവേണ്ടി തുറന്നൊന്നു കരയട്ടെ! ഇന്നത്തെ എന്റെ കരച്ചിലെങ്കിലും അദ്ദേഹം കേൾക്കട്ടേ!"

മകൾ പതുക്കെ പറഞ്ഞു: "കരയല്ലേ അമ്മേ. ഇല്ല, ഞാനമ്മയോട് കരയരുതെന്ന് പറയുന്നില്ല. അച്ഛനോട് ഒന്നറിയിക്കാൻ മാത്രം ഞാൻ പറഞ്ഞു. അദ്ദേഹമതുചെയ്യുകയും ചെയ്തു. ഇനി അദ്ദേഹത്തിന്റെ ഇഷ്ടം പോലെ ആവട്ടെ!"

ദുർഗ്ഗാമണി ഇത്തവണ ഒരെതിർപ്പും വകവെച്ചില്ല. അവളുടെ അശ്രു പുരണ്ട തുടുത്തമുഖം ബലം പ്രയോഗിച്ച് പിടിച്ചുയർത്തി. അവളെ പലവുരു ചുംബിച്ച് വീണ്ടും മാറോട് ചേർത്തു പിടിച്ചു. നിശബ്ദമായി ഏറെ നേരം അവർ അശ്രു പൊഴിച്ചു. പിന്നീട് കണ്ണു തുടച്ച് സാവധാനത്തിൽ സംസാരിക്കാൻ തുടങ്ങി:"അങ്ങിനെതന്നെ ആവട്ടേ മോളേ. എന്റെ അതുൽ ദീർഘായുസ്സായിരിക്കട്ടേ. അവന്റെ ഇഷ്ടം അവൻ ചെയ്യട്ടെ. പക്ഷേ ഇക്കാര്യം ഞങ്ങൾക്കാർക്കും ഒരൊററദിവസം പോലും തോന്നിയിട്ടില്ല, മോളേ.! നീ തന്നെയാണല്ലോ അവനെ ഒരിക്കൽ മരണത്തിൽ നിന്നും രക്ഷിച്ചത്. എല്ലാവരും 'ബെറി ബെറി' രോഗമാണെന്ന് പറഞ്ഞു. എന്തുരോഗമായാലും നീരുവന്നുവീർത്ത്, പൊട്ടിഒലിച്ച് എത്രയാണ് സഹിച്ചത്! ആദ്യം അവന്റെ അമ്മയ്ക്കും പിന്നെ അവനും വന്നു. അതുലിനെപററി ആശിക്കാനില്ലെന്ന് എല്ലാവരും അന്ന് പറഞ്ഞതാണ്. പേടിച്ചിട്ട് അവരുടെ അടുത്തേക്കുപോലും ആരും പോകാറില്ല. ആ സമയത്ത് വെറും ഇത്തിരീം പോന്ന പെണ്ണായ നീയാണ് രാവും പകലും യമനോടുമല്ലിട്ട് അവനെ രക്ഷിച്ചത്. അതവൻ മറക്കുന്നതെങ്ങിനെ? സാവിത്രിയെപ്പോലെ നീ അവനെ കാലന്റെ കൈയ്യിൽ നിന്നും തിരിച്ചുകൊണ്ടുവന്നില്ലേ? എന്നിട്ട് ആ അവനെ ഈശ്വരൻ മററാർക്കെങ്കിലും കൊടുക്കുമോ? ധർമ്മം നശിച്ചിട്ടില്ല. എങ്കിൽ പിന്നെ സൂര്യചന്ദ്രൻമാർ ഉദിക്കുന്നതെങ്ങിനെ?"

കുറച്ചുനേരം മൗനമായി ഇരുന്നശേഷം പെട്ടെന്ന് ആനന്ദ ചിത്തയായി ദുർഗ്ഗാമണി പറഞ്ഞു: "ഇനി നീ എവിടേക്കു പോകണമെന്നുപറഞ്ഞാലും ഞാൻ വരാം. പക്ഷേ ഇനി നീ അവൻെറ ഇഷ്ടമറിയാതെ എവിടേയും പോകാൻ പാടില്ല മോളേ! അങ്ങിനെ തന്നെ മതി! കേട്ടോ അങ്ങിനെത്തന്നെ! കണ്ടില്ലേ, തീർത്ഥയാത്ര കഴിഞ്ഞ് തിരിച്ചെത്തിയതും വെളി ച്ചാവുന്നതിനുമുമ്പ് രണ്ടുവള തരാനെന്ന നാട്യത്തിൽ എൻെറ മോൻ മോളെ കാണാൻ വന്നു! കേൾക്കുന്നുണ്ടോ? നിങ്ങൾ ഒരു കൊല്ലവും കൂടി ജീവിച്ചിരിക്കാതെ എന്തിനേ ഇത്രവേഗം പോയത്! ഇത് കണ്ടു പോകാനുള്ള യോഗം ഉണ്ടായില്ലല്ലോ!" ഇങ്ങനെ പറയുന്നതിനോടൊപ്പം പൊട്ടി പൊട്ടി വന്ന കര ച്ചിൽ സാരിത്തലപ്പുകൊണ്ട് മറച്ച് അമർത്തി.

"കേൾക്കുന്നുണ്ടോ?"

മാറോടുചേർത്തു പിടിച്ചിരുന്ന മകളെ വേഗം തള്ളിനീക്കി, കണ്ണുകൾ തുടച്ച് ദുർഗ്ഗാമണി വിളികേട്ടു:"എന്താ ചേച്ചീ?"

വലിയേട്ടത്തിയമ്മ മുറിക്കകത്തേക്ക് കണ്ണോടിച്ചുകൊണ്ട് കർ ക്കശ സ്വരത്തിൽ പറഞ്ഞു: "നിങ്ങൾക്ക് ദുഃഖിച്ചിരിക്കുമ്പോൾ വിശപ്പൊന്നുമില്ലായിരിക്കാം! എന്നുവച്ച് വീട്ടിലെ ബാക്കി എല്ലാ വരും പട്ടിണി കിടക്കണോ? പുറത്തേക്കുകടന്നുവന്ന് നേരം എത്രയായി എന്നൊന്നുനോക്കൂ!"

ദുർഗ്ഗാമണി അതിവേഗം മുറിയിൽ നിന്ന് പുറത്തേക്കുവന്നു. നേരം എത്രയായി എന്നുകണ്ടപ്പോൾ മകളുടെപേരിൽ എന്തോ ഒഴികഴിവുപറഞ്ഞു ദുർഗ്ഗ. അപ്പോൾ സ്വർണമഞ്ജരി കോപിച്ച് പറഞ്ഞു: "അടുക്കളപ്പണിതീർന്നശേഷം എത്ര നേരം വേണ മെങ്കിലും ഇരുന്ന് മകളെ ഉപദേശിച്ചോളൂ. പിന്നെ ദിവസം മുഴുവൻ ഇരുന്നാലും ഞാനൊന്നും പറയാൻ' വരുന്നില്ല. പക്ഷേ എൻെറ കുട്ടികൾ പിത്തമിളകി മരിച്ചുപോയാലോ? ഇല്ലില്ല. ഈവിധം തോന്നിയ വിധത്തിലുള്ള പ്രവൃത്തിക ളൊന്നും എനിക്കു സഹിക്കാനാവില്ല."

കുട്ടികളില്ലാത്ത ഏട്ടത്തിയമ്മ അനീത്തിയമ്മയുടെ മക്കളോ ടുള്ള അങ്ങേയററത്തെ സ്നേഹം ഈവിധം പ്രദർശിപ്പിച്ച് മറു പടികാത്തുനിൽക്കാതെ അവിടെനിന്നും പോയി.

അനാഥനാഥൻെറ കുടുംബത്തിലേക്ക് വീണ്ടും വന്നശേഷം ദുർഗ്ഗക്കായിരുന്നു അടുക്കളയിലെ സർവ്വഭാരവും. അതിനാൽ മററു രണ്ടു സ്ത്രീകൾക്കും പകൽ മുഴുവനും ഒഴിവാണ് പതിവ്. ഒരുവൾ അയൽപക്കത്തെല്ലാം കയറിയിറങ്ങി വീട്ടിൽ ചിലവധികമാകുന്നതിനെപ്പററി എല്ലാവരോടും പറഞ്ഞ് സമയം നീക്കി. മററവളാണെങ്കിൽ നോവൽ വായിച്ചും ഉറങ്ങിയും പകൽ സമയം തള്ളിനീക്കി.

അനാഥനാഥൻ എട്ടരയുടെ ഡെയ്‌ലി പാസഞ്ചറാണ്. അതി രാവിലെ എണീറ്റ് അനാഥനുവേണ്ട ഭക്ഷണമെല്ലാം തയ്യാ

റാക്കുക എന്നത് ഈ വീട്ടിൽ അങ്ങേയറ്റം കുഴപ്പംപിടിച്ച പണിയായിരുന്നു. ഇതിൻെറ പേരിൽ സ്വർണ്ണവുംഅനാഥൻെറ ഭാര്യയും തമ്മിൽ മിക്കദിവസവും ഏറ്റുമുട്ടലുകളും രസക്കേടും പതിവായിരുന്നു. ഇപ്പോൾ കുറച്ചുദിവസമായി ഇരുവർക്കും അടുക്കള ഭാരത്തിൽനിന്ന് മുക്തി ലഭിച്ചതിനാൽ ഇവർ തമ്മിലുള്ള സ്നേഹഗ്രന്ഥികൾ വീണ്ടും കൂടിച്ചേർന്നിരിക്കുകയാണ്. എന്നാൽ ഇന്നു രാവിലെ ഒന്നിച്ചു ചേർന്ന ഗ്രന്ഥികൾക്ക് ശൈഥില്യം സംഭവിച്ചു. അതിന് കാരണമെന്തെന്നല്ലേ.

രാവിലെ മണി ഏഴായി. ആ നേരത്ത് ഉറക്കമുണർന്ന് എണീറ്റിരുന്ന അനിയത്തിയമ്മയുടെ അടുത്ത് വേലക്കാരി വന്നറിയിച്ചു: "കരിയടുപ്പിലെ തീ കെട്ടുപോകുന്നു. ആരെങ്കിലും വന്ന് അതിന്മേൽ എന്തെങ്കിലും വേഗം വെക്കണം." അനിയത്തിയമ്മയ്ക്ക് അത് ഒട്ടും ഇഷ്ടമാകാത്ത മട്ടിൽ ചോദിച്ചു: "ചെറിയേടത്തി അമ്മ എന്താണ് ചെയ്യുന്നത്? നേരം ഏഴരമണിയായത് ഇന്നെന്താ അവരറഞ്ഞില്ലെന്നുണ്ടോ?"

വേലക്കാരി മറുപടി പറഞ്ഞു: "എന്താ അറിയാണ്ട്? വെളുപ്പിനേ എണ്ണീറ്റ് അമ്മയും മകളും കൂടി സാമാനങ്ങൾ കെട്ടലാണ്. ഈ എട്ടുമണിയുടെ വണ്ടിക്ക് അവർ ഹരിപാലിലേക്ക് പോകുകയാണത്രേ!"

തലേദിവസം നടന്ന സംഭവം അനാഥൻെറ ഭാര്യയ്ക്ക് ഓർമ്മ വന്നു. ഒട്ടും സന്തോഷം പ്രകടിപ്പിക്കാതെ ഉറക്കെപ്പറഞ്ഞു: "പോകുകയാണ് എന്നങ്ങട്ട് പറഞ്ഞാൽ പോകാനൊക്കുമോ? വീട്ടിലെ പുരുഷൻെറ അനുവാദം കിട്ടിയോ? ചേച്ചിയെ അറിയിച്ചോ?"

വേലക്കാരി: "യജമാനൻെറ കാര്യം അറിയില്ല. പക്ഷേ വല്യമ്മതന്നെയല്ലേ, അവരോട് ഇന്നുതന്നെ പോകാൻ പറഞ്ഞത്!"

"എന്നാൽ അവരോട്തന്നെ വെക്കാനും പറയ്. എട്ടരക്കു മുമ്പ് ചോറ് വിളമ്പണ്ടതല്ലേ? എനിക്കറിയില്ല!"

അനിയത്തിയമ്മ കോപത്താൽ കലിതുള്ളി പല്ലു തേക്കാനുള്ളത് വായിൽ തള്ളിനിറച്ച്, തോർത്തുമുണ്ട് വലിച്ചെടുത്ത് അടുക്കളയുടെ വശത്തേക്കുപോയി.

"അവരിവിടെ ഉണ്ടങ്കിലല്ലേ, പറയാനൊക്കൂ? അവർ ഗംഗയിൽ കുളിക്കാൻ പോയിരിക്കയാണ്." വേലക്കാരി ഇത്രയും പറഞ്ഞ് അവളുടെ പണി എടുക്കാൻപോയി.

അനിയത്തിയമ്മക്കുതന്നെ അടുക്കളയിൽ കടക്കേണ്ടിവന്നു. എന്തുകൊണ്ടെന്നാൽ ഇവരുടെ കോപവും മറ്റും ആപ്പീസിലെ വലിയ ആപ്പീസറുടെ അടുത്ത് വിലപോവില്ല. എന്തെങ്കിലുമാവട്ടെ. രണ്ടുമണി അരി വെച്ചുകൊടുത്തില്ലെങ്കിൽ ഭർത്താവ് ഒന്നും കഴിക്കാതെതന്നെ സമയത്തിന് ഇറങ്ങിപ്പോകും. രണ്ടിലൊന്ന് അനിവാര്യമായതിനാൽ അനാഥൻെറ ഭാര്യ ദുർഗ്ഗാമണിയുടെ കതകിനു മുമ്പിൽവന്ന് രൂക്ഷസ്വരത്തിൽ പറഞ്ഞു:

"പോകുകയാണെങ്കിലും ഈ വിധം നീചമായി പെരുമാറി ക്കൊണ്ട് പോയില്ലെങ്കിൽ പറ്റില്ലായിരുന്നോ, ഏടത്തി അമ്മേ?"

അവിചാരിതമായ ഈ ആക്രമണം കണ്ട് ദുർഗ്ഗ ഒട്ടൊന്ന് അതിശയിച്ചു. അനിയത്തിഅമ്മതന്നെ തുടർന്നു: "നിങ്ങൾ അതിരാവിലെ പോകുമെന്ന് ഞങ്ങളാരെങ്കിലും അറിഞ്ഞുവോ? ചേച്ചിയാണെങ്കിൽ ഗംഗാസ്നാനത്തിനു പോയി. ഞാൻ എണ്ണീ ക്കുന്നതേയുള്ളൂ. സമയത്തിന് ഉണ്ണേണ്ടവർക്ക് ചോറുകൊടുക്കു ന്നതെങ്ങിനെ എന്ന് കേൾക്കട്ടെ?"

"പ്രാതപ്രണാമം, ചെറിയമ്മമാരേ!" എന്ന് ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ട് അതുൽ ഇറയത്തേയ്ക്ക് കയറിവന്നു. അനി യത്തി അമ്മ അതുലിൻെറ അടുത്തേയ്ക്ക് ചെന്ന് ചോദിച്ചു: "അല്ല, അതുലോ? എന്തേ ഇത്ര പെട്ടെന്ന്?"

അതുൽ കൽക്കത്തയിലെ മെസ്സിലാണ് താമസിക്കുന്നത്. അവിടേയ്ക്ക് എഴുത്തുകിട്ടിയതനുസരിച്ച് ഓടിവന്നിരിക്കുക യാണ്. സ്വന്തം വീട്ടിലേയ്ക്ക് ഇനിയും പോയിട്ടില്ല. അതുൽ പറഞ്ഞു: "ദുർഗ്ഗ ചെറിയമ്മ അതിരാവിലെ ഹരിപാലിലേക്ക് അവസാന യാത്ര പോകുകയാണെന്ന് കേട്ടിട്ട്, കണ്ട് യാത്ര പറയാൻ വരാതിരിക്ക്യേ? ഹരിപാൽ! അതായത് മലേറിയയുടെ ഡിപ്പോ! അതും ഈ ആശ്വിനത്തിലെ സുപ്രഭാതത്തിൽ! ഇത്ര സുബുദ്ധിപറഞ്ഞുതന്നതാരാണ് ചെറിയമ്മേ? ഓ കെട്ടലും മുറുക്കലും എല്ലാം കംപ്ലീറ്റ്!"

ചിരിച്ചുകൊണ്ട് അതുൽ അകത്തേയ്ക്ക്കണ്ണുകളയച്ചു. അവിടെ ഒരുവശത്തുനിന്ന് ഒരുജോഡി നിറഞ്ഞ കണ്ണുകളി ൽനിന്നുള്ള ടെലിഗ്രാം കിട്ടിയതും അതുൽ സ്തബ്ധനായി. അനാഥൻെറ ഭാര്യ ചോദിച്ചു: "നിനക്കെങ്ങിനെ വിവരം കിട്ടി, അതുൽ?"

"എനിക്കോ? നന്നായി!" എന്നുമാത്രം പറഞ്ഞ് നിർത്തി.

പെട്ടെന്ന് മുറ്റത്തുനിന്ന് സ്വർണ്ണമഞ്ജരിയുടെ കർണ്ണശൂലം പോലെയുള്ള സ്വരം ഓരോരുത്തരുടെ ചെവിയിലും വന്നലച്ചു. അതായത് ഗംഗയിൽ കുളിച്ച് ശുദ്ധമായി വന്ന് വീട്ടി ലേയ്ക്കു കാലെടുത്തുവെക്കുന്നതിനുമുമ്പുതന്നെ കരി അടു പ്പിലെ തീയ്യിൻെറ വിവരം അവർക്ക് കിട്ടിയിരിക്കുന്നു. അതിൻെറ ഫലമായി, ദുർഗ്ഗാമണിയുടെ വൈധവ്യം ഇത്രകാലേ സംഭവിക്കാനുള്ള കാരണം മുക്തകൺഠം കോരിച്ചൊരിഞ്ഞുകോ ണ്ടാണ് വരവ്: "അങ്ങിനെയുള്ളവർക്കുതന്നെയാണ് ഈശ്വരൻ സർവ്വനാശം വരുത്തുക! വരില്ലേ? ഇതില്ലേ ഇത് ഭഗവാൻെറ ധർമ്മരാജ്യമാണ്. ഇവിടെ അധർമ്മം നടക്കാൻ വഴിയില്ല!"

നേരേ കടന്നുവന്ന് അകത്തേക്ക് കടക്കാൻ ഒരു കാലെടുത്തു വെച്ച് അങ്ങിനെതന്നെനിന്നുകൊണ്ട് അവർ തുടർന്നു പറഞ്ഞു: "അപ്പോൾ ഇതാണ് നിൻെറ പ്രവൃത്തിയുടെ അർത്ഥം അല്ലേ? ഒന്നും കഴിക്കാതെ പട്ടിണികിടന്ന് അവൻ ആപ്പീസിലേക്കു

പോകട്ടേ, വൈകുന്നേരം പിത്തം വർദ്ധിച്ച് പനിയുമായി വീട്ടിലേയ്ക്കു വരട്ടേ, എന്നിട്ട് നിന്റെ യോഗം ഇനിയുള്ള ഒരുവൾക്കുംകൂടി ആവട്ടേ, അല്ലേ?"

ദുർഗ്ഗാമണി ഇതെല്ലാം കേട്ട് ഉള്ള് വിറച്ചുകൊണ്ട് നിൽക്കുകയാണ്. "എന്റെ ഭാഗ്യദോഷംപോലെ എന്റെ വലിയ ശത്രുവിനുപോലും സംഭവിക്കണമെന്ന് ഞാൻ വിചാരിക്കാറില്ല. പക്ഷേ ഞാനെന്താണിപ്പോൾ ചെയ്തത്? ഇത്രയ്ക്ക് കടുത്ത വാക്കുകൾ എന്തിനായിട്ടാണ് തോരാതെ പറയുന്നത്?"

സ്വർണ്ണം മുഖം വികൃതമാക്കിക്കൊണ്ട് ആംഗ്യം കാണിച്ച്പറഞ്ഞു: "അയ്യോ പാവം! പച്ചപ്പാവം! ഞാൻ പറയണം അല്ലേ? എന്താണ് ചെയ്തതത്രേ? മണി ഏഴരയായി. സമയത്തിന് ചോറ് കാലാവണ്ട അല്ലേ?"

ഇത്രയും നേരം അതുൽ ആശ്ചര്യഭരിതനായി എല്ലാം കേട്ടുകൊണ്ട് നിൽക്കുകയായിരുന്നു. ഈ വലിയ ഏടത്തി അമ്മയെ അതുലിന് നന്നായറിയാം. അതുകൊണ്ടുതന്നെയാണ് അവരോട് അധികം സംസാരിക്കാതിരിക്കാറും. എന്നാൽ ഇപ്പോൾ ഇത്രയൊക്കെ കേട്ടശേഷം തീരെ അസഹ്യമായി തോന്നിയതിനാൽ അതുൽ രണ്ടുവാക്ക് പറഞ്ഞു: "സത്യം പറഞ്ഞാലും ചെറിയമ്മക്ക് വേണമെങ്കിൽ കോപം വരും. അത്രക്ക് ഭാഗ്യം കെട്ട അവർക്ക് അവരുടെ ജോലിയിൽനിന്ന് ഒഴിവുകൊടുത്താൽ നിങ്ങൾക്കെന്തു ദോഷമാണ് വരുക, ചെറിയമ്മേ?"

പെട്ടെന്നീവിധം അതുൽ മറുപടി പറഞ്ഞപ്പോൾ സ്വർണ്ണത്തിന്റെയും അനിയത്തി അമ്മയുടെയും വിസ്മയത്തിന് അതിരുണ്ടായില്ല. കുറച്ചു നേരത്തേയ്ക്ക് ആരിൽനിന്നും ഒരക്ഷരവും പുറത്തേക്കുവന്നില്ല.

കുറച്ചുകഴിഞ്ഞ് സ്വർണ്ണം തുടങ്ങി: "ഹോ, കൽക്കത്തയിൽനിന്ന് ഞങ്ങളോട് തമ്മിത്തല്ലാനായിട്ടാണോ എത്തിയിരിക്കുന്നത്?"

അനിയത്തിയമ്മ: "തമ്മിത്തല്ലാൻ വരുന്നതെന്തിനാണ്, ചേച്ചീ? അവന്റെ ചെറിയമ്മയെ നമ്മൾ ഹരിപാലിലേക്ക് ഒടുക്കത്തെ യാത്ര അയക്കുകയല്ലേ? അതുകൊണ്ട് അവസാനമായി യാത്ര പറയാൻ വന്നിരിക്കുകയാണ്."

"ഓ, അങ്ങിനെയാണോ?"

"അതേ ചേച്ചീ, അതിനുതന്നെ നമ്മൾ വീട്ടിലുള്ളവരായിട്ട് ആരും അറിഞ്ഞില്ല. ഇവൻ കൽക്കത്തയിലിരുന്ന് എങ്ങിനെ അറിഞ്ഞു എന്നു വിചാരിക്കുകയായിരുന്നു ഞാൻ. അപ്പോൾ ഓരോരുത്തർ പറയുന്നത് വെറുതെയല്ല."

സ്വർണ്ണത്തിന് കോപംകൊണ്ട് കണ്ണു കണാതായി. ഉറക്കെ പറഞ്ഞു: "ശരി, ശരി, മോനേ. ഇത്രയ്ക്ക് വേദനയുണ്ടെങ്കിൽ ഒരു കാര്യം ചെയ്തോ. നിന്റെ അമ്മായിഅമ്മച്ചെറിയമ്മയെ അവസാനയാത്ര അയപ്പിക്കാതെ നിന്റെ വീട്ടിലേക്കു കൊണ്ടുപോ.

നാട്ടുകാര് മുഴുവൻ നിന്നെ പുകഴ്ത്തും!"

ഇത്തരം വിഷജ്വാല ഏറ്റതോടെ അതുലിൻെറയും സമനില തെറ്റി. അതുൽ പറഞ്ഞു: "ശരി. ചെറിയമ്മ ഏതായാലും സ്വന്തം ആളല്ലേ? വിവരം മുൻകൂട്ടി അറിയുന്നത് നല്ലതുതന്നെ. അവർ എൻെറ വീട്ടിലേയ്ക്കു വരുമെങ്കിൽ ഞാനവരെ തലയിൽ കയറ്റി കൊണ്ടുപോകാനും ഒരുക്കമാണ്. അതിനെപ്പറ്റി നിങ്ങളുടെ നാട്ടുകാർ പുകഴ്ത്തുമോ പഴിപറയുമോ എന്നൊന്നും ഞാൻ ഭയപ്പെടുകയില്ല."

ഈവിധം പറഞ്ഞെങ്കിലും ഉടനെത്തന്നെ അതുലിന് ലജ്ജ തോന്നിയതിനാൽ സ്തംഭിച്ചുനിന്നുപോയി. കേട്ടുനിന്നവരും തുല്യം സ്തംഭിതരായി.

എവിടെനിന്നോ ഒരു ചുഴലിക്കാറ്റുവന്ന് അവരുടെ എല്ലാ വികാരങ്ങളും അടിച്ചുനീക്കി അവരെ തുറന്നസ്ഥലത്ത് കൊണ്ടു നിർത്തിയപോലെ. അതോ ഒളിപ്പിക്കാൻ സ്ഥലമില്ലാതായോ.

അതുൽ കൂടുതലൊന്നും പറയാതെ പുറത്തേക്കുപോയി.

പുറത്തു കാളവണ്ടികൊണ്ടുവന്ന് നിർത്തി ജദു വിളിച്ചു പറഞ്ഞു: "അമ്മേ നേരായി. സാമാനങ്ങൾ തരുന്നെങ്കിൽ ഇങ്ങോട്ടു തരൂ. ഇപ്പഴേ പുറപ്പെട്ടില്ലെങ്കിൽ സ്റ്റേഷനിൽചെന്നാൽ വണ്ടികിട്ടില്ല.

അവൻ അകത്തേക്കു കടന്നുവന്നു. ഇരിമ്പുപെട്ടിയുടെ മുകളിൽ കിടക്കക്കെട്ട് എടുത്തുവെച്ച് വണ്ടിയിലേക്കു കൊണ്ടുപോയി.

സ്വർണ്ണവും അനാഥൻെറ ഭാര്യയും അവിടെനിന്നു പോയി. ദുർഗ്ഗാമണി ദുർഗ്ഗാനാമം ഉരുവിട്ട് മുറി അടച്ച് താഴിട്ടുപൂട്ടി. ആരോടും ഒന്നും പറയാതെ മകളുടെ കൈപിടിച്ച് കാളവണ്ടിയിൽ ചെന്നുകയറി. മകൾ ബോധം കെട്ടവളെപ്പോലെ അമ്മയുടെ മടിയിൽ കണ്ണടച്ചു കിടന്നു.

നാല്

പതിനൊന്നു കൊല്ലത്തിനുശേഷമാണ് ദുർഗ്ഗാമണി ഹരിപാലിലെ അച്ചരൻെറ വീട്ടിലേയ്ക്കു വീണ്ടും വന്നുകയറുന്നത്. അന്നൊരു ശാരദസന്ധ്യയായിരുന്നു. എല്ലാവർക്കും അസ്വാസ്ഥ്യമുണ്ടാക്കുന്ന ഒരു പുക ഗ്രാമത്തെ ആകെ ആവരണം ചെയ്തിരുന്നു. അതു ഭേദിച്ച് ഗ്രാമത്തിലേക്കു പ്രവേശിച്ച ദുർഗ്ഗാമണിക്ക് പെട്ടെന്നൊരു നടുക്കം അനുഭവപ്പെട്ടു.

വീട്ടിൽ അച്ചരനും അമ്മയും ഇല്ല. ഉള്ളതൊരു ജ്യേഷ്ഠനാണ്. ശംഭുചാട്ടുജ്യെക്ക് അന്ന് മലേറിയയുടെ ഊഴമുള്ള ദിവ

സമാണ്. അതിനാൽ സൂര്യനസ്തമിക്കാറാകുംമുമ്പേ ശയ്യയെ ശരണം പ്രാപിച്ചു കഴിഞ്ഞിരുന്നു. വിവരമറിഞ്ഞതും അദ്ദേഹം വളരെ പഴയ ഒരു മഫ്ലർകൊണ്ട് തലയും ചെവിയും നല്ല പോലെ മൂടിക്കെട്ടി കാലിൽ മെതിയടി ഇട്ട് പുറത്തേക്ക് വന്നു. ദുർഗ്ഗാമണിയെ കണ്ട ഉടനെ തിരിച്ചറിഞ്ഞു.

"ആര് ദുർഗ്ഗയോ? വാ, വാ."

പൊട്ടിക്കരഞ്ഞുകൊണ്ട് ദുർഗ്ഗ ജ്യേഷ്ഠനെ സമീപിച്ച് പ്രണമിച്ചു. ജ്ഞാനദയും കാൽക്കൽ പ്രണമിച്ചപ്പോൾ അദ്ദേഹം ചോദിച്ചു: "കല്യാണം കഴിച്ച് കൊടുത്തിരിക്കുന്നത്?"

ദുഃഖംകലർന്ന സ്വരത്തിൽ ദുർഗ്ഗ മറുപടി പറഞ്ഞു: "കല്യാണം കഴിച്ചു കൊടുക്കാൻ ഇനിയും സാധിച്ചിട്ടില്ല, ചേട്ടാ, എവിടേക്കെങ്കിലും ഒന്നു വേഗം-"

"അല്ലാ, കല്യാണം കഴിഞ്ഞിട്ടില്ല്യേ ഇനിയും?- ഇവൾക്ക് പ്രായം കുറച്ചായല്ലോടീ, ദുർഗ്ഗേ!"

ഏറെ നാളായിക്കാണുന്ന സഹോദരിയുടെ നേരേ ആദ്യത്തെ ഏതാനും നിമിഷം കരുണരസം ഉറഞ്ഞുകൂടിയ സ്വരത്തിലദ്ദേഹം സംസാരിച്ചെങ്കിലും വേഗം ആ രസം വറ്റിപ്പോയി. തുടർന്നു പറഞ്ഞു: "അങ്ങിനെയാണോ? ഇവിടെയൊക്കെ തനി ദുഷ്ടൻമാരാണ് ഉള്ളത്. ഇതെങ്ങാൻ അറിഞ്ഞാൽ- ഞാനെന്താണ് പറയുന്നതെന്നോ. അവളെ അടുക്കളയിലും പൂജാമുറിയിലും ഒന്നും കടത്തണ്ട. ഇവിടുത്തെ മനുഷ്യരെ നിനക്കറിയില്ല്യേ. വിശേഷിച്ച് ഈ ഹരിപാലിലുള്ളവര്! നമ്മുടെ മുഴുവൻ ഭാരതത്തിലും ഇങ്ങിനെ ഒരു നശിച്ച നാട് കാണില്ല. അവളെ അവളുടെ ചെറിയച്ഛൻെറ അടുത്തുതന്നെ നിർത്തി പോരായിരുന്നില്ല്യേ? എങ്കിൽ നിനക്കിവിടെ കുറച്ചുനാൾ സൈ്വരമായി താമസിക്കാമായിരുന്നു. ഇവിടെ താമസിപ്പിച്ചാൽ ഇനി - മനസ്സിലായില്ലേ ദുർഗ്ഗേ? ശരി ഇനി അകത്തേക്ക് ചെല്ല്. കൈയ്യും കാലും കഴുകി അതേയ്, എവിട്യാ? ഉം പോ."

മെതിയടിയുടെ ശബ്ദമുണ്ടാക്കി ശംഭുചാട്ടുജ്യെ അകത്തേക്കു പോയി. ദുർഗ്ഗയും മകളും എങ്ങിനെ അദ്ദേഹത്തെ പിന്തുടർന്ന് അകത്തേക്ക് പ്രവേശിച്ചു എന്നത് കാണാൻ ഭഗവാൻ മാത്രമേ ഉണ്ടായിരുന്നുള്ളു.

ശംഭുവിൻെറ രണ്ടാമത്തെ ഭാര്യയാണ് ഇപ്പോൾ കൂടെയുള്ളത്. ആദ്യത്തെ ഭാര്യയെ ദുർഗ്ഗ കണ്ടിട്ടുണ്ട്. ഇവരെ കണ്ടിട്ടില്ല. കറുത്ത് ചടച്ച് ഉയരമുള്ള സ്ത്രീയാണ് മുന്നിലേക്കു വന്നത്. മലേറിയ പിടിച്ച് ശരീരത്തിൻെറ നിറം കത്തിക്കരിഞ്ഞ കൊള്ളിയുടേതുപോലെ ആയിരിക്കുന്നു. മൂന്നു ദിവസത്തെ ചാണകം മുറ്റത്തിൻെറ നടുവിലായി കൂട്ടി ഇട്ടിരുന്നത് മുഴുവനും വരളികളുണ്ടാക്കിയശേഷം കൈകാൽകഴുകി സന്ധ്യാദീപം കൊളുത്തുമ്പോഴാണ് ഭർത്താവിൻെറ വിളികേട്ടത്. ഉമ്മറത്തേക്കുവന്ന് വന്നവരെ കണ്ടപ്പോൾ തറച്ചുനിന്നുപോയി.

ശംഭുവിന് പനിയുള്ളതിനാൽ വിരുന്നുകാർക്ക് വേണ്ടതു ചെയ്യ ണമെന്ന് പറഞ്ഞ് ഭാര്യയെ വന്നവരുമായി പരിചയപ്പെടുത്തി. എല്ലാം ചുരുക്കിപ്പറഞ്ഞതിനുശേഷമാണ് അദ്ദേഹം അകത്തേക്ക് പോയത്.

ശംഭുവിൻെറ ഈ ഭാര്യയുടെ പേര് ഭാമിനി. അവർ മേദി നിപ്പൂരുകാരിയാണ്. അതിനാൽ അവരുടെ സംസാരരീതിക്ക് കുറച്ച് വ്യത്യാസമുണ്ട്. ഭാമിനി തൻെറ രണ്ടുവരി തൊണ്ണും കൂടി പുറത്തുകാണിച്ച് ചിരിച്ച് ഭർത്തൃസഹോദരിയെ കൈപി ടിച്ച് അകത്തേക്കു കൊണ്ടുപോയി. ഒരു പലക ഇട്ടുകൊടുത്ത് ഇരുത്തി. ഈ വക ചിരിയും സംസാരരീതിയും കണ്ടപ്പോൾ തന്നെ ദുർഗ്ഗയുടെ ഹൃദയം വരണ്ടു.

പോരുമ്പോൾ ഒരു പാത്രം രസഗൊള കൂടെകൊണ്ടു വന്നി രുന്നു. അത് താഴെ വെച്ചതും ലോക്കസ്റ്റ് ആക്രമിക്കുംപോലെ ഒരു പറ്റം കുട്ടികൾ പാഞ്ഞെത്തി. അവരെല്ലാം കൂടെ കൂടിയപ്പോൾ ഒരു ചന്തയുടെ തിരക്കായി. ഭാമിനി കുട്ടിക ളുടെ പ്രായമനുസരിച്ച് പങ്കുവെച്ചു. പകുതി, കാൽഭാഗം, രണ്ടു കഷ്ണം എന്നീവിധം ഓരോരുത്തർക്കും കിട്ടി. ബാക്കിയുള്ളത് കിടപ്പറയിലെ ഉറിയിൽ കൊണ്ടുപോയിവെച്ചു. തിന്നാൻ കിട്ടി യത് നിമിഷം കൊണ്ട് തിന്നുതീർത്ത് പിള്ളരെല്ലാം കൈയ്യിൽ പറ്റിയ മധുരരസം നക്കാൻ തുടങ്ങി.

ഈ നാട്ടിലെ രീതികളും ചിട്ടകളും ഏതാണ്ടൊക്കെ ദുർ ഗ്ഗക്കറിയാം. പക്ഷേ എട്ടും പത്തും വയസ്സായ ആൺകു ട്ടികൾ ദിഗംബരൻമാരായി നടക്കുന്നതു കണ്ടപ്പോൾ ജ്ഞാനദ നാണിച്ച് മുഖം മറച്ചു. ആ പ്രായത്തിലുള്ള പെൺകുട്ടികൾ ചിലരും അങ്ങിനെത്തന്നെ. ജ്ഞാനദ വന്നതും വലിയ നഗര ത്തിൽ നിന്നൊന്നുമല്ല. എന്നാലും അവിടെ നല്ല വഴിയുണ്ട്. ഈവിധം ഇരുണ്ടുകൂടിതൂർന്നു നിൽക്കുന്ന മാവോ, പ്ലാവോ, മുളങ്കൂട്ടങ്ങളോ ഇല്ല. ചാണകത്തിൻേറയും ചീഞ്ഞ ചണത്തി ൻെറയും ദുർഗന്ധവും നാലുവശത്തുനിന്നും വന്ന് ശ്വാസോ ച്ഛ്വാസത്തിന് വിഷമം സൃഷ്ടിക്കാറില്ല.

അപ്പോഴും നല്ലപോലെ ഇരുട്ടായിട്ടില്ല. ഒരു കുറുക്കൻ മുറ്റത്ത് വന്നുനിന്നു. ശംഭുവിൻെറ മൂത്തമകൻ വേഗംചെന്ന് അതിനെ ഓടിച്ചു. നാലുവശത്തുനിന്നും ചീവീടുകൾ വികട ശബ്ദം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.

ചുമരിനോട് ചേർന്നു നിൽക്കുന്ന ഒരു മരക്കൊമ്പിൽ നിന്ന് ഇതിനുമുമ്പ് കേൾക്കാത്ത തരം ഒരു വൃത്തികെട്ട ശബ്ദം കേട്ടപ്പോൾ ജ്ഞാനദ ഭയപ്പെട്ടു. പതുക്കെ അമ്മയോട് ചോദിച്ചു: "ഇത് എന്തിൻെറ ശബ്ദമാണമ്മേ?" അമ്മായി ഇതു കേട്ട് പറഞ്ഞു: "അതോ, അത് 'തക്ഷപൻ'". ജ്ഞാനദ ഒന്നു വിറച്ചു: "'തക്ഷപനോ'? തക്ഷകനാണോ?" അമ്മായി: "അതെ മോളേ. അതുതന്നെ. ഏതോ രാജാവിനെ കടിച്ചില്ലേ? അവ

യാണ് ഇവിടെ എല്ലാ മരത്തിന്മേലും നിറയെ."

ഇതുകേട്ടതും ജ്ഞാനദ അമ്മയുടെ നേരെ നോക്കി. ആദ്യമേതന്നെ അവളുടെ നെഞ്ചിനകത്ത് സങ്കടവും കരച്ചിലും നിറഞ്ഞു നിൽക്കുകയായിരുന്നു. ഇതുകേട്ടപ്പോൾ അമ്മയുടെ മടിയിലേയ്ക്കു വീണ് പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. കരഞ്ഞുകൊണ്ട് പറഞ്ഞു: "അമ്മേ നമുക്കിവിടെനിന്നു പോകാം. എനിക്കിവിടെ ഇനി ഒരുദിവസംപോലും താമസിക്കാനാവില്ല."

അമ്മായി ആശ്ചര്യം തോന്നിയതിനാൽ · പറഞ്ഞു: "ഇത്രയ്ക്ക് പേടിക്കാനെന്താണ്? അവർ ദേവതകളല്ലെ? അവരാരേയും ഒരിക്കലും ഉപദ്രവിക്കുകയില്ല. പാമ്പുകടി ഏറ്റ് അത്രയധികം പേരൊന്നും ഇവിടെ മരിക്കാറില്ല. പേടി മുഴുവനും മലേറിയയെയാണ്. ഒരിക്കലതു പിടിച്ചുപോയാൽ പിടിച്ചവനെ ബാക്കിവെയ്ക്കില്ല. നിൻെറ അമ്മാമന് ഇരുപതു ദിവസമായി എന്നും പനിക്കുന്നു. ശരീരം എന്തുപോലെ ആയി! ഇനീം കുറച്ചുനാൾ കൂടി പനിച്ചാൽ പിന്നെ വായിൽ വെള്ളമൊഴിക്കാൻപോലും തോന്നില്ല, മോളേ. ഈ ഗ്രാമത്തിൽ ആരോഗ്യത്തോടെ അധികംനാൾ കഴിയാനാവില്ല."

ജ്ഞാനദക്ക് അതുലിൻെറ വാക്കുകൾ പെട്ടെന്നോർമ്മ വന്നു. ഈ കേട്ടതും കൂടി ആയപ്പോൾ അവളൊന്നും പറയാനാവാതെ ഇരുന്നു. അന്ന് രാത്രി അവൾക്ക് ഒട്ടും ഉറക്കം വന്നില്ല. അമ്മയുടെ മാറിൽ മുഖം ചേർത്ത് കിടന്നു. ഇടയ്ക്കിടയ്ക്ക് ഞെട്ടി എണീറ്റുകൊണ്ടിരുന്നു. അങ്ങിനെ ഒരുവിധം നേരം വെളിച്ചമാക്കി. പുതിയ സ്ഥലത്തെ പുതിയ വെളിച്ചം ആദ്യം കണ്ണുകളിൽ പതിഞ്ഞപ്പോൾ അവൾക്ക് ഒരുന്മേഷവും തോന്നിയില്ല. മറിച്ച് ഇവിടുത്തെ കാലാവസ്ഥയും കാറ്റും വെളിച്ചവുമെല്ലാം അവളെ കൂടുതൽ അലട്ടാൻ തുടങ്ങി.

ഇനി പ്രായമായ അവിവാഹിതയായ പെൺകുട്ടിയെ കണ്ടപ്പോൾ നാട്ടുകാരുടെ ആശ്ചര്യത്തിന് കണക്കില്ല. ബംഗാളിൽ പെൺകുട്ടികളുടെ വയസ്സ് ശരിക്ക് പറയുന്ന പതിവില്ല. അച്ഛനമ്മമാർ ഒന്നു രണ്ടു വയസ്സ് എപ്പോഴും കുറച്ചേ പറയൂ എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. അതിനാൽ ജ്ഞാനദയുടെ വയസ്സ് പതിമൂന്ന് എന്ന് ദുർഗ്ഗ പറഞ്ഞപ്പോൾ എല്ലാവരും പതിനഞ്ച് എന്നൂഹിച്ചു. അതിനുപുറമേ അവൾക്ക് ഒരേ ഒരു മകളല്ലേ. സ്വയം തിന്നില്ലെങ്കിലും ഉള്ളതെല്ലാം അമ്മ മകൾക്ക് തിന്നാൻ കൊടുക്കും. അങ്ങിനെ ജ്ഞാനദയുടെ നല്ല ആരോഗ്യവും ഈ സമയത്ത് അവളുടെ കാലനായിത്തീർന്നു. ജ്ഞാനദയുടെ ശരിയായ വയസ്സിനു വിരുദ്ധമായ തെളിവുകൾപോലും പലരും നൽകാൻ തുടങ്ങി.

രണ്ടുദിവസം കഴിഞ്ഞപ്പോൾ പലതും സംസാരിക്കുന്നതിനിടയിൽ ശംഭു സഹോദരിയോട് പറഞ്ഞു: "ഈ പെണ്ണു കാരണം പുറത്തിറങ്ങി നടക്കാൻ വയ്യാതായി. ഒരു നല്ല ആലോചന ഉണ്ട്."

ദുർഗ്ഗ ഉടനെ മറുപടി പറഞ്ഞു: "വരനാരെന്ന് ഉറപ്പിച്ചു കഴിഞ്ഞിരിക്കുന്നു,. വേറെ എവിടെയും അവളെ കല്യാണം കഴിപ്പിച്ചു കൊടുക്കാനാവില്ല."

"അങ്ങിനെയാണോ? എങ്കിൽപ്പിന്നെ ആലോചിക്കേണ്ടതില്ല, പക്ഷെ ഇത്ര നല്ലൊരു ആലോചന ഭാഗ്യംകൊണ്ടു മാത്രമേ കിട്ടുകയുള്ളു എന്ന് ഞാൻ പറഞ്ഞേക്കാം. ഇരുപത് ഇരുപത്തഞ്ച് ബീഘ്വ നികുതിയില്ലാത്ത നിലം, കുളം, തോട്ടം, പഠിപ്പ്-" മുഴുവൻ പറയാനനുവദിക്കാതെ ദുർഗ്ഗ പറഞ്ഞു: "വേണ്ട ചേട്ടാ, വേറേ എവിടെയും ഇനി ആലോചിക്കേണ്ടതില്ല. ഈ കൊല്ലം കഴിഞ്ഞാൽ അവിടെത്തന്നെ അവളുടെ കല്യാണം കഴിപ്പിക്കണം."

"എന്റെ അഭിപ്രായം പറയുകയാണെങ്കിൽ അടുത്ത അഗ്രഹായനത്തിൽത്തന്നെ അവളുടെ കല്യാണം നിശ്ചയിക്കണം."

അർത്ഥമില്ലാത്ത തർക്കത്തിനൊന്നും ദുർഗ്ഗ തുനിഞ്ഞില്ല. 'ജോലിയുണ്ട്' എന്നുമാത്രം പറഞ്ഞ് എണീറ്റുപോയി.

ഈ ആലോചന എവിടെനിന്നാണെന്ന് പിന്നീട് ദുർഗ്ഗയ്ക്ക് മനസ്സിലായി. ഭാമിനിയുടെ മൂത്ത സഹോദരനാണ് ആള്. ഭാര്യ മരിച്ചതിനാൽ ആറുമാസമായിട്ട് വളരെ വിഷമിക്കുകയാണ്. അതിലധികംകാലം കാത്തിരിക്കേണ്ടതുണ്ടെന്ന് ആരും വിചാരിക്കാറില്ല. പ്രത്യേകിച്ച് വീട്ടിൽ ഏതാനും ചെറിയ കുട്ടികൾ ഉള്ളപ്പോൾ പ്രായമുള്ള പെൺകുട്ടി വളരെയധികം ആവശ്യവുമാണ്. അതുകൊണ്ടുതന്നെയാണ്, ദുർഗ്ഗ എത്രതന്നെ നിരാകരിച്ചിട്ടും, ആ ആൾതന്നെ പെട്ടെന്നൊരു ദിവസം അവിടെവന്ന് ജ്ഞാനദയെ പെണ്ണുകണ്ടത്. എന്തിനധികം പറയുന്നു, കുട്ടിയെ ഇഷ്ടമായെന്നു പറഞ്ഞാണ് തിരിച്ചു പോയത്.

അധികംനാൾ കഴിയുംമുമ്പുതന്നെ ശംഭുനാഥന്റെ സ്നേഹമുള്ള അപേക്ഷകൾ കഠോരകല്പനകളായി മാറാൻ തുടങ്ങി. ഒരുദിവസം അദ്ദേഹം തീർത്തു പറഞ്ഞു: പ്രിയനാഥനില്ലാത്തതിനാൽ താൻ തന്നെയാണ് മരുമകളുടെ രക്ഷകർത്താവെന്നും വേണ്ടിവന്നാൽ അടുത്ത അഗ്രഹായനത്തിൽത്തന്നെ നിർബന്ധപൂർവ്വം ഈ വിവാഹം കഴിപ്പിക്കും എന്നും മറ്റും.

ചേട്ടനുമായുള്ള വാദപ്രതിവാദത്തിനുശേഷം ദുർഗ്ഗ അകത്തേയ്ക്കുചെന്ന് മകളുടെ മുഖത്തേയ്ക്ക് നോക്കിയപ്പോൾ അവൾ എല്ലാം കേട്ടിരിക്കുന്നു എന്നവർക്ക് മനസ്സിലായി. അവളുടെ രണ്ടു കണ്ണുകളും തുടുത്തു വീർത്തിരുന്നു. മകളെ അടുപ്പിച്ചു പിടിച്ച് അമ്മ പറഞ്ഞു: "ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം നീ എന്തിന് ഭയപ്പെടുന്നു?"

ഭയപ്പെടേണ്ടതില്ലെന്നു പറഞ്ഞെങ്കിലും അവരുടെ മനസ്സിന്റെ ഓരോ കോണിലും ഭയം നിറഞ്ഞു നിൽക്കുകയായിരുന്നു. ഈ വക നാട്ടിൽ നിർബന്ധിച്ച് വിവാഹം കഴിപ്പിച്ചു കൊടുക്കുക എന്നത് വെറും സാധാരണ സംഭവം മാത്രമാണെന്ന്അവർക്കറി

യായ്കയല്ല. അമ്മയുടെ മാറിൽ മുഖം മറച്ചുപിടിച്ച് ജ്ഞാനദ നിർത്താതെ കരഞ്ഞു. അമ്മ അവളുടെ നെറ്റിയിലും കഴുത്തിലും കൈവെച്ചു നോക്കി. നല്ല പനിയുണ്ട്. വേഗം കണ്ണു തുടച്ച് ചോദിച്ചു: "നിനക്ക് പനി എപ്പോഴാണ് തുടങ്ങിയത്, മോളേ?"

"ഇന്നലെ രാത്രി."

"എന്നിട്ടന്തേ എന്നോടു പറയാത്തത്? ഭയങ്കര മലേറിയ നടപ്പുള്ള കാലം!" ജ്ഞാനദ മറുപടിയൊന്നും പറഞ്ഞില്ല.

ചേട്ടൻെറ ഭാര്യയുമായി ദുർഗ്ഗ ഇനിയും അടുത്തു പഴകിയിട്ടില്ല. അവരുടെ വികൃതമുഖവും അതിലേറെ വികടമായ ചിരിയും കണ്ടാലേ വെറുപ്പു തോന്നും എന്നതിനുപുറമെ അവരുടെ കർക്കശസ്വരവും ദുർഗ്ഗയ്ക്ക് അസഹ്യമായിട്ടാണ് തോന്നാറ്.

ഗ്രാമങ്ങളിലെ സ്ത്രീകൾക്ക് കുറച്ച് ഉറക്കെ സംസാരിക്കുന്ന സ്വഭാവമുണ്ട്. എന്നാൽ ഭാമിനിയുടെ സംസാരം ദൂരെമാറിനിന്ന് കേട്ടാൽ വഴക്കാണെന്നാണ് തോന്നുക. അതുമല്ല അവരെത്രത്തോളം വായാടിയാണോ അത്രക്ക് കലഹപ്രിയയുമാണ്. ഇതൊക്കെ ആയാലും ഒരു ഗുണം ഭാമിനി സൂക്ഷിച്ചിട്ടുണ്ട്. അവർ സ്വയം വഴക്കാരംഭിക്കുകയില്ല. അവരുടെ വഴി ഒഴിഞ്ഞുകൊടുത്താൽ അവരാരേയും ഉപദ്രവിക്കാൻ വരില്ല. തൻെറ മക്കളും വീടും മാത്രമായി കഴിയണമെന്നല്ലാതെ മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി തല ഇടുന്ന പതിവില്ല.

വന്ന ഉടനെ ഒരുദിവസം ദുർഗ്ഗ അടുക്കളയിലേക്കു ചെന്ന് വെപ്പുപണികളിൽ സഹായിക്കാനൊരുങ്ങി. അന്ന് ഭാമിനി പറഞ്ഞു: "ഇവിടെ രണ്ടുദിവസം താമസിക്കാൻ വന്ന നാത്തൂനെക്കൊണ്ട് ഒരു പണിയും ഞാൻ എടുപ്പിക്കുകയില്ല. ഞാൻ ഈ അടുക്കളയും കലവറയും മററാർക്കും വിട്ടുകൊടുക്കുകയില്ല."

അന്നുമുതൽക്ക് ദുർഗ്ഗ ആവശത്തേക്ക് തിരിഞ്ഞുനോക്കാറില്ല. ഇന്ന് നേരം വൈകിയിട്ടും ഉണ്ണാൻ വരുന്നത് കാണാഞ്ഞതിനാൽ ഭാമിനി ദുർഗ്ഗയുടെ മുറിയുടെ കതകിനരികിൽ ചെന്ന് സ്വഭാവമനുസരിച്ച് ഉറക്കെ ചോദിച്ചു: "ഇന്നെന്താ ഊണും ഊട്ടും ഒന്നുമില്ലേ? ഞാൻ അടുക്കളയിൽ തന്നെ കാത്തിരിക്കണോ?"

ദുർഗ്ഗ മുഖമുയർത്തി മറുപടിപറഞ്ഞു:"ഇവൾക്ക്, ദേ, പനി വന്നിരിക്കുന്നു! നിങ്ങളൊക്കെ ഊണുകഴിച്ചോളീൻ. ഞങ്ങൾ ഇന്ന് ഉണ്ണുന്നില്ല."

"മകൾക്ക് പനിവന്നതുകൊണ്ട് അമ്മക്ക് ഉണ്ടാലെന്താ? പനി ആർക്കാണ് വരാത്തത്? വരൂ, എണീററുവരൂ."

ദുർഗ്ഗ അപേക്ഷാസ്വരത്തിൽ പറഞ്ഞു: "വേണ്ട,എനിക്കിന്ന് ഒന്നും വേണ്ട. എന്നോട് ഉണ്ണാൻ പറയല്ലേ! മോളെ ഇവിടെ തനിയെ കിടത്തി ചോറുവായിലിടാൻ എന്നെക്കൊണ്ടാവില്ല."

"നിങ്ങൾക്കൊക്കെ സ്നേഹംകാണിക്കൽ കുറച്ചധികമാണ്." എന്നുപറഞ്ഞ് അവരവിടെനിന്നും പോയി. അടുക്കളയിൽ ചെന്ന് തുടർന്ന് പറഞ്ഞുകൊണ്ടിരുന്നു: "പനിവന്നാൽ വൈദ്യനെ വിളിച്ച്, കഷായം വച്ചുകൊടുക്കുക. ഈ മലേറിയ വന്നാൽ ആരും ഒന്നും കഴിക്കാറില്ലേ? ഞങ്ങളുടെ നാട്ടിൽ ഈവക പട്ടിണികിടക്കുന്ന പണിയൊന്നും ഇല്ലപ്പാ!"

അവർ അവരുടെ പണികളിൽ മുഴുകി.

ഉച്ചതിരിഞ്ഞപ്പോൾ ഭാമിനിതന്നെ ഒരുകിണ്ണം കഷായംചൂടോടെ കൊണ്ടുവന്നുപറഞ്ഞു:" ഗേനീ, നീ ഈ കഷായംകുടിക്ക്. എണീക്ക് ഇതാദ്യം ഇത്തിരികഴിക്ക്. ചോറിൽ ഞാൻ വെള്ളമൊഴിച്ചുവെച്ചിട്ടുണ്ട്."

ജ്ഞാനദക്ക് അമ്മായിയെ അത്യന്തം ഭയമാണ്. ഒന്നും പറയാതെ കയ്ക്കുന്ന കഷായം വേഗം കുറച്ചുകുടിച്ചെങ്കിലും ഛർദിച്ചു. വേഗം അങ്ങിനെതന്നെ കിടന്നു. അമ്മ അകത്തുണ്ടായിരുന്നില്ല. ഛർദിക്കുന്ന ശബ്ദംകേട്ട് ഓടിവന്ന് എല്ലാം കണ്ടപ്പോൾ അമ്മ നിശബ്ദയായിനിന്നു.

അമ്മായിക്ക് കോപം വന്നതിനാൽ പുറത്തുവന്നുനിന്ന് അടുത്ത് പുറത്തുള്ളവർക്കെല്ലാം കേൾക്കത്തക്കവിധം ഉറക്കെ പറഞ്ഞു: "ഇത്ര വലിയവീട്ടിലെ പെണ്ണാണെങ്കിൽ എന്തിനാണാവോ ഈ പാവങ്ങളുടെ വീട്ടിൽ വന്നുകയറിയത്!"

അന്നുമുതൽ ജ്ഞാനദയുടെ അസുഖം അധികമാകാൻ തുടങ്ങി. അവളുടെ ഭാമിനി അമ്മായി ആദ്യത്തെ ദിവസം തന്നെ പറഞ്ഞതാണ്:"മോളേ, ഈ ഗ്രാമത്തിൽ പാമ്പുകടി ഏററ് അത്രപേരൊന്നും മരിക്കാറില്ല. മരിക്കുന്നതധികവും മലേറിയ വന്നിട്ടാണ്. അതൊരിക്കൽ വന്നാൽ പിന്നെ രക്ഷയില്ല."

അവരുടെ വാക്കുകൾ വാസ്തവമാണെന്നുതെളിയാൻ അധികം നാളൊന്നും വേണ്ടിവന്നില്ല. ജ്ഞാനദ കിടക്കയിൽ നിന്ന് തീരെ എണീക്കാതെയായി.

അന്ന് കാർത്തികമാസസംക്രാന്തിയാണ്. ദുർഗ്ഗ മുറിയിലേക്കുവന്നതും ആശ്ചര്യപ്പെട്ടു. ഭാമിനി ജ്ഞാനദയുടെ അടുത്തിരുന്ന് നെററി തടവികൊടുക്കുന്നു. ഇവർക്ക് വീട്ടുപണി കഴിഞ്ഞ് ഈവക അനാവശ്യ പരിചര്യകൾക്ക് സമയംകിട്ടാറ് പതിവില്ല. എന്നിട്ടും സ്വഭാവവിരുദ്ധമായ പ്രവൃത്തി, അതും അന്യൻെറ മകളോട്! ദുർഗ്ഗ പെട്ടെന്ന് മനസ്സിൽ പലതും കണ്ടു. ചേട്ടൻ കൊണ്ടുവന്നിരിക്കുന്ന കല്യാണാലോചനയെപ്പററി ഉടനെ ഓർത്തു. മനസ്സിനെ സംശയങ്ങളുടെ മുള്ളുകൾ കുത്തുവാൻ തുടങ്ങി. ഭാമിനിയുടെ ഈ സ്നേഹം നിറഞ്ഞ പെരുമാററം മറ്റൊന്നിനുമാവില്ല എന്ന് ദുർഗ്ഗ തീർച്ചയാക്കി. അവരുടെ ജ്യേഷ്ഠൻെറ വിവാഹം ജ്ഞാനദയുമായി നടത്തുവാൻ ഭാമിനി ഭർത്താവിനെ നിർബന്ധിച്ചിരിക്കുമെന്നും അതിനെക്കുറിച്ചോർത്ത് ഭാമിനി ആശകൾ വളർത്തുന്നുണ്ടെന്നും മറ്റും ദുർഗ്ഗ മനസ്സിൽ

വ്യാഖ്യാനിച്ച് വിശ്വസിച്ചു.

ഭാമിനി സ്വരം കുറച്ചു താഴ്ത്തി പറഞ്ഞു:"താരകേശ്വരത്തുനിന്നും പാസ്സായ ഒരു ഡോക്ടർ ഉണ്ട്. വിളിക്കാൻ നിങ്ങളുടെ ചേട്ടനെ അയച്ചിരിക്കുന്നു. ഈ പനി ദിവസംപ്രതി അധികമാകുകയാണല്ലോ. അതുനല്ലതിനല്ല."

ദുർഗ്ഗ അസ്പഷ്ടമായി എന്തോ പറഞ്ഞു. അതാരും കേട്ടില്ല. എന്തുകൊണ്ടെന്നാൽ ഇതൊരു നല്ല വാർത്തയായിരുന്നിട്ടും അതിനവരുടെ മനസ്സിനെ പ്രസന്നമാക്കാൻ കഴിഞ്ഞിട്ടില്ല.

ഭാമിനി വീട്ടുപണിക്കായി എണീറ്റുപോയി. ഉടനെ ജ്ഞാനദ തലയണയുടെകീഴിൽ നിന്ന് ഒരെഴുത്തെടുത്ത് അമ്മയ്ക്ക് നീട്ടിക്കൊണ്ടു പറഞ്ഞു:"മറുപടിവന്നു."

"എവിടെ? കാണട്ടേ?"അമ്മ എഴുത്ത് തട്ടിപ്പറിച്ചു. എന്നാൽ അടുത്തനിമിഷത്തിൽത്തന്നെ തള്ളിവന്ന ആഗ്രഹത്തെ നിയന്ത്രിച്ചുകൊണ്ട് എഴുത്ത് കയ്യിൽത്തന്നെവെച്ച് അനങ്ങാതിരുന്നു. എഴുത്തുവായിച്ചാലോ എന്നൊരിക്കൽ തോന്നിയെങ്കിലും അതു ശരിയല്ല എന്ന് പിന്നീട് തീർച്ചയാക്കി. മകൾ തന്നെങ്കിലും അമ്മയായ താനത് എങ്ങിനെ വായിക്കും! പതുക്കെ ചോദിച്ചു:"അതുൽ എന്താണ് എഴുതിയിരിക്കുന്നത്?"

ജ്ഞാനദ ഇതിനിടയ്ക്ക് ഒരുവശത്തേക്ക് ചരിഞ്ഞുകിടന്നിരുന്നു. ചുരുക്കത്തിൽ അവൾ മറുപടി പറഞ്ഞു: . "ഇങ്ങോട്ടു പോന്നത് ശരിയായില്ല എന്നും മറ്റും."

എഴുത്തിലെ ഈ രണ്ടു വാക്കുകൾ കേട്ടപ്പോഴേക്കും അമ്മയുടെ കണ്ണുകൾ നിറഞ്ഞു. സ്വയം ഓരോവാക്കും ഉരുവിട്ടു. അതുലിൻെറ മുഖം മനസ്സിൽ കണ്ടുകൊണ്ട് അവന് അസംഖ്യം ആശീർവാദങ്ങൾ നൽകി. മാതൃസ്നേഹം കൊണ്ടലിഞ്ഞ ദുർഗ്ഗ, മനസ്സുകൊണ്ട് പലതും പറയുന്നുണ്ടായിരുന്നു: "എൻെറ മോൻെറ മനസ്സിലെ എത്ര അഭിമാനംകൊണ്ടാണ്, എത്ര ഉള്ളിൽ തട്ടുന്ന വേദനകാരണമാണ് അവൻ ഈ രണ്ടു വാക്കുകൾ എഴുതിയിരിക്കുന്നത്! ഇവിടെവന്ന് ജ്ഞാനദ പനിയായികിടപ്പിലായി. അന്നവൻ ഉള്ളിലെ ദേഷ്യം കൊണ്ട്പറഞ്ഞു: 'ഇവരുടെ അവസാന യാത്ര കാണാനാണ് കൽക്കത്തയിൽനിന്നും വന്നത്' എന്ന്. ശരിയല്ലേ? ഞാൻ എന്തു ചെയ്താലും എവിടേക്കുപോയാലും അതുവേറെകാര്യം. മകളെകൂടെ കൊണ്ടു പോന്നത് ശരിയായില്ല. എത്രയൊക്കെ കഷ്ടപ്പാടുണ്ടായാലും ദു:ഖമുണ്ടായാലും എല്ലാം സഹിച്ച് അവിടെത്തന്നെ കിടക്കേണ്ടതായിരുന്നു."

അത്യധികം സ്നേഹത്തോടെ അതുലിൻെറ എഴുത്ത് തലോടിക്കൊണ്ട് ദുർഗ്ഗ പിന്നെയും പിറുപിറുത്തുകൊണ്ടിരുന്നു. അവർ പലതും ഓർത്തു: ഭർത്താവിൻെറ മൃത്യുശയ്യക്കരികിൽവെച്ച് അതുൽ ചെയ്ത പ്രതിജ്ഞ, ആ രണ്ടു വളകൾ കൊടുക്കാനുള്ള മോഹത്തിന് പ്രസാദവുംകൊണ്ടുള്ള വരവ്, വിശേഷിച്ച്,

പോരുന്ന ദിവസത്തെ ചെറിയമ്മയുമായുള്ള കലഹം. ഈ കലഹം അവൻെറ അമ്മയും അടുത്തുള്ളവരും കേട്ടിരിക്കുന്നു. എന്തിനവർ കൽക്കത്തയിൽനിന്ന് ഓടിവന്നു?

ഒരു പ്രത്യേക ആനന്ദത്താലും ഗർവ്വിനാലും അവരുടെ മാതൃഹൃദയം നിറഞ്ഞുവന്നു. മനസ്സിൽ പറഞ്ഞു: "കറുത്ത പെണ്ണാണത്രേ! എൻെറ കറുത്ത മകളുടെ കഴിവ് എല്ലാവരും കാണട്ടേ! കുയിലും കറുത്തത്, വണ്ടും കറുത്തത്!"

"ജ്ഞാനദേ, ഇപ്പോൾ നിനക്കെങ്ങിനെയുണ്ട്?" അമ്മ മകളെ വിളിച്ചു ചോദിച്ചു.

"കുറച്ച് സുഖമുണ്ട് അമ്മേ!"

"എടീ അവൻ എൻെറ വിവരം എന്തെങ്കിലും എഴുതിയിട്ടുണ്ടോ?"

"അമ്മക്ക് വായിച്ചു നോക്കിക്കൂടേ?"

അറിയാനുള്ള ആഗ്രഹം അനിയന്ത്രിതമായി. ജനലരികിൽ എഴുത്തു നിവർത്തിപ്പിടിച്ചു നോക്കി ദുർഗ്ഗ. ഇത്രവലിയ കടലാസ്സിൽ വെറും രണ്ടുവരി മാത്രം എഴുതിയിരിക്കുന്നു! ആദ്യം തോന്നിയത് ഇവൾ എഴുത്താണെന്നും പറഞ്ഞ് വേറേ ഏതെങ്കിലും കടലാസ്സായിരിക്കുമോ തന്നത് എന്നാണ്. 'ശ്രീചരണേഷു' എന്നാരംഭിച്ചിരിക്കുന്നതു വായിച്ചപ്പോൾ ദുർഗ്ഗയുടെ മനസ്സു ചിരിച്ചു: "അതുശരി, അതാണവൾ വേഗം വായിക്കാൻ തന്നത്. ഇത് എനിക്കുള്ള എഴുത്താണ്". വായിച്ചു: "അവിടം മലേറിയയുടെ ഡിപ്പോ ആണെന്ന് കേട്ട് ഖേദിക്കുന്നു. പനി വേഗം മാറി അവളുടെ ആരോഗ്യം തിരിച്ച് കിട്ടുമെന്ന് ആശിക്കുന്നു. ഞങ്ങൾക്ക് സുഖംതന്നെ. എൻെറ പ്രണാമം സ്വീകരിച്ചാലും".

ഒരു കാര്യം ചോദിക്കുവാൻ ദുർഗ്ഗയ്ക്ക് കുറച്ചു വിഷമം തോന്നി. എന്നാലും അമ്മയുടെ മനസ്സല്ലേ, ചോദിക്കാതിരിക്കാനും ക്ഷമയില്ല. അടുത്തുതന്നെ ഇരുന്ന് മകളുടെ ചപ്രതലമുടിയിൽകൂടി തലോടി വകഞ്ഞുകൊണ്ട് ചോദിച്ചു: "അപ്പോൾ നിനക്കവൻ ദേഷ്യപ്പെട്ട് എഴുതിയിട്ടുണ്ടോ?"

ജ്ഞാനദ വിസ്മയത്തോടെ മുഖം തിരിച്ച് അമ്മയുടെ നേരെനോക്കി പറഞ്ഞു: " എനിക്ക് വേറേ എവിടെയാണെഴുതിയിരിക്കുന്നത്? അമ്മക്കു മാത്രമേ എഴുതിയിട്ടുള്ളു"

ദുർഗ്ഗ ഒന്നു ചിരിച്ച് പറഞ്ഞു: "എനിക്ക് കാണുകയൊന്നും വേണ്ട, കേട്ടാൽതന്നെ സന്തോഷമായി. അവൻ കോപിച്ചിരിക്കയാണ് എന്ന് എനിക്കു മനസ്സിലായി."

"ഇല്ല, അമ്മേ! എനിക്ക് വേറേ എഴുത്തില്ല. വേറേ ഒന്നും എഴുതിയിട്ടില്ല. ഈ ഒരെഴുത്തു മാത്രമേയുള്ളൂ". അവൾ വേഗം വശം തിരിഞ്ഞു കിടന്നു.

"ഈ രണ്ടുവരി മാത്രം! വേറേ ഒരു വിവരവുമില്ല!" എന്നു പറഞ്ഞ് ദുർഗ്ഗ മൗനം പൂണ്ടു. മകളുടെ തലമുടിയിൽകൂടി

ചലിപ്പിച്ചിരുന്ന വിരലുകളും അനങ്ങാതായി. കുറച്ചുകഴിഞ്ഞ് അവർ എണ്ണീറ്റുപോയി.

അഞ്ച്

ദിവസങ്ങൾ പിന്നേയും കടന്നുപോയി. അഗ്രഹായനത്തിലെ ആദ്യമാരുതൻ വീശാൻ തുടങ്ങി.

ദുർഗ്ഗയുടെ ബാല്യകാലസഖി അവളുടെ അച്ഛൻെറ വീട്ടി ലേക്ക് വന്നിട്ടുണ്ട്. ഇന്ന് മകളുടെ ദേഹസ്ഥിതി കുറച്ചു ഭേദമാ ണെന്ന് കണ്ടപ്പോൾ ദുർഗ്ഗ കൂട്ടുകാരിയെ കാണാൻ പുറപ്പെട്ടു. വഴിക്ക് പോസ്റ്റ്മാനെ കണ്ടു. അവനെ വിളിച്ച് ദുർഗ്ഗ ചോദിച്ചു: "ദാസൂ എനിക്കെന്താ എഴുത്തൊന്നും കിട്ടാത്തത്?" ദാസു ചിരി ച്ചുകൊണ്ട് പറഞ്ഞു: "എഴുത്ത് വന്നില്ലെങ്കിൽ എങ്ങനെ കിട്ടും ചേച്ചീ?"

ദുർഗ്ഗയുടെ സംശയം നീങ്ങുന്നില്ല. വീണ്ടും ചോദിച്ചു: "എനിക്കോ എൻെറ മകൾ ജ്ഞാനദക്കോ ഒരെഴുത്തുമില്ലേ?" "വന്നിട്ടുണ്ടെങ്കിൽ ഞാൻതന്നെ കൊണ്ടു തരുന്നില്ലേ?" "അതല്ല, നീ നിൻെറ സഞ്ചി നല്ലപോലെ ഒന്ന്നോക്ക്. വന്നിട്ടുണ്ടാവും മൂന്നു എഴുത്തയച്ചിട്ട് മറുപടി വരില്ലാന്നോ? എൻെറ അതുൽ അത്തരം ചെറുക്കനൊന്നുമല്ല".

ദാസു വെറും ശ്രമം നടത്താൻ നിൽക്കാതെ പറഞ്ഞു: "ഇല്ല ചേച്ചീ വന്നാൽ കിട്ടും"

അവൻ പോകാനൊരുങ്ങി. ദുർഗ്ഗ തടഞ്ഞു നിർത്തി ചോദിച്ചു: "അങ്ങിനേം വരാം, ഇല്ലേ ദാസൂ? പോസ്റ്റാഫീസിൽ തന്നെ കിടക്കുന്നുണ്ടാവും. പോസ്റ്റുമാൻമാർക്ക് എൻെറ പേരറിയി ല്ലല്ലൊ. ഒരുപക്ഷെ മേശയുടെ അരുകിലോ മുക്കിലോ എവി ടെയെങ്കിലും മറഞ്ഞു കിടക്കുന്നുണ്ടാകും. നിങ്ങളാരും കണ്ടു കാണില്ല. എന്നെ ഇവിടെ എല്ലാവർക്കും അറിയാം. ഞാൻ തന്നെ പോയിനോക്കി എടുക്കുന്നതിന് വിരോധമുണ്ടോ?"

വിഷമത്തിലായ ദാസു പറഞ്ഞു: "വിരോധമെന്തിനാണ്? അതുകൊണ്ട് കാര്യമൊന്നുമില്ല. ശരി, ഞാൻ പോയി ഇന്നു തന്നെ പരിശോധിച്ചു നോക്കാം. കിട്ടിയാൽ കൊണ്ടുവന്നു തരാം."

കൂടുതൽ സമയം ഇനിയും നഷ്ടപ്പെടുത്താൻ നിൽക്കാതെ ദാസു അവിടെനിന്നുപോയി.

ഈശ്വരചരണങ്ങളിൽ ലോകൈശ്വര്യങ്ങൾ പലതും വഴിപാ ടായി നേർന്നു. 'എൻെറ ദുർഗ്ഗേ! എൻെറ കാളീ! ഒരെഴു ത്തുംകൂടി കിട്ടണേ! എൻെറ ജ്ഞാനദക്ക് ഇത്ര അസുഖമാ

ണെന്ന് കേട്ടിട്ട് ഒരെഴുത്തയക്കില്ലെന്നോ? ഇത് വിശ്വസിക്കാവുന്ന താണോ? അവൻ തീർച്ചയായും എഴുതിക്കാണും, എവിടെയോ കുഴപ്പം പറ്റിയിരിക്കുകയാണ്.

കഷ്ടം! മനുഷ്യൻെറ ആശകളെന്തെല്ലാം! സംഭവിക്കാവുന്നതും സംഭവിക്കാനാവാത്തതുമായ നിരവധി ജല്പനകല്പനകൾക്കിടയിൽ ഒരു കാര്യം മാത്രം മാറിയിരിക്കാം എന്നവർക്കൊരിക്കലും തോന്നിയില്ല. ഒരിക്കൽ ആരും അറിയാതെ ഒരാവരണത്തിൻെറ പിന്നിൽ വെച്ചെന്നോണം യാതൊരു വിവാദത്തിനുമിടയാകാതെ വളർന്നുയർന്ന അതുലിൻെറ മനോവികാരം, ആവരണം നീക്കി, പ്രകാശത്തിലേയ്ക്ക് കൊണ്ടുവന്നാൽ ക്ഷണനേരംകൊണ്ട് ഉണങ്ങിവരണ്ടു പോയേക്കാം. നൂറു നൂറ് എതിർപ്പുകൾ ആ ലോലവികാരത്തെ അടിച്ചമർത്തിയിരിക്കാം. മനുഷ്യൻ അത്തരം അന്ധനാണ്.

ദുർഗ്ഗ വേഗം തിരിച്ചെത്തി. മുറിയിലേക്കു കടന്നുചെന്ന് മകളോട് ചോദിച്ചു: "ജ്ഞാനദേ എഴുത്ത് വല്ലതും തന്നോടീ?" മകൾ കുണ്ഠിതയായി മറുപടി പറഞ്ഞു: "ഇല്ല അമ്മേ!"

ഇക്കഴിഞ്ഞ രണ്ടുമാസമായിട്ട് പിന്നേക്കുപിന്നാലെ അയച്ച മൂന്നെഴുത്തിനും മറുപടി വന്നിട്ടില്ല. ദുർഗ്ഗക്ക് സംശയം തീർന്നില്ല. ചോദിച്ചു: "നീ വേണമെങ്കിൽ ഉറങ്ങിപ്പോയിരിക്കും. നിന്നെ കാണാത്തതിനാൽ ദാസു തിരിച്ചുപോയതാവും. ഞാൻ വീട്ടിലില്ലാത്ത സമയത്ത് കുറച്ചുനേരം ഉണർന്നിരിക്കാൻ നിനക്കാവില്ല അല്ലേ?"

ദുർഗ്ഗ മുഖം കനപ്പിച്ച് അവിടെനിന്ന് പോയി. ജ്ഞാനദ ഒന്നും പറഞ്ഞില്ല. അവൾ ഉണർന്നുതന്നെ ഇരിക്കുകയായിരുന്നു എന്നുപറഞ്ഞ് വാദിക്കാനും പോയില്ല. അമ്മയുടെ ഒരോ ചോദ്യത്തിന് ഒരേ വിധത്തിലുള്ള ഉത്തരം പറഞ്ഞുപറഞ്ഞ് അവൾക്കുതന്നെ മടുത്തു തുടങ്ങിയിരുന്നു. എന്നും ഈ ഇല്ല എന്നുപറയാൻ അവൾക്കു ലജ്ജ തോന്നാൻ തുടങ്ങി.

ദുർഗ്ഗ ഉടനെത്തന്നെ മുറിയ്ക്കുമുന്നിൽ വന്നുനിന്ന് ചോദിച്ചു: "തേടിപ്പിടിച്ച് കൊണ്ടുവന്നു തരാം എന്നാണല്ലോ ദാസു എന്നോട് പറഞ്ഞത്?" ഇന്നെന്തുകൊണ്ടോ, അതുലിൻെറ എഴുത്തു വന്നിട്ടുണ്ട് എന്ന് അവർ ദൃഢമായി വിശ്വസിച്ചിരിക്കുകയാണ്. മകൾ ഒന്നും പറഞ്ഞില്ല. തൻെറ മുഷിഞ്ഞ പുതപ്പിനുള്ളിൽ മുഖം മറച്ചു കിടന്നു.

ദുർഗ്ഗ ഇനിയും നിർത്താനുള്ള മട്ടില്ല. ദാസു എഴുത്തില്ലെന്നു പറഞ്ഞയച്ചു.

പിന്നേയും മൂന്നുനാലു ദിവസം ഒരെഴുത്തുവരുമെന്ന്വെച്ച് കാത്തുകാത്ത് ദുർഗ്ഗ മുള്ളിന്മേലിരിക്കുംപോലെയാണ് കഴിച്ചുകൂട്ടിയത്. എഴുത്തൊന്നും വന്നില്ല. നിരാശ സഹിക്കവയ്യാതായപ്പോൾ അതുലിൻെറ അമ്മക്ക് അവരൊരെഴുത്തയച്ചു.

അതുൽ കൽക്കത്തയിൽ സുഖമായിരിക്കുന്നുവെന്നും ആദ്യ

ത്തേക്കാൾ കൂടുതൽ പഠിപ്പിൽ ശ്രദ്ധിക്കുന്നുണ്ടെന്നും അതു ലിൻെറ അമ്മ മറുപടി അയച്ചു. എന്തോ ഒരു ഉപേക്ഷയുടെ മട്ടാണ് എഴുത്തിൽ ദുർഗ്ഗക്ക് തോന്നിയത്.

അങ്ങിനെ അഗ്രഹായനവും പൗഷവും കടന്നുപോയി. എഴു ത്തൊന്നും വന്നില്ല. മാഘ്വംപിറന്ന് ഏതാണ്ട് പകുതിയായി. ജ്ഞാനദ കുറെശ്ശേ സുഖം പ്രാപിച്ചു തുടങ്ങിയപ്പോൾ ദുർഗ്ഗ സുഖമില്ലാതെ കിടപ്പിലായി.

ഇത്ര മൂർച്ചയേറിയ നിരാശ അവരെ ഏൽപിച്ച മുറിവ് അവർക്ക് താങ്ങാനായില്ല. അതോടൊപ്പം മകളോട് എന്തെ ന്നില്ലാത്ത വിദ്വേഷവും തോന്നാൻതുടങ്ങി. അവളുടെ കാര്യം ആരെങ്കിലും ചോദിച്ചാൽ അത്യധികം വെറുപ്പോടെ അവളെ പഴിവാക്കുകൾ പറയുക പതിവായി. താടക, കരിഞ്ഞകൊള്ളി എന്നും മറ്റും വിളിച്ചു ദിവസങ്ങൾ പോകുംതോറും അവരുടെ വെറുപ്പിൻെറ സീമയും അധികരിച്ചുവന്നു. അതിന് ഒരു കാര ണവുംകൂടിയുണ്ട്.

ഭാമിനി എന്ന 'കരിങ്കൊള്ളി' അവരുടെ സ്വഭാവമനുസരിച്ച് ജ്ഞാനദയുടെ സ്വഭാവഗുണം കാരണം അവളെ ഇഷ്ടപ്പെടാനും അവളുടെ കാര്യത്തിൽ ശ്രദ്ധിക്കാനും തുടങ്ങിയിരുന്നു. ഈ സ്നേഹപ്രകടനത്തിനു പിന്നിൽ ഒരു പ്രത്യേകസ്വാർത്ഥത്തിൻെറ മണം ദുർഗ്ഗക്കനുവപ്പെട്ടു. ആ മണത്തിൻെറ ജ്വാലയിൽ അവർ എരിയുകയായിരുന്നു.

അങ്ങേയറ്റം ദുഃഖം സഹിച്ചതാണ് അവരുടെ ശരീരവും മനസ്സും. ഇനിയും സഹിക്കാനാകാതായി. മാഘ്വമാസാവസാ നത്തോടുകൂടി അവർ തീരെ കിടപ്പിലായി. ഒടുക്കം മകൾ കരഞ്ഞുകൊണ്ട് പറഞ്ഞു: "ഇനീം വയ്യ അമ്മേ! നമുക്ക് തിരി ച്ചുപോകാം. വീട്ടിലേയ്ക്കുതന്നെ പോകാം. എന്താണു വരാൻ പോകുന്നതെന്നുവെച്ചാൽ അത് അവിടെത്തന്നെ ആവട്ടേ!"

ദുർഗ്ഗ വേഗം സമ്മതിച്ചു. ഇനിയും സമ്മതിക്കാതിരിക്കു ന്നതിൽ വലിയ അർത്ഥമൊന്നുമില്ല. ഈ 'കരിങ്കൊള്ളി'യുടെ അടുത്തുനിന്നും എങ്ങിനെയെങ്കിലും പോയിക്കിട്ടിയാൽ മതി എന്നാണ് ദുർഗ്ഗയുടെ മനസ്സിലും.

പോകാൻ തീർച്ചയാക്കിയതിനെപ്പറ്റി കേട്ടപ്പോൾ ശംഭു തടഞ്ഞു. രാവിലെ ഏഴ്-എട്ട് മണി സമയം. ശംഭു പ്രഭാ തവന്ദനം കഴിഞ്ഞ് മെതിയടി ശബ്ദിച്ചുകൊണ്ട് പുറത്തേക്കുവ ന്നശേഷം വിളിച്ചു: "ദുർഗ്ഗേ?"

ദുർഗ്ഗ ഇറയത്തിൻെറ അറ്റത്തായി തൂണു ചാരിനിന്ന് പല്ലു തേക്കുകയായിരുന്നു. ജ്യേഷ്ഠൻ വിളിക്കുന്നതു കേട്ടപ്പോൾ ദുർഗ്ഗ വിളികേട്ടു.

"ഇപ്പോൾ നിങ്ങൾക്ക് പോകാൻ ഒക്കുകയില്ല," ശംഭു പറഞ്ഞു.

"എന്തുകൊണ്ടാണ് ചേട്ടാ! "ഞാൻ നിങ്ങൾക്കുവേണ്ടി വാക്കു

കൊടുത്തുകഴിഞ്ഞിട്ട് എന്നെ മിഥ്യാവാദി ആക്കുകയാണോ? അത് ഈ ജന്മത്തിൽ നടപ്പില്ല."

കാര്യം എന്താണെന്ന് ശരിക്കു മനസ്സിലായില്ലെങ്കിലും ചേട്ടൻെറ വാക്കുകൾ കേട്ടപ്പോൾ ദുർഗ്ഗക്ക് വിഷമമായി. മൃദു സ്വരത്തിൽ ചോദിച്ചു: "എന്തു കാര്യമാണ് ചേട്ടൻ പറയുന്നത്?"

"ഗേനിയുടെ കല്യാണക്കാര്യംതന്നെ. അതിനിയും നീട്ടിക്കൊണ്ടു പോവാനാവില്ല. അതുകൊണ്ട് നവീൻെറകൂടെത്തന്നെ നടത്താം എന്ന് തീരുമാനിച്ച് വരുന്ന ഫാൽഗുനമാസം അഞ്ചാം തിയ്യതി നടത്താമെന്ന് ഞാൻ വാക്കുകൊടുത്തു. ആഭരണങ്ങളും അവർ അത്ര മോശമാക്കില്ല എന്നുപറയുന്നു. കാണാനും കേൾക്കാനും എല്ലാംകൊണ്ടും നല്ലതാകുമെന്ന് വിചാരിച്ചല്ലേ-!"

ഇതെല്ലാം ഒന്നിച്ച് കേട്ടപ്പോൾ ദുർഗ്ഗക്ക് തലയ്ക്കകത്ത് ഇടിവെട്ടുപോലെ തോന്നി. ഇതു തീരെ വിചാരിക്കാത്തതായിരുന്നു. ഇപ്പോൾ കരയും എന്നമട്ടിൽ ദുർഗ്ഗ പറഞ്ഞു: "എന്നോട് ചോദിക്കാതെ ചേട്ടനെന്തിനാണ് ദിവസം തീർച്ചയാക്കിയത്? എൻെറ പ്രാണനുള്ളിടത്തോളം കാലം ഇത് നടത്താൻ ഞാൻ സമ്മതിക്കില്ല."

ശംഭു കോപിച്ചു: "ആവില്ല എന്നു പറഞ്ഞതുകൊണ്ടായോ? ഞാൻ അവളുടെ അമ്മാമനാണ്. ഞാൻ പറയുന്നതുപോലെ തന്നെ നടക്കും. നീ പറയുന്നതുകേട്ട് ഞാൻ എൻെറ വാക്കു മാറുകയോ? അത്തരം അച്ഛന് പിറന്നവനൊന്നുമല്ല ഞാൻ എന്ന് നിനക്കറിയില്ലേ?"

ദുർഗ്ഗ കരയാൻ തുടങ്ങി. അവൾ പറഞ്ഞു: "ഞാൻ ചത്താലും ശരി ഇവളുടെ കല്യാണം ഇവിടെ നടത്തുകയില്ല. എന്നെക്കുറിച്ച് ചിന്തിച്ച് ചേട്ടൻ വിഷമിക്കയൊന്നും വേണ്ട..." കരച്ചിൽ കാരണം പറഞ്ഞു മുഴുമിക്കാൻ ദുർഗ്ഗക്ക് സാധിച്ചില്ല.

ദുർഗ്ഗ കരയുന്നതു കണ്ടപ്പോൾ ശംഭുവിന് വിഷമമായി. "ശുഭകാര്യത്തെപ്പറ്റി പറയുമ്പോൾ കരയാൻ നിൽക്കാതെടീ! നടക്കാൻ പോകാത്തതിനെപ്പറ്റിയും നടത്താൻ കഴിയാത്തതിനെപ്പറ്റിയും പറഞ്ഞ്...," പല്ലു ഞെരിച്ചുകൊണ്ട് ശംഭു പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ 'കരിങ്കൊള്ളി' രംഗത്തു പ്രവേശിച്ചു. രണ്ടു കൈയ്യിലും ചാണകം പുരണ്ടിരിക്കുന്നു. തൊഴുത്ത് വൃത്തിയാക്കുകയായിരുന്നു. മുറ്റത്തുവന്നുനിന്ന് ഭർത്താവിൻെറ നേരെനോക്കി ഉടഞ്ഞ ഓട്ടുപാത്രത്തിൽ നിന്നെന്നപോലെയുള്ള സ്വരത്തിൽ ഭാമിനി പറഞ്ഞുതുടങ്ങി: "അതേയ്, ഈ വരൻ ആരാണെന്നൊന്ന് കേൾക്കട്ടേ? അത് ഇതേവരെ കേട്ടില്ലല്ലോ!"

ഭാര്യയുടെ ഭാവംകണ്ട് ശംഭു കുറച്ച് വല്ലാതായി. എന്നാലും വാക്കുകളിൽ സാഹസം കാണിക്കാൻ ശ്രമിച്ചു: "ആരായാലും നിനക്കെന്താ?"

ചാണകം പുരണ്ട കൈകൾ മുന്നോട്ടു നീട്ടിപ്പിടിച്ച് ആംഗ്യ

ങ്ങൾ കാണിച്ച് നിന്നിടത്തുനിന്ന് ബാക്കിഭാഗം മുറ്റം നൃത്തഭംഗിയിൽ നടന്നടുത്തു ഭാമിനി. അവരുടെ 'മധുരകണ്ഠം' അടുത്ത വീട്ടുകാർക്കെല്ലാം കേൾക്കാവുന്നത്ര ഉച്ചത്തിലായിരുന്നു.

"അമ്മാമനാണത്രേ! വലിയ അമ്മാമത്വം കാണിക്കാൻ വന്നിരിക്കുന്നു! നവീൻെറകൂടെ കല്യാണം കഴിപ്പിക്കുംപോലും! അപ്പോൾ പലിശ നൂറുരൂപ ഒഴിവാക്കിക്കിട്ടുമല്ലോ, അല്ലേ? അതു കൊണ്ടാണ് നവീൻ ഇത്ര നല്ല വരനായത് എന്ന് എനിക്കറിയില്ലേ! ശരിയാണേയ്! എൻെറ സ്വന്തം ചേട്ടനെ എനിക്ക് അറിയില്ലല്ലോ! കള്ളും കഞ്ചാവും ആയി കഴിഞ്ഞ് തൻെറ അഞ്ചുകുട്ടികളുടെ അമ്മയെ എട്ടുമാസം ഗർഭമുള്ളപ്പോൾ ചവിട്ടിക്കൊന്നവനല്ലേ! അത്ര നല്ല വരൻ വേറെ എങ്ങാനും ഉണ്ടാകുമോ? ഒരു മാറ് കയറ് കിട്ടിയില്ല്യേ നിങ്ങൾക്ക്! കഷ്ടം! കഷ്ടം!"

സഹോദരിയുടെയും മരുമകളുടെയും മുമ്പിൽ കോപം നിയന്ത്രിക്കാൻ ശംഭുവിനായില്ല. ഒരുകാലിലെ മെതിയടി ഊരിയെടുത്ത് അട്ടഹസിച്ചു: "നിന്നോടവിടെ മിണ്ടാതിരിക്കാനാണ് പറഞ്ഞത്. തന്തക്ക് പിറക്കാത്തവൾ!"

'കരിങ്കൊള്ളി' കത്താൻ തുടങ്ങി. എഴുതിയാലും വായിച്ചാലും ഒന്നും മനസ്സിലാക്കാൻ കഴിയാത്ത ഒരുതരം ഭയാവഹമായ മുഖഭാവത്തോടെ ഭാമിനി ഉറക്കെപറഞ്ഞു: "അതേയതേ! എന്നെ തന്തക്ക് പിറക്കാത്തവൾ എന്നു പറയുന്നോ? ഇനി ഒരിക്കൽ ആ വാക്ക് ഉപയോഗിച്ചാൽ കത്തുന്ന കൊള്ളി ആ വായിൽ തള്ളിയില്ലെങ്കിൽ പഞ്ചുഘോഷലിൻെറ മകളല്ല ഈ ഞാൻ, പറഞ്ഞേക്കാം! നിർബന്ധിച്ച് കല്യാണം കഴിപ്പിക്കുമോ? എന്തിന്? നിങ്ങൾ ആരാണ്? മകളേയുംകൊണ്ട് രണ്ടുദിവസം സ്വൈരമായി ഇവിടെ താമസിക്കാമെന്ന്വെച്ച് വന്നതാണ് അവർ. എന്നിട്ട് എന്തിനവരെ രാവുംപകലും ഈവിധം ഉപദ്രവിക്കുന്നു? മത്സ്യം നന്നാക്കുന്ന കത്തി കണ്ടിട്ടില്ലെങ്കിൽ ഒന്ന് നോക്കിവെച്ചോളൂ. അളിയൻെറയും അളിയൻെറയും, രണ്ടെണ്ണത്തിൻെറയും ചെവിയും മൂക്കും അറത്ത് വിട്ടില്ലെങ്കിൽ എൻെറ പേര് ഭാമിനി എന്നല്ല, ഓർമ്മയിരിക്കട്ടേ!"

ഈ ഭയങ്കരമൂർത്തിക്കു മുൻപിൽ ശംഭുവിന്ന് പിന്നീടൊന്നും സംസാരിക്കാനായില്ല. വേഗം അകത്തേക്ക് കടന്നുപോയി. ഭാമിനി ദുർഗ്ഗയോടായി തുടർന്നു: "അത്ര നേർബുദ്ധി ആണെന്നാണോ വിചാരം? നിങ്ങൾ വന്നപ്പോൾതൊട്ട് തുടങ്ങിയതാണ് ഓരോ കുതന്ത്രങ്ങൾ ആലോചിക്കല്. എങ്ങിനെയെങ്കിലും ഈ സ്വർണ്ണപ്രതിമയെ ആ കുരങ്ങൻെറ കൈയിലേൽപ്പിച്ച് തൻെറ കടം തീർത്ത് നിലം ഒഴിപ്പിച്ചു മേടിക്കാനുള്ള സൂത്രങ്ങളാണ് ഇതെല്ലാം. എന്നിട്ട് വലിയ അമ്മാമനാണെന്നും പറഞ്ഞ് ഞെളിയുന്നു!"

ഒന്ന് ശ്വാസംകഴിച്ചശേഷം വീണ്ടും തുടർന്നു: "പറഞ്ഞാൽ

നിങ്ങൾക്ക് വിഷമമായെങ്കിലോ എന്നുവെച്ച് ഇതേവരെ പറയാൻ മടിച്ചു. ആ പെൺകുട്ടി ഇവിടെ പനി കലശലായി ചാവാൻ പോകുന്നു! ഒരു നല്ല ഡോക്ടറെ വിളിച്ച് കാണിക്കാൻ ഞാനെത്ര പറഞ്ഞു എന്നോ? അപ്പോൾ എന്താ പറഞ്ഞേ? 'അത്രക്ക് കാശൊന്നും എൻെറ കൈയ്യിലില്ല'. എന്ന്! എൻെറ ഒരു അരഞ്ഞാണം ഉണ്ടായിരുന്നത് പണയംവെച്ചാണ് ഡോക്ടറെ കൊണ്ടു വന്നത്. എന്നിട്ടും പറയുന്നതെന്താണ്? 'ഞാൻ അമ്മാമനാണ്,' എന്താണിഷ്ടമെന്നുവെച്ചാൽ ചെയ്യുമത്രെ! ദുഷ്ടൻ! ഇന്നുതന്നെ എല്ലാ ഒരുക്കങ്ങളും ഞാൻ ചെയ്തുതരാം. അവിടെപ്പോയി മകളുടെ കല്യാണം കഴിഞ്ഞതിനുശേഷം എപ്പോൾ വേണമെങ്കിലും വന്നോളൂ."

ദുർഗ്ഗ തൂണിന്മേൽ ചാരി അവിടെത്തന്നെ ഇരുന്നു. അവരുടെ കണ്ണുകൾ തോരാതെ വർഷിച്ചുകൊണ്ടിരുന്നു.

അവിടെ ഇല്ലാത്ത ഭർത്താവിനെ ഉദ്ദേശിച്ച് സ്വരം താഴ്ത്തി ഭാമിനി പറഞ്ഞു: "ആരും ഇല്ലാത്തവരാണ് എന്നുവെച്ച് ഈ വക പാപം ചെയ്യണോ? എന്താ, മുകളിൽ ഭഗവാനില്ലെ? എന്താണുള്ളത് എന്നുവെച്ചാൽ അതു കഴിച്ച് ജീവിച്ചാൽ മതി എന്നാണ് ഞാൻ പറയുന്നത്. അന്യനെ പറ്റിച്ചുതിന്ന് പള്ള വീർപ്പിക്കുന്നതെന്തിനാണ്? അങ്ങിനെയുള്ളവർക്ക് ഭഗവാൻ ഒരിക്കലും നന്മ വരുത്തില്ല."

അന്നുച്ചക്കുതന്നെ പുറപ്പെടാനുള്ള ഒരുക്കങ്ങൾ ചെയ്തു. കാളവണ്ടിയിൽ കയറുന്നതിനുമുമ്പായി ദുർഗ്ഗ തലകുനിച്ച് 'കരിങ്കൊള്ളി'യുടെ ചരണങ്ങൾ കണ്ണുനീരുകൊണ്ട് നല്ലപോലെ നനച്ചു. പറഞ്ഞു: "എൻെറ ചേട്ടൻെറ ഭാര്യയായിപ്പോയില്ല്യെ നീ? ഒന്ന് ആശീർവ്വദിക്കാനും നിവൃത്തിയില്ല. ഭഗവാൻ നിങ്ങളെ രക്ഷിക്കട്ടെ! ഞാൻ കാരണം ഒരു അരഞ്ഞാണമുള്ളതും കളഞ്ഞുകുളിക്കേണ്ടിവന്നില്ലേ?"

ഭാമിനി തൊണ്ണു മുഴുവനും പുറത്തുകാണിച്ച് ചിരിച്ചുകൊണ്ടു പറഞ്ഞു: "അരഞ്ഞാൺ പോയി തുലയട്ടേ! ഇങ്ങിനെ പറയൂ: കൈയ്യിലെ ഇരുമ്പുവള (ഭർത്താവുള്ള സ്ത്രീ ഇടത്തേകൈയ്യിൽ ധരിച്ചിരിക്കേണ്ടത്)യുമായി കഴിയാൻ, ഭർത്താവിനെയും മക്കളേയും ഗോബ്രാഹ്മണരെയും പരിചരിച്ച് ജീവിതം അവസാനിക്കാൻ കഴിയട്ടേ! വയ്യാത്ത ശരീരവുംകൊണ്ട് അധികനേരം നിൽക്കണ്ട. വണ്ടിയിൽ കയറൂ. ഗേനീ, അമ്മാമൻെറയും അമ്മായിയുടെയും വീട്ടിൽ വന്നിട്ട് നിനക്കേറെ ദുഃഖം സഹിക്കേണ്ടിവന്നു. പക്ഷെ ഇനിയും വരണേ! മറക്കല്ലേ!"ജ്ഞാനദയുടെ കൈയ്യിൽ നിർബന്ധിച്ച് രണ്ടു രൂപവെച്ചു ഭാമിനി.

കാളവണ്ടി നീങ്ങിയപ്പോൾ ദുർഗ്ഗ കണ്ണുതുടച്ച് പറഞ്ഞു: "അറിയാതെ ചെയ്ത തെറ്റെല്ലാം ക്ഷമിക്കണേ!"

ഇത്തവണ ഭാമിനി തൊണ്ണുകാട്ടി ചിരിച്ചില്ല. പകരം സ്വന്തം കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു: "ഭാഗ്യദോഷം! തെറ്റെല്ലാം

ഞങ്ങളുടേതാണ്. നോക്ക് ഗേനീ, ഞങ്ങളോട് ദേഷ്യം തോന്നരുത്, കേട്ടോ. വരുന്നകൊല്ലം ചക്കയും മാങ്ങയും ധാരാളമുള്ള സമയത്ത് ഭർത്താവിനേയും കൂട്ടിവാ." പിൻകൈകൊണ്ട് അവർ വീണ്ടും തുടച്ചു.

ആറ്

വിവരം അറിയിക്കേണ്ടതില്ല എന്ന് വിചാരിച്ച് എഴുത്തൊന്നും അയക്കാതെയാണ് ദുർഗ്ഗയും ജ്ഞാനദയും തിരിച്ചെത്തിയത്.

ജ്ഞാനദയുടെ മുഖം കണ്ടതും വല്യമ്മക്ക് ചിരിച്ചിട്ട് ബോധമില്ല. "അല്ലാ എന്താടീ ഗേനീ ഇത്? കവിളും മറ്റും വീർത്ത് കണ്ടാൽ അറിയില്ലല്ലോ. എൻറമ്മേ! ഇങ്ങിനേം ഉണ്ടോ ഒരു പെണ്ണ്! നിൻെറ തലയില് കഷണ്ടി കയറിയോടീ? അനിയത്തി അമ്മേ, ഇങ്ങോട്ടൊന്നു വേഗം വരീൻ! നമ്മുടെ ജ്ഞാനദസുന്ദരിയെ ഒരു നോക്ക് കണ്ടിട്ട് പോവിൻ കൂട്ടരേ! നിൻെറ തൊലിയുടെ നിറം ഇങ്ങിനെ ആയതേയ് പഴുപ്പിച്ച കമ്പി വെച്ച് നിൻെറ ദേഹം മുഴുവനും പൊള്ളിച്ചോടീ?"

ജ്ഞാനദ ഒരു ഉത്തരവും പറയാതെ കഴുത്തു കുനിച്ച് ഒരിടത്തിരുന്നു. ചെറിയമ്മ പുറത്തേക്കുവന്നപ്പോൾ വേഗം എണീറ്റുചെന്ന് പ്രണമിച്ചു. അവർ ഒന്നു ഞെട്ടി. ചോദിച്ചു: "അയ്യയ്യോ! ഇതെന്തു കോലമായെടീ നീ?"

വല്യമ്മയുടെ അതിശയോക്തി മറ്റൊരു തരത്തിലായി. "മുളങ്കാട്ടിലെ പ്രേതമാണ് പ്രേതം! ഇരുട്ടത്ത് കണ്ടാല് പേടിച്ചു പോകും." ഇത് പറഞ്ഞ് അവർ കുലുങ്ങിക്കുലുങ്ങി ചിരിച്ചു.

ഇന്നെന്തോ അനിയത്തിഅമ്മ ചേച്ചിയോടൊപ്പം ചിരിച്ചില്ല. എത്രയൊക്കെ ആയാലും അവരും ഒരമ്മയല്ലേ!

എല്ലും കോലും മാത്രമായി വിളർത്തമുഖത്തോടുകൂടിയ ഈ പെൺകുട്ടിക്കുവേണ്ടി അവരിലെ മാതൃഹൃദയം എന്തെന്നില്ലാതെ വേദനിച്ചു. ജ്ഞാനദയുടെ അടുത്ത് ചെന്നിരുന്ന് അവളുടെ തലയിലും മുഖത്തും തലോടി. സുഖക്കേടിൻെറ വിവരങ്ങളെല്ലാം ഒന്നൊന്നായി ചോദിച്ചു. എല്ലാം കേട്ടതിനു ശേഷം പറഞ്ഞു: "സുഖക്കേടുവന്നപ്പോൾത്തന്നെ എന്തേ നീ ഇങ്ങോട്ട് പോരാഞ്ഞത്? ഞാൻ നിങ്ങളോട് വരരുത് എന്ന് ഒരിക്കലും പറഞ്ഞിട്ടില്ലല്ലോ. നിൻെറ അമ്മ എവിടെ?"

"അമ്മക്ക് വണ്ടിയിൽവെച്ചുതന്നെ പനിതുടങ്ങി. അകത്ത് കിടക്കുകയാണ്."

സ്വർണ്ണം പറഞ്ഞു: "വരില്ല്യേ പിന്നേ? എത്രയായാലും ഞാനവളുടെ ചേച്ചിയല്ലേ? അങ്ങിനെ ഇടഞ്ഞ് ഇറങ്ങിപ്പോ

യാൽ നേരെയാകുമോ?"

ജ്ഞാനദയുടെ കൈപിടിച്ച് അവളുടെ അമ്മയെ കാണാനായി അനിയത്തി അമ്മ അകത്തേക്കു നടന്നു. വലിയ ഏടത്തി അമ്മയുടെ ആവശ്യത്തിനും അനാവശ്യത്തിനും ഉള്ള കടുത്ത വാക്കുകൾ ഇന്നെന്തോ അനിയത്തി അമ്മക്ക് പിടിച്ചില്ല. അതിനാൽ പറഞ്ഞു: "എൻെറ ചേച്ചീ, ചേച്ചി രണ്ടു കൊല്ലം മധ്യ-സംക്രാന്തിവ്രതം എടുക്കൂ. ഇനിയൊരു ജന്മത്തിലെങ്കിലും നാവിൻെറ തുമ്പത്ത് കുറച്ചു നല്ല വാക്കുകൾ വരട്ടേ!"

അപ്രതീക്ഷിതമായി ഈ അഭിപ്രായം കേട്ടപ്പോൾ വലിയ ഏടത്തി അമ്മ എന്തെന്നില്ലാതെ വിസ്മയിച്ചുപോയി. അടുത്ത നിമിഷത്തിൽ ഉറക്കെ പറഞ്ഞു: "അതേയതേ നല്ലതുതന്നെ! ഓ നല്ലതുതന്നെ! ഇത്രയും കാലത്തിനുശേഷം ഇപ്പോഴെങ്കിലും നിനക്കിവരോട് അലിവ് തോന്നിയല്ലോ! എടീ, നിനക്ക് എന്തൊക്കെ നാട്യങ്ങളാണ് അറിയുക?"

മറുപടിയൊന്നും പറയാതെ ജ്ഞാനദയുടെ കൈപിടിച്ച് അനിയത്തിഅമ്മ ദുർഗ്ഗയുടെ മുറിയിലേയ്ക്കു പോയി. ആ പോക്ക് ജ്ഞാനദയെ സംബന്ധിച്ചിടത്തോളം ആപത്ക്കരമായിത്തീരുകയാണ് ചെയ്തത്. എന്തുകൊണ്ടെന്നാൽ അവളുടെ അമ്മയുടെ നേരേ സ്വർണ്ണത്തിനുള്ള ദ്വേഷത്തിന് അല്ലെങ്കിൽ ത്തന്നെ അതിരില്ല. അനിയത്തി അമ്മയുടെ ഭാഗം പിടിച്ചുള്ള പെരുമാറ്റവും കൂടി ആയപ്പോൾ തീയ്യിൽ നെയ്യൊഴിച്ച ഫലമായി.

ഹരിപാലിൽവെച്ച് പനിവന്നാൽ ദുർഗ്ഗ ഒരുവശത്ത് അനങ്ങാതെ കിടക്കാറാണ് പതിവ്. പനി വിട്ടാൽ കുറേശ്ശെ എണീറ്റു നടക്കും, സാധിച്ചെങ്കിൽ കുളിച്ച് പൂജയും മറ്റും ചെയ്യും, ചില നേരങ്ങളിൽ തോന്നിയാൽ ഒരു പിടി ചോറ് ഉണ്ണും- ഇതായിരുന്നു ചിട്ട.

അവിടെ അങ്ങിനെ കഴിഞ്ഞിരുന്നത് വിട്ട് ഇവിടെ വന്നതോടെ ചിട്ടയെല്ലാം മാറി. ഇവിടെ അയൽപക്കത്തുള്ള സ്ത്രീകൾ സഹതാപം കാണിക്കാൻ അടുത്ത് വന്നിരുന്നു. നാലഞ്ചുദിവസത്തിനകം ദുർഗ്ഗ തീരെ എണീക്കാൻ വയ്യാത്തവിധം കിടപ്പിലായി. നീലകൺഠമുഖർജ്ജിയുടെ കുടുംബക്കാരെല്ലാവരും വന്ന് ദുർഗ്ഗയുടെ സ്ഥിതി കണ്ട് ഇതിലധികം നിരാശരാകേണ്ടതില്ല. ഇനി ആശക്ക് ഒരു വകയുമില്ല എന്ന ഭാവത്തിൽ മുഖർജ്ജിയുടെ ഭാര്യ ചോദിച്ചു: "ഇതെന്താണീ ചെയ്യുണത്, ചെറിയമ്മേ? മോളുടെ കല്യാണം ഇനീം കഴിച്ചിട്ടില്ല! അവളുടെ മുഖത്തേക്ക് നോക്കാൻ കൊള്ളരുതാത്ത വിധമായല്ലോ!"

ശാന്തനയനങ്ങൾ പതുക്കെ തുറന്ന് ക്ഷീണിച്ച സ്വരത്തിൽ പതുക്കെപ്പതുക്കെ ദുർഗ്ഗ പറഞ്ഞു: "ആർക്കറിയാം അമ്മായീ? ഭഗവാൻ അവളോട് എന്നാണാവോ ദയ കാണിക്കാൻ പോകുന്നത്?"

"അതു പറഞ്ഞാലായില്ലല്ലോ. ശ്രമിക്കാതെ എന്തെങ്കിലും നട

ക്കുമോ? ഭഗവാൻ വരനെ നിങ്ങൾക്ക് അടുത്തു കൊണ്ടുവന്നു തരുമോ?"

ദുർഗ്ഗ പിന്നീടൊന്നും പറഞ്ഞില്ല. മറുപടിക്കായി ഒരു നിമിഷം കാത്തശേഷം അവർതന്നെ തുടർന്നു: "അച്ഛൻെറ വീട്ടിലേക്കല്ലേ പോയത്? അവിടേം ഒന്നും ഒത്തില്ല്യേ? ഇവിടെ നിങ്ങളുടെ അനിയൻ എന്താണ് പറയുന്നത്?"

"ആർക്കറിയാം! ഭഗവാനു മാത്രമറിയാം" എന്നു മാത്രം പറഞ്ഞ് ദുർഗ്ഗ ഒരുവശം തിരിഞ്ഞുകിടന്നു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ആദരിണി സന്ദർശിക്കാനെത്തി. വാതിലിൻെറ പുറത്തുനിന്ന് വിളിച്ചു ചോദിച്ചു: "ഇന്നെങ്ങിനെയുണ്ട്, ഏടത്തിയമ്മേ?"

ജ്ഞാനദ കിടക്കയുടെ അറ്റത്തിരുന്ന് അമ്മയുടെ കാൽ തടവിക്കൊടുക്കുകയായിരുന്നു അവൾ പറഞ്ഞു: "പനി ഇനിയും വിട്ടിട്ടില്ല അമ്മായീ!"

ദുർഗ്ഗ തല മാത്രം തിരിച്ച് ആരാണ് വന്നിരിക്കുന്നതെന്ന് നോക്കിയശേഷം പറഞ്ഞു: " വരൂ..ഇരിക്കൂ"

"ഇല്ല. നേരമില്ല. ഇനി ഇരുന്നാൽ പറ്റില്ല. അപ്പോൾ എന്താണ് ഞാൻ പറയുന്നതെന്നോ. ആരെയെങ്കിലും തേടിപിടിച്ച് ഇവളുടെ കൈ ഒന്നേൽപ്പിക്കണ്ടേ? ഇനീം വൈകിക്കല്ലേ. പറയരുതാത്തതാണ്, എന്നാലും-. ആദ്യമൊക്കെ ഇവൾക്കൊരു മുഖശ്രീ ഉണ്ടായിരുന്നു. മലേറിയവന്ന് ഇപ്പോൾ മുഖം കണ്ടില്ല്യേ, തനികരിഞ്ഞ കൊള്ളിതന്നെ! ശേനീ, നിൻെറ തലമുടിയൊക്കെ എവിടെ? കൊഴിഞ്ഞുപോയോടീ?"

ജ്ഞാനദ കഴുത്തൊന്നനക്കി പഴയപടി തലകുനിച്ചിരുന്നു. ആദരണി തൻെറ സ്വരത്തിൽ മാർദ്ദവം കലർത്തി ചോദിച്ചു:"ആ ഗോപാൽ ഭട്ടചാർജ്ജി ഇനീം കല്യാണം കഴിക്കാൻ പോണൂ എന്നുകേട്ടുവല്ലോ. അനാഥചേട്ടനെ പറഞ്ഞയച്ച് ഒന്നു വിവരം അറിയായിരുന്നില്ലേ ചെറിയമ്മേ?"

"ശരി. പറയാം." ദുർഗ്ഗ ദീർഘമായൊന്ന് നിശ്വസിച്ചശേഷം ചുമരിൻെറ വശത്തേക്ക് തിരിഞ്ഞുകിടന്നു.

ഈവിധത്തിൽ എത്രപേരാണ് ഒരുദിവസം ഹിതോപദേശങ്ങൾ നൽകാൻ ദുർഗ്ഗയുടെ അടുത്തെത്തുന്നത് എന്നതിന് കണക്കില്ല. പക്ഷേ ദുർഗ്ഗ കേൾക്കാനായി കാത്തിരുന്ന കാലടിശബ്ദം മാത്രം അടുത്തു വന്നില്ല. അതുലോ അതുലിൻെറ അമ്മയോ വരുകയുണ്ടായില്ല.

അനിയത്തി അമ്മക്ക് കുറേശ്ശെ ദയവും വിണ്ടുവിചാരവും ഉണ്ടായിരുന്നു. എന്നാലും അവർ വളരെ അലസയാണ്. ഒന്നിനും നേരമില്ല. അതിനാൽ സ്വർണ്ണം ജ്ഞാനദയെ വിളിച്ചു പറഞ്ഞു: "മോളേ, രോഗമാണെന്നുംപറഞ്ഞ് എൻ്റും കഴിയാനൊന്നും ആവില്ല. പക്ഷേ നീ വലുതായില്ലേ? രാവിലെ

നേരത്തേ എണീറ്റ് നിൻെറ ചെറിയച്ഛനുള്ള ചോറ് നിനക്കുണ്ടാക്കി കൊടുത്തുകൂടേ?"

മുറിക്കകത്തിരുന്ന് അനിയത്തിയമ്മ ഇതുകേട്ടു. കാര്യം അന്യായമാണെന്നുതോന്നിയാലും മൗനം പാലിച്ചു. അന്യരുടെ ദു:ഖത്തിൽ അവർക്ക് ദുഖം തോന്നാറുണ്ട്. എന്നുവെച്ച് സ്വന്തം ശ്രമം കൊണ്ട് ആ ദ:ഖം ഇല്ലാതാക്കുക എന്നത് അവർക്ക് സാധ്യമല്ല.

ജ്ഞാനദ ഉടനെ സമ്മതിച്ചുകൊണ്ടു പറഞ്ഞു:"ഞാൻ വച്ചു കൊടുത്തോളാം വല്ല്യമ്മേ. "

അവൾക്ക് എന്നും രാത്രി പനി വരുന്നുണ്ട്. അമ്മയെ കൂടുതൽ ദു:ഖിപ്പിക്കരുതല്ലോ എന്നു വിചാരിച്ച് തൻെറ രാപ്പനിയുടെകാര്യം അവൾ അറിയിക്കാതെ കഴിച്ചു കൂട്ടി. തൊണ്ടായിക്കഴിഞ്ഞ സ്വന്തം ശരീരത്തിനെ അതിരാവിലെ കിടക്കയിൽ നിന്ന് വലിച്ചെണീപ്പിക്കുക എന്നത് ജ്ഞാനദക്ക് വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. എന്നാലും ചെയ്യുകയില്ല എന്നു പറയുകയോ മുഖം വീർപ്പിക്കുകയോ അവൾ പതിവില്ല.

പാവപ്പെട്ട അച്ഛനമ്മമാരുടെ സന്താനമാണെന്നിരിക്കിലും അവൾ ഒരേ ഒരു മകളായിരുന്നു. അവരുടെ എല്ലാവിധ സ്നേഹവും ലഭിച്ചു കൊണ്ടുതന്നെയാണ് അവൾ വളർന്നത്. ന്യായാന്യായ വിചാരലേശം കൂടാതെ ഗുരുജനങ്ങളുടെ ഏതാജ്ഞയും പാലിക്കുക, വായതുറക്കാതെ എല്ലാം സഹിക്കുക ഈവകക്കെല്ലാം ആ കുടുംബത്തിൽ ജ്ഞാനദയെപ്പോലെ മറ്റാരും ഉണ്ടായിരുന്നില്ല.

എത്ര വലിയൊരു ഭാരമാണ് ഇന്നവൾ ഏറ്റിരിക്കുന്നതെന്ന് മറ്റാരും മനസ്സിലാക്കിയില്ലെങ്കിലും അവളുടെ ചെറിയമ്മ മനസ്സിലാക്കി. അതുകൊണ്ടുതന്നെ, വലിയേട്ടത്തിയമ്മയുടെ ഈ ആദേശം അനിയത്തിയമ്മയെ വല്ലാതെ ഉലച്ചു. എന്നാലും എതിർത്തൊരു വാക്കു പറയാൻ മുതിർന്നില്ല. പറഞ്ഞാൽ അതിരാവിലെ വെപ്പുപണി അവർക്കുതന്നെ നോക്കേണ്ടി വരില്ലേ.

അടുത്തദിവസം പതിവുസമയത്ത് ചെറിയച്ഛൻ കുളിക്കാൻ പോകുന്നതുകണ്ടപ്പോൾ ഉണ്ണാനുള്ള കിണ്ണവും മറ്റും ഒരുക്കിവെക്കാൻ ജ്ഞാനദ ഒരുങ്ങി. ആ നേരത്ത് എവിടെനിന്നോ കൊടുങ്കാറ്റുപോലെ അവളുടെ സ്വർണ്ണ വല്ല്യമ്മ ഓടിയെത്തി ചോദിച്ചു: "എവിടേക്കാടീപോകുന്നത് ഗേനീ?"

ജ്ഞാനദ സംശയിച്ച് മറുപടി പറഞ്ഞു: "ചെറിയച്ഛൻ കുളിക്കാൻ പോയില്ലേ.....

"അതിന് നിനക്കെന്താ?" എന്ന് ഉറക്കെ വല്ല്യമ്മ ചോദിച്ചു. തുടർന്ന് അവർതന്നെ വീണ്ടും ചോദിച്ചു: "നിന്നോട് ചോറു വിളമ്പികൊടുക്കാൻ പാടില്ല എന്നു പറഞ്ഞിട്ടില്ലേ? നീ വിളമ്പിയ ചോറ് പുരുഷൻമാരാരെങ്കിലും കഴിക്കുമോ?"

ദുർഗ്ഗ എണീററ് അപ്പോൾ കതകിന്നരികിൽ വന്നിരുന്നതേ

യുള്ളൂ, എന്താണിവിടെ ഇത്ര ഉറക്കെ സംസാരിക്കുന്നതെന്ന് അവർ ചെവിടോർത്തു.

അനിയത്തി അമ്മ പുറത്തേക്കുവന്ന് ചോദിച്ചു; "എന്താ, എന്താണുണ്ടായത്, ചേച്ചീ?

ആരുടെനേരേയും നിശ്ശബ്ദയായി അനങ്ങാതെ നിൽക്കുന്ന ആ പാവം പെൺകുട്ടിയുടെ നേർക്ക് സ്വർണ്ണം ശകാരവർഷം പൊഴിച്ചു "സ്വന്തം കൈകൊണ്ട് കിണ്ണം വെച്ച് വിളമ്പിക്കൊടുത്താൽ ചെറിയച്ചൻ നിന്നെ തലയിൽ കയറ്റിവെച്ച് നൃത്തം വെക്കും! രാജകുമാരനെ കൊണ്ടുവന്ന് നിൻെറ കല്യാണം കഴിപ്പിക്കും! അല്ല! ഇത്ര ചെറുപ്രായത്തിൽ തന്നെ അന്യരുടെ മനസ്സിനെ ആകർഷിക്കാനൊക്കെ പഠിച്ചുവച്ചിരിക്കുന്നത് കണ്ടില്ലേ" ഈവിധം പറയുന്നതിനോടൊപ്പം അവർ ജ്ഞാനദയുടെ കൈയിൽ നിന്ന് കിണ്ണം തട്ടിപ്പറിച്ചു.

ദുർഗ്ഗ ഇതെല്ലാം കണ്ടും കേട്ടും തീരെസഹിക്കാനാകാതെ കരഞ്ഞുകൊണ്ട് മകളോട് പറഞ്ഞു "എടീ കരീമോറീ, മൂത്തവരുടെ വാക്കുകേട്ട് നടക്കാനാവില്ലെങ്കിൽ നിനക്ക്പോയീ ചത്തൂടേ?"

ജ്ഞാനദ ഒരക്ഷരം ശബ്ദിക്കാതെ അടുക്കളയിലേക്ക് കടന്നുപോയി, ഇക്കാര്യം ചെയരുതെന്ന് അവളെ ആരും നിഷേധിച്ചിരുന്നില്ല എന്നവൾക്ക് പറയാമായിരുന്നു, പക്ഷേ പറഞ്ഞില്ല. വായതുറന്ന് എതിർത്തെന്തെങ്കിലും പറയാൻ അവൾക്കറിയില്ല എന്നുതോന്നുന്നു.

ഇക്കാര്യത്തിൽ എതിർത്തു പറയാനാവുന്ന ഒരാളുണ്ടെങ്കിൽ അനിയത്തിഅമ്മ ആയിരുന്നു. പക്ഷേ ചേച്ചിയെ അവർക്കും നല്ലപോലെഅറിയാം. അതുകൊണ്ട് അവരും ഒന്നും പറഞ്ഞില്ല. ചേച്ചി എത്രത്തോളം മുഖരയാണോ അത്രതന്നെ ആത്മജ്ഞാനശൂന്യയുമാണ്. ഒരായിരം ദോഷം നേരിട്ട് ചൂണ്ടിക്കാണിച്ചു കൊടുത്താലും അവർക്ക് നാണമെന്നതില്ല, എന്നാൽ കൂടുതൽ നിഷ്ഠൂരയായി തുടർന്നു വേദനിപ്പിക്കുവാൻ മടിക്കുകയില്ല എന്നറിയുന്നതുകൊണ്ടാണ് അനിയത്തിഅമ്മ ജ്ഞാനദയുടെ പിന്നാലെ അടുക്കളയിലേക്ക് ചെന്നത്. സ്നേഹത്തോടും ദയവോടും കൂടി അടുപ്പംകാണിച്ച് അവളുടെ രണ്ടു കൈയും പിടിച്ച് അവളെ സമാധാനിപ്പിച്ചു"ചേച്ചി പറയുന്നതുപോലെ ചെയാഞ്ഞതെന്തേ മോളേ?"

ഇത്രയും നേരം കേൾക്കേണ്ടിവന്ന കഠോരനിന്ദ ജ്ഞാനദ നിശ്ശബ്ദം സഹിച്ചു. എന്നാൽ ചെറിയമ്മയുടെ ഈ ചോദ്യം അവൾക്ക് സഹിക്കാനായില്ല. കണ്ണുകളുയർത്തി ചെറിയമ്മയെ ഒന്നു നോക്കി അവരുടെ കാൽക്കൽ വീണ് കരഞ്ഞു "എന്നോട് ആരും പറഞ്ഞില്ലല്ലോ ചെറിയമ്മേ" അവൾ പൊട്ടിപ്പൊട്ടി കരഞ്ഞു.

ചെറിയമ്മ അടുത്തിരുന്ന് അവളുടെ കണ്ണും മുഖവും തുട

ച്ചുകൊടുത്തു. പക്ഷേ എന്തു പറഞ്ഞാണ് അവളെ സാന്ത്വനപ്പെടുത്തേണ്ടതെന്ന് ആലോചിച്ചിട്ട് കിട്ടിയില്ല.

ഈ ഭാഗ്യംകെട്ട അവിവാഹിതയായ പെൺകുട്ടിയുടെ ദിവസങ്ങൾ ഈ വിധത്തിൽ കടന്നുപോയി. വീട്ടിലും പുറത്തും അടുത്തവരും അന്യരും അവളെ പഴി പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ അവളെ ഇതിൽ നിന്ന് രക്ഷിക്കാനുള്ള മാർഗ്ഗം എന്തെന്ന് ശ്രമിക്കാൻ ആരുമുണ്ടായില്ല.

ഏഴ്

സഹായിച്ചു കൊടുത്തില്ലെങ്കിൽ ഈയിടെയായി ദുർഗ്ഗക്ക് എണീക്കാൻ വയ്യാതായിരിക്കുന്നു. എല്ലാ കാര്യങ്ങൾക്കും മകൾ അടുത്തുവേണം. ആയിരം പണിയുണ്ടെങ്കിലും ജ്ഞാനദ പലപ്രാവശ്യം അകത്തേക്ക് ചെന്ന് അമ്മയുടെ വിവരം അന്വേഷിക്കും, കുറച്ചുനേരം അടുത്തിരിക്കും.

ഇന്നു രാവിലെയും പണികൾക്കിടയിൽ കുറച്ചു സമയം ഒഴിവുണ്ടാക്കി അമ്മയുടെ അടുത്തിരുന്ന് പുറം ഉഴിഞ്ഞു കൊടുക്കുകയായിരുന്നു ജ്ഞാനദ. വളരെ പരിചയമുള്ള ഒരു ശബ്ദം പെട്ടെന്നവളെ ഞെട്ടിച്ചു.

ഹോളി പൗർണ്ണമിയാണന്ന്. മുടക്കമായതിനാൽ അതുൽ വീട്ടിലേക്കുവന്നിരിക്കുന്നു. അടുത്തവീടുകളിലെ വേറെയും രണ്ടു മൂന്നു കൂട്ടുകാർ കൂടെയുണ്ട്. മുഖത്തും ദേഹത്തിലും ഹോളിപ്പൊടിയുടെ നിറം തേച്ച് പോക്കറ്റിൽ നിറയെ നിറപ്പൊടിനിറച്ചാണ് "ചെറിയമ്മേ!" എന്ന് ഉറക്കെ വിളിച്ചുകൊണ്ട് അതുൽ അവരുടെ വീട്ടിലേക്ക് കടന്നുവന്നത്.

മയങ്ങിയും ഉണർന്നും നല്ല ബോധമില്ലാത്തപോലെയാണ് ദുർഗ്ഗ കിടന്നിരുന്നത്. ഈ ശബ്ദം കേട്ടാൽ അമ്മ ഉണർന്നെണീറ്റാലോ എന്ന് ജ്ഞാനദ ഭയന്നു. ദുർഗ്ഗയുടെ മനസ്സ് സദാസമയവും ഈ ഒരാളുടെ വരവാണ് പ്രതീക്ഷിക്കുന്നതെന്ന് മകൾക്കറിയില്ല. അമ്മയുടെ സ്വാഭാവികമായ ക്ഷമയും ഗാംഭീര്യവും സ്നേഹവും എല്ലാം ഇല്ലാതായിരിക്കുന്നു. വിവേകബുദ്ധിപോലും വേണ്ടത്രപ്രവർത്തിക്കാതായിരിക്കുന്നു. കലഹത്തിന്റെ നിഴൽ പോലും മണത്തറിഞ്ഞാൽ അവരിൽ ആശങ്ക ജനിക്കുകയായി. ഇതെല്ലാം മനസ്സിലാക്കിയിരുന്ന ജ്ഞാനദ വിചാരിച്ചു:'ഇവർ തമ്മിൽ കണ്ടാൽ വേണമെങ്കിൽ വലിയോരുവഴക്കുതന്നെ ഉണ്ടായേക്കാം. അതെങ്ങിനെ ഒഴിവാക്കാൻ കഴിയും.' വ്യാകുലയായ മകൾ അമ്മയുടെ കാല് തിരുമ്മിയിരുന്നത് നിർത്തി പതുക്കെ എണീറ്റു ചെന്ന് കതക് നല്ല പോലെ ചാരി, ഉടനെ

അമ്മ ചോദിച്ചു :"അതുലല്ലേ സംസാരിച്ചത്?"

അമ്മയുടെ അടുത്തേക്ക് വന്ന് ജ്ഞാനദ പറഞ്ഞു"ആർക്ക റിയാം അമ്മേ, അല്ല എന്നാണ് തോന്നുന്നത്" "അതേടീ, അതേ. അവൻ തന്നെയാണ്, നീ ചെന്നൊന്ന് നോക്ക്" തർക്കിക്കാൻ നിന്നാൽ അമ്മ കോപിക്കും എന്നവൾക്കറിയാം. അതിനാൽ പതുക്കെ എണീറ്റുചെന്ന് കതകിനിടയിൽകൂടി എത്തിനോ ക്കാൻ ശ്രമിച്ചു. ആരെയും കണ്ടില്ല. വരാന്തയുടെ അറ്റത്തുനിന്ന് മറ്റുപലരുടെയും ശബ്ദങ്ങൾക്കിടയിൽ ആ സ്വരവും അവൾ കേട്ടു. ഈ വിവരവും കൊണ്ട് അവൾക്ക് അമ്മയുടെ അടു ത്തേക്ക് തിരിച്ചു പോകാമായിരുന്നു. പക്ഷേ ആ മുഖമൊന്നു കാണാനുള്ള മോഹം അവളെ മുന്നോട്ട് വലിച്ചു കൊണ്ടു പോയി."

സാവധാനത്തിൽ കതകുതുറന്ന് പുറത്തേക്കുവന്നു. വരാ ന്തയിലെ ഒരു തൂണിൻെറ മറവിൽ നിന്ന് നോക്കി. വല്യമ്മ യുടെ കാലിൻമേൽ ഒരു കുടുന്നചുമന്നപൊടി ഇടുന്നതോടൊപ്പം അതുൽ ചിരിക്കുന്നുണ്ട്. കൂട്ടുകാരും അതാവർത്തിക്കുന്നു.

അനിയത്തിഅമ്മ അവിടെയെങ്ങുമില്ല. എന്തോ അസുഖം കാരണം പുറത്തേക്കുവന്നിട്ടില്ല. തിരിച്ച് അകത്തേക്ക് പോകാം പോകാം എന്നെത്രവിചാരിച്ചിട്ടും ജ്ഞാനദ അവിടെ തന്നെ നിന്നു. അതിനിടക്ക് അവൾ വിചാരിച്ചതു തന്നെ സംഭവിച്ചു. ആടി ആടി വീഴാൻ പോകും പോലെ നടന്നു നടന്ന് അമ്മ അവളുടെ അടുത്തെത്താറായി. ഓടിച്ചെന്ന് അവൾ അമ്മയുടെ കൈകളിൽ പിടിച്ച് നിർത്തി. അമ്മയോടവൾ അപേക്ഷിച്ചു "പോകല്ലേ അമ്മേ, അമ്മ അകത്തേക്ക് തിരിച്ചു പോകൂ"

ദുർഗ്ഗയുടെ നയനങ്ങൾ തുടുത്തിരുന്നു, ചോദിച്ചു "എന്തിന്?" "എന്തിനെന്നറിയില്ല, അമ്മ അകത്തേക്കുവരൂ, ഇനി ഒരാശയുമില്ല, അമ്മേ! "

"എന്നെവിട് നീ! ഭാഗ്യം കെട്ടതേ, വിടാനല്ലേപറഞ്ഞത്!" അമ്മ ഒരമാനുഷികശക്തിയോടെ മകളുടെ പിടിയിൽ നിന്ന് തന്നെ മുക്തയാക്കി മുന്നോട്ടു തന്നെ മെല്ലെനടന്നു. ജ്ഞാ നദ ഒരു പാവയെപ്പോലെ അമ്മയുടെ പിന്നിൽ ചെന്നു നിന്നു. എല്ലാവരും ആശ്ചര്യത്തോടെ അവരെ നോക്കി "ആര്? ചെറി യമ്മയോ!"എന്നു പറഞ്ഞ് ദുർഗ്ഗയുടെ നേരേ നോക്കിയപ്പോൾ എല്ലുന്തിനിൽക്കുന്ന ആ മുഖത്ത് ഒരു നരിയുടെ ഭാവമായി രുന്നു അതുൽ കണ്ടത്. ജ്വലിക്കുന്ന ആ കണ്ണുകളിലേക്കു നോക്കിനിൽക്കാതെ ഭയത്തോടെ കീഴ്പോട്ടു നോക്കി.

ദുർഗ്ഗ പറഞ്ഞു "അതുൽ, ഞങ്ങൾ എന്തു ദോഷമാണെടാ നിനക്ക് ചെയ്തത്? ഇങ്ങനെ ചെയ്ത് എന്തിന് നീ സർവ്വവും നശിപ്പിച്ചു?"

എന്തു മറുപടിയാണ് പറയുക എന്നറിയാതെ അതുൽ കുഴങ്ങി. അപരാധഭാരത്താൽ തല ഉയർത്താനായില്ല. എന്നാൽ

പറയേണ്ടപണി സ്വർണ്ണം ചെയ്തു. ഹൃദയം എന്ന ഒരു വസ്തു അവർക്കില്ല. അതിനാൽ ഒരു പ്രയാസവുമില്ലാതെ അവർ പറഞ്ഞു, എന്താണവൻ നശിപ്പിച്ചത്? കേക്കട്ടേ! ഞങ്ങളും പുല്ലൊന്നുമല്ലതിന്നുന്നത്. അവനിത്ര പഠിച്ചത് നിൻെറ മകളെ കല്യാണം കഴിക്കാനാണോ? ചോദിക്കാൻ വന്നിരിക്കുന്നു! അകത്തു പോയീകിടക്കു. എല്ലാവരും സന്തോഷിച്ച് വിശേഷദിവസം കൊണ്ടാടുമ്പോൾ എൻെറ വീട്ടിൽ അനാവശ്യം പറയാനും ചെയ്യാനും ഒരുങ്ങരുത്, പറഞ്ഞേക്കാം" "അനാവശ്യം ചെയ്യാനൊന്നുമല്ല ഞാൻ വന്നത്, ചേച്ചീ!" ഉടനെത്തന്നെ അതുലിൻെറ നേരെനോക്കി ദുർഗ്ഗ തുടർന്നു, "ഈ ഒരു കൊല്ലം ഞങ്ങളെങ്ങിനെയാണ് കഴിഞ്ഞതെന്ന് നിനക്കറിയില്ല അതുൽ. പക്ഷേ ഭഗവാനറിയാം. ഇതാണ് നിൻെറ വിചാരമെങ്കിൽ മരണസമയത്ത് അദ്ദേഹത്തിന് എന്തിനാണ് ആശക്ക് വഴി നൽകിയത്? അപ്പോഴേ എന്തുകൊണ്ട് തുറന്ന് പറഞ്ഞില്ല?"

കോപിച്ചെണീററ് സ്വർണ്ണം പറഞ്ഞു, "ഭഗവാൻെറ പേരു പറഞ്ഞ് അവനെ ഭയപ്പെടുത്തുകയൊന്നും വേണ്ട, അത് നല്ലതിനല്ല, ഞങ്ങൾ ജീവിച്ചിരിക്കുമ്പോൾ കാര്യം പറയാനുള്ള ആൾ അവനല്ല"

ഇത്രയും പേരുടെ മുമ്പിൽ സ്വയം അപമാനിതനായതായി അതുലിന് തോന്നിയിരിക്കുകയായിരിന്നു. സ്വർണ്ണച്ചെറിയമ്മയുടെ വാക്കുകളുടെ ബലം കിട്ടിയപ്പോൾ അവൻ പറഞ്ഞു, "കല്യണം കഴിക്കാമെന്ന് എൻെറ ഇഷ്ടപ്രകാരം വാക്കു കൊടുത്തതാണോ? കാല്ക്കൽ വീണ്എന്തുചെയ്താലും കാലും, തല ഇട്ടടിച്ച് 'ഒന്ന് അച്ഛനോട് പറയൂ' എന്നു കരയാൻ തുടങ്ങി. പിന്നെ എന്തു ചെയ്യും? അത്രയും പേരുടെ മുമ്പിൽ എനിക്കാണെങ്കിൽ നിൽക്കാൻ വയ്യാതായി, അപ്പോൾ കാല് വിട്ടു കിട്ടാൻ വേണ്ടി പറഞ്ഞതാണ്. അതിനെ വാക്കുതരൽ എന്നൊക്കെ പറയാമോ?"

സ്വർണ്ണം കുലുങ്ങിക്കുലുങ്ങി ചിരിച്ചുകൊണ്ട് ചോദിച്ചു "നീ എന്താണീ പറയുന്നത്? ഇത്രക്കൊക്കെ ആയോ? അവൾ നിൻെറ കാല്ക്കൽ വീണ്' എന്നെ കല്യണം കഴിക്കൂ'എന്ന് പറഞ്ഞു! ങ്ഹേ!"

"ഞാൻ പറഞ്ഞത് ശരിയല്ലേ എന്ന് അവളെത്തന്നെ വിളിച്ച് ചോദിക്കൂ. ചെറിയമ്മ പറയട്ടെ! അവരും കണ്ടതല്ലേ? അല്ല, ഈ പെണ്ണിനെ ഞാൻ കല്യാണം കഴിക്കാൻ പോകുന്നു എന്നോ! എനിക്കെന്താ കുടമോ കയറോ തേടിയാൽ കിട്ടില്ലേ?"

അതുലിൻെറ കൂട്ടുകാർ ചിരിക്കാൻ തുടങ്ങി. ദുർഗ്ഗ ഒരു ഉൻമാദിനിയെപ്പോലെ ഉറക്കെ പറഞ്ഞു: "എടാ ദുഷ്ടാ! നന്ദി കെട്ടവനേ! നിനക്ക് കയറും കുടവുമൊക്കെ ഞാൻ വാങ്ങി തരാമെടാ. നീ ചാവുക തന്നെയാണ് ഭേദം. ഒരു പെൺകുട്ടിയെ ഇത്രയും പേരുടെ മുന്നിൽ വച്ച് അപമാനിച്ചില്ലേ

നീ? അവളാണ് ഒരിക്കൽ നിന്നെ കാലൻെറ കൈയ്യിൽനിന്ന് രക്ഷിച്ചതെടാ. നീ അതെല്ലാം മറന്നു അല്ലേ?"

ഉറക്കെയുളള സംസാരം കേട്ട് അസുഖമെല്ലാം മറന്ന് അനിയത്തിയമ്മ എണീറ്റുവന്നു. സ്വർണ്ണം ദുർഗ്ഗയുടെ അടുത്തേക്ക് ചാടി അടുത്തു: "ഇറങ്ങ് ഇപ്പോൾത്തന്നെ! ഭാഗ്യം കെട്ടവക! ഇറങ്ങാനാണ് പറഞ്ഞത്!"

ജ്ഞാനദ അവിടെത്തന്നെ നിൽക്കുന്നുണ്ടായിരുന്നു. ഇതെല്ലാം കേട്ടതോടെ അവൾ കല്ലുപോലെ ആയി. ലജ്ജ, വെറുപ്പ്, അപമാനം, നൻമ-തിൻമ ബോധം ഇവയൊന്നും അവളെ സ്പർശിക്കാനാവാത്തവിധം അവൾ മരവിച്ചുകഴിഞ്ഞിരുന്നു. ഏതോ അതീതത്തിൽ നിന്ന് ഇതെല്ലാം കാണും പോലെയാണവൾക്ക് തോന്നിയത്.

ഇതിനുമുമ്പൊരിക്കലും കാണാത്ത ഒരു രൂപം അവളിൽ കണ്ടതുകൊണ്ട് അനിയത്തിയമ്മ അവളെ ഒരു തട്ടുകൊടുത്തു, "ജ്ഞാനദേ!" എന്നു വിളിച്ചു.

പുറത്തു നടന്നിരുന്ന കലഹം അനിയത്തിയമ്മ കുറേശ്ശെ കേൾക്കുന്നുണ്ടായിരുന്നു.

"നീ എന്തിനാണിവിടെ ഇങ്ങിനെ നിൽക്കുന്നത്? അമ്മയെ അകത്തേക്ക് കൂട്ടികൊണ്ടുപോ! "അവർ ജ്ഞാനദയോട് പറഞ്ഞു.

"അമ്മേ വരൂ"എന്നു പറഞ്ഞ് ജ്ഞാനദ അമ്മയെ കൈപിടിച്ച് പതുക്കെ അകത്തേക്ക് കൊണ്ടുപോയി.

സ്വർണ്ണം നിരീക്ഷിച്ചു: "കണ്ടില്ലേ മോഹം. ചന്ദ്രനെ പിടിക്കാനല്ലേ കൊതി! അവളുടെ ഒരു ധൈര്യം!"

ചിരിവരും പോലെ പല്ല് പുറത്തുകാണിച്ച് അതുൽ പറഞ്ഞു: "കേട്ടില്ലേ ചെറിയമ്മേ! ഇതിലും വലിയൊരു ലജ്ജയുണ്ടോ!"

സ്വർണ്ണം അതിവെറുപ്പോടെ പറഞ്ഞു:"ഇത്തിരീം പോന്ന ഒരു പെണ്ണ്! ഇതെന്തു കലികാലമാണപ്പാ!"

അനിയത്തിയമ്മ ഒന്നു ചിരിച്ചു കൊണ്ടു പറഞ്ഞു:"അതേയതേ! കലിയായതുകൊണ്ടാണ് അവളിപ്പോഴും ജീവിച്ചിരിക്കുന്നത്. വേറെ ഏതെങ്കിലും കാലമായിരുന്നെങ്കിൽ ഭൂമീദേവി രണ്ടായി പിളർന്ന് അവളെ വിഴുങ്ങിയേനേ, അതുൽ!"

ഇത്രയും പറഞ്ഞ് അവർ അകത്തേക്കു പോയി. കൊളളിച്ചു പറഞ്ഞതിൻെറ അർത്ഥം ശരിക്ക് മനസ്സിലാകാഞ്ഞതിനാൽ സ്വർണ്ണം സന്തോഷത്തോടെ പറഞ്ഞു:" അതുതന്നെയാണ് ഞാനും പറയുന്നത്."

പക്ഷേ അതുലിൻെറ മുഖം പെട്ടെന്നു മങ്ങി. അനിയത്തിയമ്മ സൂചിപ്പിച്ച് പറഞ്ഞത് സ്വർണ്ണത്തിന് മനസ്സിലായില്ല എങ്കിലും അതുലിന് മനസ്സിലായി. അതുകൊണ്ടാണ് കുറച്ചു നേരം സ്തബ്ധനായി ഇരുന്നശേഷം എണീറ്റുപോയപ്പോൾ അതുലിന് തോന്നിയത്: ഈ ഹോളി ദിവസം താൻ ധരിച്ച

വസ്ത്രങ്ങളിൽ ചുമന്ന നിറവും മുഖത്ത് കറുപ്പുനിറവും തേച്ച് വിട്ടിരിക്കുന്നു.

വാസ്തവം ഇത്ര നാളും ആർക്കും അറിയുമായിരുന്നില്ല. എന്നാൽ ഇപ്പോൾ എല്ലാവർക്കും മനസ്സിലായി. അടുത്തു പുറത്തുള്ള അഭ്യുദയകാംക്ഷികൾ പറഞ്ഞ് ദുർഗ്ഗയുടെ ചെവിയിലും വിവരമെത്തി. ഈ വീട്ടിൽ തന്നെയാണ് അതുലിനെ ബന്ധപ്പെടുത്താൻ പോകുന്നത്. അനാഥൻെറ മൂത്തമകൾ മാധുരിയുമായി അതുലിൻെറ വിവാഹം ഉറപ്പിച്ചുകഴിഞ്ഞിരുന്നു. അതിൻെറ ദല്ലാൾ പണി ചെയ്തത് മറ്റാരുമല്ല, സ്വർണ്ണം തന്നെ. അതുലിനാണെങ്കിൽ കുട്ടിയെ കണ്ടതും നല്ലപോലെ ഇഷ്ടമായിരിക്കുന്നു.

എട്ട്

മാധുരി കുട്ടിക്കാലം മുതല്ക്കേ കൽക്കത്തയിൽ അമ്മാമൻെറ വീട്ടിലാണ്. അവിടെ മഹാകാളി പാഠശാലയിൽ പഠിക്കുന്നു. ഇംഗ്ലീഷും ബംഗാളിയും സംസ്കൃതവും അറിയാം. പാട്ടും, ഹർമോണിയം വായിക്കാനും, കാർപ്പെറ്റ് തുന്നുവാനും പഠിച്ചിട്ടുണ്ട്. കൂടാതെ സ്തോത്രങ്ങൾ കാണാപാഠം . ചൊല്ലാനും ശിവപ്രതിമ ഉണ്ടാക്കുവാനും അവൾക്കറിയാം. കാണാനാണെങ്കിൽ അതിസുന്ദരി. ഇക്കൊല്ലം നവരാത്രിക്കാലത്ത് രണ്ടുമാസത്തേക്ക് വീട്ടിലേക്ക് വന്നിരിക്കുകയാണ്. അപ്പോഴാണ് എല്ലാം തീർച്ചയാക്കിയത്. അതുലിനെപ്പോലുള്ള ഒരുവരനെ അന്വേഷിച്ചാൽത്തന്നെ കിട്ടാൻ വിഷമമായിരിക്കെ അവൻ തന്നെ വന്ന് സമ്മതിച്ചിരിക്കുന്നു. സ്വർണ്ണം ഇടക്കാരിയായിട്ടുണ്ടെന്നുള്ളതും വാസ്തവം തന്നെ.

അനിയത്തിയമ്മയുടെ സഹോദരൻമാർ നല്ല സ്ഥിതിയിലുള്ളവരാണ്. അമ്മ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അതിനാൽ മകളെ പ്രസവത്തിന് കൂട്ടികൊണ്ടുപോകാൻ വീട്ടിൽനിന്ന് ആളെ വിട്ടിരിക്കുന്നു. കൂടെ മാധുരിയും വന്നു. മാധുരി ജ്ഞാനദയുടെ അമ്മയെ വളരെനാളായികണ്ടിട്ട്. വന്നഉടനെ അവരെകണ്ട് പ്രണമിക്കാനെത്തി. "ദീർഘായുസ്സായിരിക്കട്ടെ എൻെറ മോള്." എന്ന് ആശീർവദിച്ചശേഷം ഏറെ നേരം നിർനിമേഷ നയനങ്ങളോടെ ദുർഗ്ഗ മാധുരിയെനോക്കി ഇരുന്നുപോയി. സുന്ദരി, അതിൻെറ കൂടെ മാധുരിയുടെ അമ്മായി അവളെ വേണ്ടപോലെ അലങ്കരിച്ച് അയച്ചിരിക്കുന്നു. അമ്മായി കൽക്കത്തക്കാരിയല്ലേ! എങ്ങിനെയാണ് പെൺകുട്ടിയെ ചമയിക്കേണ്ടതെന്ന് അവർക്ക് നല്ല പോലെ അറിയാം. കഴുത്തുനിറയെ സ്വർണ്ണാഭ

രണങ്ങൾ, ഭംഗിയായുടുപ്പിച്ച ചുമന്ന സാരി, പിന്നിയിട്ട നീണ്ട തലമുടി, നെറ്റിയിൽ പൊട്ട്- എല്ലാം എത്ര നോക്കിയിട്ടും ദുർഗ്ഗയുടെ കണ്ണിമ കൂടുന്നില്ല. പെൺകുട്ടി ഉണ്ടാകുകയാണെങ്കിൽ ഇങ്ങനെ ഉണ്ടാകണം. സ്വർണ്ണ പ്രതിമ തന്നെ! അവിടെ അടുത്തിരിക്കുന്ന കറുത്ത് ശ്രീയില്ലാത്ത പെൺകുട്ടിയുടെ നേരെ ഒന്ന് നോക്കിയപ്പോൾ തന്റെ കണ്ണുകൾ എരിയുന്നതായി ദുർഗ്ഗക്ക് തോന്നി. അവളുടെ മുഖത്തേക്കു നോക്കിക്കൊണ്ടുപറഞ്ഞു:"ഞാനൊന്നിനെ വയറ്റിൽ ചുമന്നത് എങ്ങിനെയുള്ളതാണെന്ന് കണ്ടില്ലേ? തനി കരിങ്കൂമൻ!"

മാധുരി അകത്തേക്കു കടന്നു വന്നപ്പോൾ അവളുടെ വേഷഭൂഷകളും സൗന്ദര്യവും കണ്ട് മനോമാലിന്യം കാരണം ലജ്ജിച്ചിരിക്കുകയായിരുന്നു ജ്ഞാനദ. മാധുരി അവളുടെ അടുത്തേക്കുചെന്നുപറഞ്ഞു:"വരൂ ചേച്ചീ, നമുക്കൊന്നിച്ചിരുന്ന് എന്തെങ്കിലും വർത്തമാനം പറയാം."

അതിനുത്തരമായി ജ്ഞാനദ എന്താണ് പറഞ്ഞതെന്ന് കേൾക്കാൻ തന്നെ കഴിഞ്ഞില്ല. അവളുടെ നേരിയ സ്വരം കേട്ടുടനെ തന്നെ അതിതിക്തസ്വരത്തിൽ ദുർഗ്ഗ പറഞ്ഞു:" നിന്റെ ശ്രീകെട്ട ആ മുഖം ലോകത്തിലാരെയും ഇനി കാണിക്കേണ്ടെടീ ശേനീ! നീ അവിടെത്തന്നെ ഇരുന്നോ."

ജ്ഞാനദ ഒന്നും പറയാതെ അവിടെ തന്നെ ഇരുന്നു. മാധുരി പോയശേഷം മനസ്സിലെ വിഷമം കൊണ്ടായിരിക്കണം ദുർഗ്ഗ "അ:, ഊ" എന്നീ ചില ശബ്ദമുണ്ടാക്കി. പാവം ജ്ഞാനദ പതുക്കെ ചോദിച്ചു:"നെറ്റിതടവിത്തരണോ അമ്മേ?"

"വേണ്ട."

"മരുന്ന് ഒരിക്കൽ......."

"അയ്യോ! വേണ്ട വേണ്ട. ഒന്നും വേണ്ട. നീ എന്റെ കിടക്കയിൽ നിന്ന് എണീറ്റു പോ! എണീറ്റു പോടീ നശിച്ച പെണ്ണേ! നിന്റെ മുഖം കാണുമ്പോൾ എന്റെ ദേഹം മുഴുവനും എരിയുകയാണ്." എന്നു പറഞ്ഞ് മകളെ കാലുകൊണ്ട് ഊക്കിൽ തന്നെ തള്ളി നീക്കി, ദുർഗ്ഗ.

ജ്ഞാനദ വളരെ അധികം സഹിച്ചു കഴിഞ്ഞവളാണ്. പക്ഷേ അമ്മയുടെ ഈവിധത്തിലുള്ള ചവിട്ട് അവൾക്ക് സഹിക്കാനായില്ല. പെട്ടെന്ന് നിലത്തേക്ക് വീണ അവൾ കമഴ്ന്നടിച്ച് കിടന്നു. അതോടൊപ്പം അവളുടെ കണ്ണുനീരു കൊണ്ട് നിലമെല്ലാം നനഞ്ഞു. ഇരുകൈകളും കൂട്ടിച്ചേർത്ത് മനസ്സിൽ പറഞ്ഞു, "ഈശ്വരാ! ആർക്ക് എന്ത് ദോഷമാണ് ഞാൻ ചെയ്തിട്ടുള്ളത്. ഞാനിങ്ങനെ എല്ലാവരുടെയും ശത്രുവായി ത്തീർന്നതെന്തിന്! എനിക്ക് സൗന്ദര്യമില്ല. നല്ല വസ്ത്രമോ ആഭരണങ്ങളോ ഇല്ല. ഇവയൊക്കെ ഇല്ലാത്തത്, എന്താ, എന്റെ ദോഷമാണോ? രോഗം പിടിച്ച് ചടച്ച ശരീരം കൊണ്ടും വിളറിയ മുഖം കൊണ്ടും എനിക്കാരെയും ആകർഷിക്കാൻ കഴിഞ്ഞില്ല

എന്നതാണോ എൻെറ തെറ്റ്? എ[illegible] വിവാഹം [illegible]ത്താനും ആരുമില്ല. വയസ്സാണെങ്കിൽ കൂടി[illegible]ന്നു, ഇതൊക്കെ, എൻെറ തെറ്റാണോ? ഇതൊക്കെയാണ് എൻെറ കുറ്റങ്ങളെങ്കിൽ എന്നെ വേഗം എൻെറ അച്ഛൻെറ അടുത്തേക്ക് എത്തിക്കൂ, ഭഗവാൻ! അദ്ദേഹം ഒരിക്കലും എന്നെ ഉപേക്ഷിക്കുകയില്ല"

"ജ്ഞാനദേ!" എന്ന് വിളിച്ച് ദുർഗ്ഗ ഒരു വശത്തേക്ക് തിരിഞ്ഞു. അമ്മയുടെ വിളികേട്ടപ്പോൾ അവൾ കണ്ണുതുടച്ച് ചാടി എണീറ്റു "ബലമില്ലാത്തദേഹം! എന്തിനാ മോളേ നീ ആ നനഞ്ഞ നിലത്ത് കിടക്കുന്നത്?" ദുർഗ്ഗ ധൃതിപിടിച്ച് എണീറ്റ് തുടർന്നുപറഞ്ഞു "ഞാൻ നിന്നെ വഴക്കു പറഞ്ഞു, അല്ലേ?" രണ്ടു കൈകളും നീട്ടി മകളെ പിടിച്ച് മാറോട് ചേർത്ത് പൊട്ടിക്കരയാൻ തുടങ്ങി.

അന്ന് സന്ധ്യക്ക്ശേഷം അനാഥൻ ദുർഗ്ഗാമണിയുടെ മുറിയിലേക്ക് കടന്നുചെന്നു. മുഖത്ത് വലിയ സന്തോഷമൊന്നുമില്ല, ചോദിച്ചു, "എങ്ങിനെയുണ്ട് ഇന്ന്, ചേട്ടത്തിയമ്മേ? വേണ്ട വേണ്ട. എണീക്കയൊന്നും വേണ്ട, മരുന്നൊന്നുംശരിക്ക് കഴിക്കാൻ കൂട്ടാക്കുന്നില്ല എന്ന്കേട്ടുവല്ലോ, അങ്ങിനെ ആയാൽ സുഖക്കേട് മാറുമോ?" പറഞ്ഞത് ശരിയാണ്. കൊടുത്തിരിക്കുന്ന മരുന്ന് കഴിച്ചില്ലെങ്കിലും വലിയ ദോഷമൊന്നും വരാൻ പോകുന്നില്ല. എന്നാലും ആ മരുന്നുകൾ പോലും ദുർഗ്ഗ തീരെ കഴിക്കാതായിരിക്കുന്നു. രക്ഷപ്പെടുമെന്ന ആശയില്ല, അതിനൊട്ട് മോഹവുമില്ല. സംസാരിച്ചാൽ കേൾക്കാൻപോലും വിഷമമായി വരുകയാണ് ദിവസേന. നല്ലപോലെ അടുത്തുചെന്ന് ശ്രദ്ധിച്ചാലേ എന്താണ് പറയുന്നതെന്ന് മനസ്സിലാവുകയുള്ളൂ.

അനിയൻെറ പെട്ടെന്നീവിധമുള്ള കുശലാന്വേഷണത്തിന് കാരണമെന്താകാം എന്ന് ദുർഗ്ഗ സംശയിച്ചു. അതേപോലെ തന്നെയുള്ള ഉത്തരമാണ് അവർ നല്കിയതും. അനാഥൻ കുനിഞ്ഞു നിന്ന് വളരെവിഷമിച്ച് കേട്ടശേഷം പറഞ്ഞു, "അത് വാസ്തവമാണ്, ചേടത്തി അമ്മേ; വിധവയായശേഷം അധികം നാൾ ജീവിച്ചിരുന്നിട്ട് കാര്യമൊന്നുമില്ല. ഒരൊറ്റ ഹിന്ദുവിനും അതിനെതിരായി പറയുവാനുണ്ടാവില്ല. എന്നാലും ആത്മഹത്യ ചെയ്യാതെ ബാക്കികാലം എങ്ങിനെയെങ്കിലും കഴിച്ചുകൂട്ടണ്ടേ! ചേടത്തിഅമ്മയുടെ ഈ ദേഹസ്ഥിതി കാണുമ്പോൾ ഞാനൊന്നും പറയാതിരിക്കുകയാണ് വേണ്ടത്. എന്നാൽ പറയാതേയും വഴിയൊന്നുമില്ല, അതുകൊണ്ട് ഞാൻ പറയുന്നതെന്താണെന്നോ? ഞാനും പരിശ്രമിക്കുന്നതിൽ കുറവൊന്നുംവരുത്തുന്നില്ല എന്ന് കാണുന്നില്ലേ? ആറേഴ് ആലോചന വന്നത് എല്ലാം അലസിപ്പോയി. പെണ്ണിനെ കണ്ടിട്ട് ആർക്കും പിടിക്കുന്നില്ല!"

ദുർഗ്ഗ ഒന്നും പറഞ്ഞില്ല. അനാഥൻ ഒന്ന് നിർത്തിയെങ്കിലും തുടർന്നു, "ചെറിയേട്ടൻ മരിച്ചതും നിങ്ങൾ എൻെറ

അടുത്തേക്ക് താമസം മാറ്റി. അതോടെ കാര്യമെല്ലാം കുഴപ്പത്തിലായി. നീലകണ്ഠമുഖജ്ജ്യയെ നല്ലപോലെ അറിയാമല്ലോ, ഇല്ല്യേ? വീടുതോറും വേണ്ടതൊക്കെ പറഞ്ഞുനടക്കുന്നുണ്ട്. നിങ്ങൾ കാരണം എന്റെ ഗതി എന്താകുമോ ആവോ! അവരുടെയും ദോഷമല്ല. അവരെ ദോഷം പറയുന്നതെങ്ങനെ? സ്വന്തം മകൾക്ക് വയസ്സെത്രയായി എന്ന് ചേടത്തിഅമ്മക്ക് അറിയാമല്ലോ, പിന്നെ ഒരു കാര്യവും കൂടി പറയാം, ഈ നശിച്ച ഗ്രാമത്തിലുള്ളത്ര കുററം പറച്ചിലും വിചാരണ നടത്തലും നഗരത്തിലുണ്ടാവില്ല." ഇത്രയും പറഞ്ഞശേഷം അനാഥൻ ഒരു ദീർഘശ്വാസം വിട്ടു.

അനിയൻ എന്തിന്റെ മുഖവുരയാണ് ഒരുക്കുന്നതെന്ന്, പറഞ്ഞ് പറഞ്ഞ് കൊണ്ടുവരുന്നതെന്തിലേക്കാണ് എന്ന് മനസ്സിലാകാതെ ദുർഗ്ഗ എല്ലാം നിശ്ശബ്ദയായിരുന്ന് കേട്ടു. പക്ഷേ അവരുടെ ക്ഷീണിച്ച മുഖത്ത് ശങ്കയുടെ നിഴൽ വേഗം പരന്നു.

ഒന്ന് ചുമച്ച് കുറച്ചൊരു മടിയോടെയാണെങ്കിലും അനാഥൻ കാര്യം എന്താണെന്ന് പ്രകാശിപ്പിച്ചു: ചേടത്തി അമ്മയുടെ ഈ ആരോഗ്യവും കൊണ്ട് എവിടേക്കെങ്കിലും പോവുക എന്നത് സാദ്ധ്യമല്ല. അത് ഞാൻ പറയുന്നുമില്ല. എന്താണ് ചെയ്യുക ചേടത്തി അമ്മേ? എന്റെ മകളും വിവാഹപ്രായമായിരിക്കയല്ലേ? അതിനാൽ ഞാനെന്താണ് പറയുന്നതെന്നോ, ശേനിയെ എവിടേക്കെങ്കിലും പറഞ്ഞയക്കാതെ പററില്ല. അവളെ ഇവിടെ ഇനിയും താമസിപ്പിക്കാനാവില്ല, എല്ലാവരുംകൂടി പലതും പറയുന്നു."

ദുർഗ്ഗയുടെ കണ്ഠസ്വരം അധരങ്ങളിൽ അലിഞ്ഞില്ലാതായി. എന്നാലും ചോദിച്ചു, "എവിടേക്കാണ് ഞാനവളെ അയക്കേണ്ടത്?"

"ഹരിപാലിലേക്കു തന്നെ പോകട്ടെ," അനാഥൻ പറഞ്ഞു.

"അവിടേക്കെങ്ങനെ പോകും? പറഞ്ഞയച്ചതുകൊണ്ട് എന്തെങ്കിലും ആകുമോ?"

അനാഥന് ഉടനെ കോപം വന്നു "ഈ പറയുന്നത് അന്യായമാണ്. സ്വന്തം കാര്യം മാത്രം വിചാരിച്ചാൽ മതിയോ? ആരുടെ വീട്ടിലാണോ താമസിക്കുന്നത് ആവീട്ടുകാരുടെ നന്മതിന്മകളെപ്പററിയും ചിന്തിക്കണ്ടേ?"

ദുർഗ്ഗക്ക് മറുപടിപറയുവാൻ കഴിഞ്ഞില്ല. ഒരു ദീർഘശ്വാസം വിട്ടു. ഇതുകൊണ്ട് ഗുണമുണ്ടായി. അനാഥന്റെ സ്വരം കുറച്ചൊന്നു മൃദുവായി "ചേടത്തിഅമ്മക്ക് അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകും എന്നറിയാം. അല്ലാതെ ഉപായമെന്താണ്? ഇതിൽ ചേടത്തിഅമ്മയുടെ തെററും കുറച്ചുണ്ട്. ഞാൻ ഹരിപാലിലേക്ക് എഴുത്തയച്ചിരുന്നു. ചേട്ടൻ എല്ലാം വ്യക്തമായി എഴുതിയിട്ടുണ്ട്. അവിടെ കല്യാണമെല്ലാം തീർച്ചയാക്കിയതാണ്. ചേടത്തിഅമ്മയുടെ പിടിവാശിയും, നടക്കാൻ പോകാത്ത ഒന്നിന്റെ പിന്നാലെയുള്ള ആശയും കൊണ്ട്

അവിടെ നിന്ന് ഇറങ്ങിപ്പോന്നു എന്നൊക്കെ എഴുത്തിലുണ്ട്. അങ്ങിനെ ചെയ്തില്ലെങ്കിൽ ഇന്ന്......"

എന്തുണ്ടായേനേ എന്ന് അനാഥൻ തുറന്നു പറഞ്ഞില്ല, പക്ഷേ ദുർഗ്ഗക്ക് മനസ്സിലായി. ജ്ഞാനദയെ ഇവിടെനിന്നയക്കാനുള്ള പ്രസ്താവനയുമായി അനാഥനെത്തിയിരിക്കുന്നതിൻെറ കാരണവും ദുർഗ്ഗ ഊഹിച്ചു, ഒരു ലഹളയും ബഹളവും കൂടാതെ ഒരു പൈസ പോലും ചിലവുചെയ്യാതെ ഈ ഭാരത്തിൽ നിന്ന് രക്ഷക്കുള്ള വഴികിട്ടിയ സ്ഥിതിക്ക് അതു വിട്ടുകളയുന്ന ആളല്ല അനാഥൻ എന്നും ദുർഗ്ഗക്കറിയാം.

അനാഥൻ പോയി കുറച്ചുകഴിഞ്ഞപ്പോൾ ജോലിയെല്ലാം തീർന്നതിനാൽ ജ്ഞാനദ മുറിയിലേക്കുവന്നു. അമ്മയുടെ സ്ഥിതി കണ്ട് അവൾ ഭയന്ന് വിറച്ചു. കുണ്ടിൽ പോയവയെങ്കിലും ദുർഗ്ഗയുടെ കണ്ണുകൾ രണ്ടും തുടുത്തിരിക്കുന്നു. മകളെ കണ്ടതോടെ കരച്ചിലിൻെറ ശക്തി ഇരട്ടിയായി. ആഗ്യം കാട്ടി മകളെ അടുത്തേക്ക് വിളിച്ചു, മകളുടെ മാറിൽ തലചായ്ച്ചു വെച്ച് അമ്മ ഒരു കൊച്ചുകുട്ടിയെപ്പോലെ വിതുമ്പിവിതുമ്പി കരഞ്ഞു. ഏറേ നേരം കഴിഞ്ഞ് അമ്മയുടെ കരച്ചിൽ നിന്നപ്പോൾ മകൾ പറഞ്ഞു, "അമ്മേ അമ്മക്കെന്നെ അറിയില്ല്യേ അമ്മേ? ആർക്കെങ്കിലും എന്നെ അമ്മയുടെ അടുത്തുനിന്ന് വേർപ്പെടുത്താൻ കഴിയുമോ? ഇത് ചെറിയച്ഛൻെറ മാത്രം വീടൊന്നുമല്ല. ഇത് എൻെറ അച്ഛൻെറയും വീടാണ്. ചെറിയച്ഛൻ നമുക്ക് ഉണ്ണാൻ തരാതിരിക്കട്ടെ! പിന്നെ നാണമൊന്നും വിചാരിക്കാനില്ല. എങ്ങിനെയെങ്കിലും അമ്മക്കുള്ള ഭക്ഷണം ഞാൻ തേടി കൊണ്ടുവന്നു തരാം, അമ്മേ!"

ഇന്ന് മകൾ അമ്മയുടെ സ്ഥാനം ഏറ്റെടുത്തിരിക്കുകയാണ്, അമ്മയെ മകളെപ്പോലെ മടിയിൽ കിടത്തി ആശ്വസിപ്പിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അത്യന്തം ക്ഷീണിച്ചിരുന്ന ദുർഗ്ഗ ഉറങ്ങിപ്പോയി, രാത്രി വളരെ ചെല്ലും വരെ ഉറക്കം വരാതെ ഇരുന്ന ജ്ഞാനദക്ക് ഒരു കാര്യം മാത്രം എന്തു ചെയ്തിട്ടും തീരുമാനിക്കാനായില്ല. എങ്ങനെയെങ്കിലും എന്ന് അമ്മയോട് ധൈര്യമായി പറഞ്ഞെങ്കിലും അതെങ്ങിനെ സാധിക്കും? ഈ കഷ്ടകാലത്ത് അമ്മക്കുവേണ്ട തുണിയും ഭക്ഷണവും എവിടെനിന്ന് ഉണ്ടാക്കും?

ജ്ഞാനദയെ അവിടെ നിന്ന് പറഞ്ഞയക്കാനുള്ള അനാഥൻെറ വിചാരത്തെപ്പററി ഭാര്യ അറിഞ്ഞു. ഭർത്താവിനെ തനിയെ വിളിച്ച് അവർ ചോദിച്ചു "നിങ്ങൾക്കെന്താ ബുദ്ധിമോശം വന്നോ? ചേടത്തിഅമ്മയുടെ വാക്ക് കേട്ട് ഒരമ്മയുടെ കഷ്ട സമയത്ത് അവരുടെ മകളെ അവരിൽനിന്നകററാനാണോ പറയുന്നത്? കഴുത്തറക്കുന്നത് തൊഴിലാക്കിയവർക്കു പോലും ഇതിലധികം ദയവു കാണും"

ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്നുറപ്പുണ്ടായിരുന്ന

തിനാൽ അനാഥൻ നിശബ്ദതപാലിച്ചു. അല്ലെങ്കിലും ഈ വക കാര്യങ്ങളിൽ ഭാര്യയെ അനുസരിക്കയാണ് അനാഥൻെറ പതിവ്. അല്ലെങ്കിൽ അനാഥൻെറ കൊടും ശത്രുവിനുപോലും ഇത്രവലിയൊരു ദോഷാരോപം ചെയ്യാൻ സാധിക്കുന്നതല്ല.

ദുർഗ്ഗയാകട്ടേ മരണം ആസന്നമായ സമയമായാലും മകളേയും കൂട്ടി ഹരിപാലിലേക്കു തന്നെ വീണ്ടും പോകുമായിരുന്നു. പക്ഷേ അവിടെ അഞ്ചാറുകുട്ടികളുടെ അച്ഛനും ആ കുട്ടികളുടെ അമ്മയെ ഗർഭാവസ്ഥയിൽ ചവിട്ടികൊന്നവനുമായ ഒരുവൻ ഉള്ള കാര്യം ഓർത്തപ്പോൾ ദുർഗ്ഗയുടെ ഹൃദയം നൊന്തു.

അടുത്തദിവസം അനാഥനെ തൻെറ കിടക്കയ്ക്കരികിലേക്ക് വിളിപ്പിച്ചു ദുർഗ്ഗ. അനാഥൻെറ രണ്ടു കൈയും ചേർത്തുപിടിച്ച് ദുർഗ്ഗ കരഞ്ഞുകൊണ്ട് പറഞ്ഞു."ബന്ധമനുസരിച്ച് ഞാൻ മൂത്തവളല്ലായിരുന്നു എങ്കിൽ ഇന്ന് നിൻെറ കാല്ക്കൽ വീണുകൊണ്ട് ഭിക്ഷ ചോദിക്കുമായിരുന്നു. നിനക്കിഷ്ടമുള്ള ആർക്കുവേണമെങ്കിലും ഇവളെ കെട്ടിക്കൊടുത്തോ പക്ഷെ ഈ നേരത്ത് അവളെ എന്നിൽ നിന്ന് അകത്തല്ലേ"! ദുർഗ്ഗ ജ്ഞാനദയുടെ കൈപിടിച്ച് അനാഥൻെറ കൈയിലേല്പിച്ചു.

അനാഥൻ തൻെറ കൈവലിച്ചെടുത്തുകൊണ്ട് പറഞ്ഞു "മററുള്ളവർ കാരണം എനിക്കിവിടെ എൻെറ ജാതിയാണ് നഷ്ടപ്പെടാൻ പോകുന്നത്. ശ്രമത്തിന് എന്തെങ്കിലും കുറവു വരുത്തുന്നുണ്ടോ ഞാൻ? എന്നാൽ, ശ്മശാനത്തിലേക്ക് എടുക്കാറായ ഒരു ശവംപോലും ഈ ശകുനിയെ കല്യാണം കഴിക്കുകയില്ല. ചേടത്തിഅമ്മയുടെ ഒരു ജോഡികങ്കണങ്ങൾ ഉണ്ടായിരുന്നതെവിടെ? അതെന്തുചെയ്തു?"

"അവ നിൻെറ ചേട്ടൻെറ അടിയന്തിരത്തിന്നുതന്നെ വിറ്റില്ലേ?"

കൈമലർത്തിക്കാണിച്ചു കൊണ്ട് അനാഥൻ പറഞ്ഞു "ഒരു കാശാണെങ്കിൽ തരില്ല, മകളെ അടുത്തുനിന്ന് പറഞ്ഞയക്കുകയുമില്ല, എല്ലാ ഭാരവും കൂടി എൻെറ തലയിൽ കയററിവച്ച് എന്നെ മുക്കികൊല്ലാനാണ് ഭാവം അല്ലേ?" ഇത്രയും പറഞ്ഞ് കോപത്തോടെ അവിടെ നിന്ന് ഇറങ്ങിപ്പോയി.

അനാഥൻ പോയ ശേഷം കുറച്ചു നേരത്തേക്ക് ദുർഗ്ഗ ഒന്നും പറയാതെ ഇരുന്നു. പിന്നെ പെട്ടെന്നവർ മകളുടെ കൈ ഊക്കിൽ പിടിച്ചു വലിച്ചു കൊണ്ട് ചോദിച്ചു "ഇനീം ഇവിടെ ഇരിപ്പ് തന്നെയാണ് അല്ലേ? സന്ധ്യക്ക് വിളക്ക് കൊളുത്തുന്നില്ലേ?"

അവിടെ അപ്പോൾ നടന്ന സംഭാഷണം കേട്ട് സ്വയം മറന്നിരുന്ന് പലതും ചിന്തിച്ചുപോയി ജ്ഞാനദ. ഉത്തരം പറയാൻ ജ്ഞാനദക്ക് സമയം കൊടുക്കാതെതന്നെ ദുർഗ്ഗ ശകാരവർഷം തുടങ്ങി "നീ ഒന്ന് ചത്തു പോവില്ലല്ലോ, വലിയ രാജകുമാ

രിയുടെ അവസ്ഥയും അഭിമാനവും വെച്ചുകൊണ്ടിരിപ്പാണ്. എടീ ഗേനീ, ഇത്രയൊക്കെ ആയിട്ടും നിന്റെ പ്രാണൻ പോകുന്നില്ലല്ലോ. ആ യദുഘോഷിന്റെ മകൻ വെറും മൂന്നു ദിവസത്തെ പനി കൊണ്ട് മരിച്ചു. നീ ഇവിടെ ഒരു കൊല്ലമായി പനി പിടിച്ച് കിടക്കുന്നു. എന്താ നിന്നെ കൊണ്ടു പോകാൻ കാലനും നേരമായില്ലെന്നോ! നീയായിട്ടാണ് നിന്റെ മുഖം എല്ലാവരുടെ മുമ്പിലും കാണിക്കുന്നത്. പോ! പോ എന്റെ മുമ്പിൽ നിന്ന്! അങ്ങട് നീങ്ങി നില്ക്ക്! വരടി! ഞാനൊന്ന് ആശംസിക്കട്ടെ! രാവും പകലും അട്ടയെപ്പോലെ എന്നെ കടിച്ച് പിടിച്ചിരിക്കുകയാണ്". ഈ വിധം പഴിപറിഞ്ഞ് അമ്മ മകളെ ഒരു തള്ള് കൊടുത്തു. ഒപ്പം മറുവശത്തേക്ക് തിരിഞ്ഞു കിടക്കുകയും ചെയ്തു.

ദുർഗ്ഗ പറഞ്ഞത് ശരിയാണ്. വേറൊരു പെൺകുട്ടിയായിരുന്നുവെങ്കിൽ മനസ്സിലെ വെറുപ്പുകൊണ്ടുമാത്രം ആത്മഹത്യ ചെയ്യുമായിരുന്നു. അങ്ങിനെ എത്ര പെൺകുട്ടികൾ ചെയ്തിരിക്കുന്നു! പക്ഷേ ഈ പെൺകുട്ടിയെ ഭഗവാൻ, എന്തുകാരണം കൊണ്ടോ, വസുന്ധരയെപ്പോലെ സഹിഷ്ണുവാക്കി തീർത്തിരിക്കുന്നു.

ഒരക്ഷരം പറയാതെ എണീറ്റ് തന്റെ ഗൃഹജോലികളിൽ അവൾ നിരതയായി. ഇത്രയും വലിയൊരപമാനം സഹിക്കാനിട വന്നപ്പോൾ അവൾ താനേപറഞ്ഞു പോയി: "അമ്മേ, മരിക്കാൻ എനിക്കും അറിയാം, അമ്മേ! അപ്പോഴും അമ്മയ്ക്കത് വേദനക്ക് കാരണമാവില്ലേ എന്നുവെച്ചാണ് ഞാനതുചെയ്യാത്തത്."

മുറിയിൽ സന്ധ്യാ ദീപം കൊളുത്തി. ഗംഗാജലം തളിച്ച ശേഷം സാമ്പ്രാണി പുകച്ചു. മറ്റൊരുവിളക്ക് കത്തിച്ച് തുളസിത്തറയ്ക്കൽ വെക്കാനായി അവൾ പുറത്തേക്കു കടന്നു. ബംഗാളി പെൺകുട്ടികൾ ബാല്യകാലം മുതൽക്കേ ഈ . കൊച്ചുചെടിയെ ദേവതയാക്കി കണക്കാക്കാൻ ശീലിച്ചിരിക്കുന്നു. ഇന്ന് ഇവിടെ വിളക്കും കൊണ്ടെത്തിയപ്പോൾ ജ്ഞാനദയ്ക്ക് ഒട്ടും നിയന്ത്രിക്കാനായില്ല.

സാരിയുടെ അറ്റം കഴുത്തിൽകൂടിചുറ്റിയെടുത്ത് പിടിച്ച് തുളസിയെ നമസ്ക്കരിക്കാൻ കുനിഞ്ഞ അവൾക്ക് അവിടെനിന്നെണീക്കാൻ കഴിഞ്ഞില്ല. രണ്ടുകൈയ്യും മുന്നോട്ടുനീട്ടിപ്പിടിച്ച് സാഷ്ടാംഗം നമസ്ക്കരിച്ചു. കേണുകേണുപ്രാർഥിച്ചു: "ഈശ്വരാ! ദയാമയാ! എന്റെ അച്ഛനെ കൊണ്ടുപോയ ഇടത്തേക്ക് എന്നേയും എന്റെ അമ്മയേയും ഒന്നു വേഗം കൊണ്ടുപോകൂ! ഞങ്ങളെ അച്ഛന്റെ അടുത്തെത്തിക്കൂ! ഇനിയും ഞങ്ങൾക്കിത് സഹിക്കാനാവില്ല."

ഒമ്പത്

ചൈത്രമാസമായതിനാൽ അനാഥൻെറ ഭാര്യ അച്ഛൻെറ വീട്ടിലേക്ക് പോയിരുന്നില്ല. ചൈത്രം തീർന്നതും അവരുടെ അനുജൻ അവരേയും മാധുരിയേയും കൂട്ടികൊണ്ടു പോകുവാനെത്തി.

അന്ന് യാത്രയ്ക്ക് നല്ല ദിവസമാണ്. ഉച്ചഭക്ഷണത്തിനു ശേഷം സ്ഥലം വിടണം. അതുൽ അവൻെറ വീട്ടിൽ വന്നിരിക്കുന്ന സമയമായതിനാൽ സ്വർണ്ണം അതുലിനേയും ഉണ്ണാൻ ക്ഷണിച്ചു.

ഉച്ചയ്ക്ക് അവർ രണ്ടുപേരും ഉണ്ണാനിരുന്നപ്പോൾ അവരുടെ അടുത്തായി സ്വർണ്ണം വന്നിരുന്നു. സ്വർണ്ണത്തിൻെറ അഭിപ്രായ പ്രകാരം വിളമ്പാനുള്ള ഭാരം മാധുരിയെയാണ് ഏൽപ്പിച്ചത്. മത്സ്യ-മാംസക്കറികളെല്ലാം രാവിലെത്തന്നെ ജ്ഞാനദയെക്കൊണ്ട് തയ്യാറാക്കി വെപ്പിച്ചിരുന്നു. അത് ആരും അറിയാതെയാണ്. പുറത്തുളളവരാരെങ്കിലും വ്യാഖ്യാനിച്ച് ചോദിച്ചാൽ സ്വർണ്ണം ഉടനെ മറുപടി പറയും:"അയ്യയ്യോ! നല്ല കാര്യായി! അവളെ ഞങ്ങൾ അടുക്കളയിലേക്ക് കേറ്റാറുതന്നെ ഇല്ല."

അതുകൊണ്ട് വിളമ്പിക്കൊടുക്കുവാനും ജ്ഞാനദയ്ക്ക് അനുവാദമില്ല. അതിനും പുറമേ അവളുടെ നാണം കാരണം അവൾ ആരുടെ മുമ്പിലേക്കും വരാറില്ല. ആവുന്നതും എല്ലാവരിൽ നിന്നും ഒഴിഞ്ഞുമാറിക്കഴിയാനാണ് അവൾ ശ്രമിക്കാറ്.

മാധുരിയുടേയും അതുലിൻെറയും വിവാഹം നടക്കും. അതാണ് മാധുരി സർവ്വാംഗം ആഭരണമണിഞ്ഞ്, ലോകത്തിലുളളത്ര നാണത്തോടുകൂടി, തീരെ പഴക്കവും പരിചയവും ഇല്ലാത്ത തൻെറ കൈകൾ കൊണ്ട് വിളമ്പുവാൻ എത്തിയിരിക്കുന്നത്. ഓരോ കാര്യവും തെറ്റിയാണ് ചെയ്യുന്നത്. അപ്പോഴൊക്കെ അവളുടെ വല്ല്യമ്മ സ്നേഹം നിറഞ്ഞ വാക്കുകൾ കൊണ്ട് ശകാരിച്ചും ചിരിച്ചും തമാശയായി പലതും പറഞ്ഞും അവളെക്കൊണ്ടുതന്നെ വിളമ്പിച്ചു. അതേസമയത്ത് ഭൂമീദേവിയുടെ കാൽക്കലേക്ക് തളളപ്പെട്ട മറ്റൊരു പെൺകുട്ടി അടുക്കളയുടെ ഒരു മൂലയ്ക്കൽ തലകുനിച്ചിരുന്ന് ഓരോന്നായി മാധുരിക്ക് നീക്കിവച്ചുകൊടുത്തുകൊണ്ടിരുന്നു.

സ്വർണ്ണം മാധുരിയുടെ വിവാഹക്കാര്യത്തെപറ്റി സംസാരിക്കാനാരംഭിച്ചതും മാധുരി അടുക്കളയിലേക്കോടി. ജ്ഞാനദ കാര്യമറിയാതെ ഉടനെ ചോദിച്ചു:"ഇനിയെന്താണ് വേണ്ടത്?"

"ഒന്നും വേണ്ട ചേച്ചീ, എന്നെ കൊണ്ട് ഇനി വയ്യ." കൈയ്യിലിരുന്ന ഒഴിഞ്ഞകിണ്ണം ശബ്ദത്തോടെ നിലത്തിട്ട് മാധുരി അവിടെനിന്ന് ഓടിപ്പോയി.

അടുത്തനിമിഷത്തിൽ തന്നെ സ്വർണ്ണം ഉറക്കെ വിളിച്ചു പറഞ്ഞു:"കുറച്ച് ഉപ്പുകൊണ്ടുവാ മോളേ!"

എന്നാൽ ഉപ്പു വിളമ്പാൻ മാധുരി എത്തിയില്ല. സ്വർണ്ണം വീണ്ടും വിളിച്ചു ചോദിച്ചു, " എവിടെ? നിൻെറ ചെറിയമ്മാൻ ഇവിടെ ഉപ്പും കാത്തിരിക്കുന്നു!"

എന്നിട്ടും ആരും വന്നില്ല എന്നു കണ്ടപ്പോൾ കുറച്ചു കോപത്തോടെ തന്നെ സ്വർണ്ണം ചോദിച്ചു: "എന്താ, ഞാനീ പറയുന്നതൊന്നും ആരും കേൾക്കുന്നില്ല എന്നുണ്ടോ? അവർ എണീറ്റു പോകട്ടെ എന്നോ?"

അപ്പോഴും മാധുരി തിരിച്ചു വന്നില്ല. ഇതെല്ലാം കേട്ട് അന ങ്ങാതിരിക്കാൻ ജ്ഞാനദയ്ക്ക് സാധിച്ചില്ല. ഉപ്പല്ലേ, ഉപ്പുതൊട്ടതു കൊണ്ട് ദോഷമൊന്നും വരാനില്ല എന്ന് അവൾ വിചാരിച്ചു. അതിനാൽ ഒടുക്കം പറഞ്ഞത് അവളെ ഉദ്ദേശിച്ചായിരിക്കുമെന്ന് ആ പാവം വിശ്വസിച്ചു. മുഷിഞ്ഞുകീറിയ ഉടുതുണികൊണ്ട് ദേഹമാകെ മൂടിപുതച്ചുകൊണ്ട് ഉപ്പിൻെറ പാത്രമെടുത്ത് കത കുവരെ പതുക്കെ വന്ന്നിന്നു. ഉണ്ണാനിരിക്കുന്നവർ അവളെ കണ്ടതുതന്നെയില്ല. വല്ല്യമ്മ അവളെ കണ്ടതും തലതൊട്ട് പാദം വരെ രണ്ടുപ്രാവശ്യം വിസ്തരിച്ചുനോക്കി. പതുക്കെയാ ണെങ്കിലും കർക്കശസ്വരത്തിൽ സ്വർണ്ണം ചോദിച്ചു: "നിന്നോട് ആരാണ് കൊണ്ടുവരാൻ പറഞ്ഞത്? മാധുരി എവിടെ?"

"അറിയില്ല. എവിടേക്കോ പോയി."വളരെ പതുക്കെ ജ്ഞാനദ മറുപടി പറഞ്ഞു. അവൾ പുറത്തേക്കു വന്നിരുന്നു.

"അതാണോ നീ തന്നെ വന്നത്? അരുതെന്ന് എത്ര പ്രാവശ്യം നിന്നോടുപറയണം! നിൻെറ മുഖം കണ്ടാൽ കണ്ട വർക്ക് ഏഴുജന്മം നരകമാണ്. മുമ്പിലേക്ക് വരേണ്ട നീ! അതുൽ ഇവിടെ ഉണ്ണാനിരിക്കുന്നില്ലേ? അപ്പോൾ മുമ്പിലേക്ക് എഴുന്നുള്ളുക തന്നെ വേണമല്ലോ! ഉപ്പിൻെറ പാത്രം അവിടെ വച്ചിട്ട് പോ വേഗം!"

ജ്ഞാനദ അങ്ങിനെ ചെയ്തു. എന്തുകൊണ്ട് എന്നുചോദി ച്ചാൽ ഭൂമീദേവി അവളെ വിഴുങ്ങിയില്ല എന്നതുകൊണ്ടുതന്നെ. അവൾ അടുക്കളയിലേക്ക് കടന്നു പോയി.

സ്വർണ്ണം തന്നെ എണീറ്റ് ഉപ്പു വിളമ്പിക്കൊടുത്തു. പഴയ സ്ഥാനത്തു തന്നെയിരുന്ന് അതുലിനോടായി പറഞ്ഞു: "കഷ്ടം! നീ ഒരു ആൺകുട്ടിയല്ലേ? ആണുങ്ങൾക്ക് ഇത്ര ലജ്ജ ആയാലോ? എന്താടാ നീ തലയും കുനിച്ചിരിക്കുന്നത്? ഉണ്ണെടാ നല്ലപോലെ."

മാധുരിയുടെ ചെറിയമ്മാൻ ചോദിച്ചു:"അതാരാണ് ചേച്ചീ?"

സ്വർണ്ണം ചിരിച്ചു:"അതാരുമല്ല. നിങ്ങൾ ഊണുകഴിക്കിൻ."

പക്ഷേ അതുലിൻെറ ഊണിനുള്ള രുചിയെല്ലാം പോയി. പൂരി പൊടിച്ച് വായിലിട്ടത് എന്തു ചെയ്തിട്ടും ഇറക്കാ നാകുന്നില്ല. എങ്ങിനെ ഇറക്കും? അവനിന്ന് മാധുരിയെ കണ്ട് എല്ലാം മറന്നിരിക്കുകയായിരുന്നു. അതിൽ തെറ്റൊന്നു മില്ല. പക്ഷേ ജ്ഞാനദയേയും അതുൽ ഒരിക്കൽ അറിഞ്ഞി

രുന്നതാണ്. ഇന്നും ജ്ഞാനദ തന്നെ സ്നേഹിക്കുന്നുണ്ടോ വെറുക്കുന്നുണ്ടോ എന്ന് ശരിക്കറിയില്ല. ശരിതന്നെ. എന്നാൽ ഒരിക്കൽ അവൾ തൻെറ പ്രാണനെക്കാളേറെ അതുലിനെ സ്നേഹിച്ചിരുന്നവിവരം അവനറിയാം അന്നും മര്യാദവിട്ട് അതുലിൻെറ മുമ്പിലേക്ക് എങ്ങിനെ എങ്കിലും ചാടിവീഴണ മെന്ന് അവൾ വെമ്പിയിട്ടില്ല. എന്നിട്ട് ഇന്നതു ചെയ്യാനാണ് ശ്രമിച്ചതെന്നോ! ഇത്ര വലിയൊരപവാദം അവൾ എങ്ങിനെ സഹിക്കും!

ഉച്ചതിരിഞ്ഞതിനു ശേഷം മകളേയും കൂട്ടി വീട്ടിലേക്കു പുറപ്പെട്ടു അനിയത്തിയമ്മ പോകുംമുമ്പ് ജ്ഞാനദയുടെ അമ്മ യെകണ്ട് മാപ്പു പറഞ്ഞില്ല. അടുക്കളയിലേക്കുകടന്നുവന്ന് ജ്ഞാനദയുടെ കൈയ്യിൽ ഒരു പത്തുരൂപ നോട്ടുവച്ചുകൊ ടുത്ത് എന്തോ കളവുനടത്തി ഓടിപ്പോകും പോലെ അവിടെ നിന്ന് വേഗം അവർ പോയി. അവിടെ നിന്ന് ജ്ഞാനദയുടെ പ്രണാമം പോലും സ്വീകരിച്ചില്ല.

ഈ ഭാഗ്യം കെട്ട പെൺകുട്ടിയുടെ മനസ്സറിയുന്നതായി ഇവരൊരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരും ഇന്ന്, എത്ര ദിവസത്തേക്കെന്നറിയില്ല, അവിടെനിന്നുംപോയി. അവിടെ ഉണ്ടാ യിരുന്നാലും അവൾക്കുവേണ്ടി പ്രത്യേകിച്ചെന്തെങ്കിലും ചെയ് തേനെ എന്നില്ല. വേദനസഹിക്കുക, വേദന അകറ്റാൻ ശ്രമിക്കു ക- ഇവരണ്ടും ഒന്നല്ല. എല്ലാവർക്കും അത് സാധിക്കയുമില്ല. എന്നിട്ടും ചെറിയമ്മ ഇറങ്ങിപ്പോകുന്നത് നോക്കിനിന്ന ഈ പെൺകുട്ടിയുടെ മനസ്സിൽ അന്ധകാരം നിറഞ്ഞു.

വൈശാഖമാസത്തിൻെറ പകുതി ആയിരിക്കുന്നു. ഒരുദി വസം ആപ്പീസിലേക്ക് പോകുന്ന സമയത്ത് സ്വർണ്ണം അനാ ഥൻെറ അ ടുത്തെത്തി. കുടുംബത്തിലെ നൂറു ദുഃഖങ്ങളും ആവലാതി കളും കൊണ്ടാണ് വരവ്. അനാഥൻ കുറച്ചൊരു ഭയത്തോടെ ചോദിച്ചു: "എന്തു പറ്റി ഏട്ടത്തിയമ്മേ?"

"നിനക്കെന്തറിയാം! നീ എന്താണിനി ചെയ്യുക? നിൻെറ ചെറിയേട്ടത്തിയമ്മ ഇനി അധികം നാളത്തേക്കൊന്നുമില്ല!"

കൈയ്യിലെ ഹുക്ക പെട്ടെന്നു താഴെവച്ച് വിളറിയ മുഖ ത്തോടെ അനാഥൻ ചോദിച്ചു: "എന്ത്? ഞാനൊന്നും അറി ഞ്ഞില്ലല്ലോ!"

"ഇല്ലില്ല! അത്രക്കൊന്നും ആയിട്ടില്ല. ഇന്നുതന്നെ മരിക്കാ നൊന്നും പോകുന്നില്ല. പക്ഷേ അധികം നാളത്തേക്കൊന്നു മില്ല. അതുഞാൻ പറഞ്ഞേക്കാം. ഏറിയാൽ പത്തു-പതി നഞ്ചുദിവസം. അതിനുശേഷം ആറുമാസത്തേക്ക് അല്ലെങ്കിൽ ഒരുകൊല്ലത്തേക്ക് ആ പെണ്ണിൻെറ കല്യാണം നടത്താനാവില്ല. എന്നാൽ എനിക്കെൻെറ മാധുരി മോളുടെ കല്യാണം ആഷാ ഢമാസത്തിൽ തന്നെ നടത്തണം. ആ കാര്യത്തിൽ ഞാൻ

ആരുടെ വാക്കും കേൾക്കുകയില്ല. ഇത്ര നല്ല ഒരു വരനെ തേടിയാൽ കിട്ടാൻ പോകുന്നില്ല. അതുമല്ല, കൊടുക്കലും മേടിക്കലും തുടങ്ങിയ കുഴപ്പങ്ങളുമില്ല. അവന്റെ തള്ള വേണമെങ്കിൽ അതുവേണം ഇതുവേണം തന്നിലെങ്കിൽ ഒക്കില്ല എന്നൊക്കെ പറഞ്ഞേക്കാം. അതൊന്നും അത്രകാര്യമായെടുക്കാനില്ല. ഇത്ര സൗകര്യത്തിൽ കിട്ടിയത് നീട്ടിക്കൊണ്ടുപോയി ഒടുക്കം നഷ്ടപ്പെടാൻ ഇടയാക്കണോ?"

"അയ്യോ! അതൊരിക്കലും പാടില്ല. ഏടത്തിഅമ്മയല്ലേ ഈവീട്ടിലെ വീട്ടമ്മയും എല്ലാം നോക്കുന്ന ആളും. അവൾ ഏടത്തി അമ്മയുടെ മകൾ, അവൻ ഏടത്തിഅമ്മയുടെ മരുമകൻ. അവരുടെ കല്യാണം എപ്പോഴാണ് ഇഷ്ടമെങ്കിൽ നടത്താമല്ലോ, അതിന് ഞാനൊരിക്കലും എതിർത്ത് പറയില്ല, ഏടത്തി അമ്മേ!" കുറച്ചൊരു പരിഭ്രമം കലർന്ന സ്വരത്തിൽ അനാഥൻ വേഗം പറഞ്ഞുതീർത്തു.

സ്വർണ്ണം അഭിമാനത്തോടെ പറഞ്ഞു, "അതെനിക്കറിയാം-എനിക്കെതിരായി പറയുന്നവനല്ല എന്റെ അനിയൻ. അതുകൊണ്ടല്ലേ പറഞ്ഞത്. ഇനി ഞാൻ പറയുംപോലെ ചെയ്യ്. ആദ്യം തന്നെ, അധികം വൈകിക്കാതെ ആർക്കെങ്കിലും ഒരാൾക്ക് അവളെ പിടിച്ച് കൊടുക്ക്. വേഗം അത് ചെയ്യാതെ മാധുരിയുടെ കല്യാണം നടത്താനാവില്ല. അല്ലെങ്കിൽ തന്നെ ഒരോരുത്തര് പലതും പറഞ്ഞു നടക്കുനുണ്ട്. അപ്പോൾ പിന്നെ ഒരു കുഴപ്പത്തിലും കൂടിചെന്ന് ചാടണോ? നല്ലപോലെ ആലോചിച്ചോ, അതും നിന്റെ വീട്ടിലെ ഒരു ശവം തന്നെയാണ്. അതിനെ മറവുചെയ്യണമെങ്കിൽ ചെയ്തോ, അല്ലെങ്കിൽ ചീഞ്ഞ നാററം സഹിച്ചോ."

ഇക്കാര്യം തന്നെ ചിന്തിച്ച് ചിന്തിച്ച് അനാഥൻ ആപ്പീസിലേക്ക് പോയി. പാറ്റേ ദിവസം തൊട്ട് വീട്ടിലെ ശവം മറവു ചെയ്യാനുള്ള ഓട്ടം തുടങ്ങി, മൂന്ന് നാല് പേരെ പിടിച്ചു കൊണ്ടു വരുകയും ചെയ്തു. അവരുടെ പരിചയം കേട്ടാൽ സ്വർണ്ണ മഞ്ജരിക്കു തന്നെ രണ്ട് പ്രാവശ്യം ഉമിനീരിറക്കേണ്ടിവരും.

ഒരു ദിവസം ഉച്ചക്ക് സ്വർണ്ണം ദുർഗ്ഗയുടെ മുറിയിലേക്ക് കടന്നു ചെന്ന് ചോദിച്ചു" എന്താ,ഇന്നെങ്ങിനെയുണ്ട്.?"

വിഷമത്തോടെ ഒരു വശത്തേക്കു തിരിഞ്ഞു കിടന്ന് ദുർഗ്ഗ പറഞ്ഞു "എന്ത്! ജീവനോടെ ഇങ്ങനെ കിടക്കുന്നു എന്ന് മാത്രം. അധികം നാൾ ഇനിയും സഹിക്കാനിടവരുത്തല്ലേ എന്ന് ആശീർവ്വദിക്കൂ."

സഹാനുഭൂതി കലർത്തി സ്വർണ്ണം പറഞ്ഞു "നീ എന്തിന് പേടിക്കുന്നു? എല്ലാം ഭേദമാകും."

ദുർഗ്ഗ ഒന്നും പറഞ്ഞില്ല, എതിർക്കാനും പോയില്ല. സ്വർണ്ണം വേഗം കാര്യത്തിലേക്ക് പ്രവേശിച്ചു "നിന്റെ മോൾക്ക് പ്രായാ

യില്ല്യേ? ഇനി വരൻ ചെറിയ ചെക്കനായാലും ചേരുകയില്ല. അച്ഛനമ്മമാരില്ലാത്തതിനാൽ ചെക്കൻ തന്നെയാണ് പെണ്ണ്കാണാൻ വരുന്നത് എന്ന് വിവരമറിയിച്ചിരിക്കുന്നു. വരന്റെ പ്രായം നോക്കുമ്പോൾ അച്ഛനമ്മമാർ ജീവിച്ചിരിക്കാനും അവകാശമില്ല. ദേവിയുടെ അനുഗ്രഹം കൊണ്ട് ചെക്കന് പെണ്ണിനെക്കണ്ട് ഇഷ്ടമായാൽ മതി. എന്നാൽ അനാഥൻ കിടന്ന് ഓടിയതിന്റെ ഫലം കിട്ടും."

സ്വർണ്ണം പറഞ്ഞു തീരും മുമ്പേ ദുർഗ്ഗ ഒരു വിധത്തിൽ എണീറ്റിരുന്നു. തിളങ്ങുന്ന കണ്ണുകളോടെ അവർ പറഞ്ഞു "ചേച്ചി അങ്ങിനെത്തന്നെ അനുഗ്രഹിക്കൂ, ഈ ആലോചനയെങ്കിലും വേണ്ടെന്നുവെച്ച് പോകാതിരിക്കട്ടേ! എനിക്ക് ഇതൊന്ന് കണ്ട് പോകാൻ കഴിഞ്ഞെങ്കിൽ!" ഈ വിധം പറയുന്നതോടൊപ്പം രണ്ടു തുള്ളി കണ്ണുനീർ മടിയിലേക്ക് ഉരുണ്ടു വീണു.

സ്വർണ്ണം: "അങ്ങിനെത്തന്നെ അനുഗ്രഹിക്കുന്നു. രാവും പകലും ഭഗവാന്റെ അടുത്ത് എന്താണ് പ്രാത്ഥന? ഭഗവാനെ, അവൾക്കൊരു വഴിയാക്കി കൊടുക്കണേ എന്നു തന്നെ, എല്ലാം നീ കാണും. നിന്റെ മോളുടെ ഭർത്താവിനെ കണ്ടതിനു ശേഷമേ......"

ദുർഗ്ഗ ഒന്നുംപറയാതെ കണ്ണുതുടച്ചു, വായക്കുമുന്നിൽ വിരൽ ഞൊടിച്ച് കോട്ടുവായിട്ട് എന്തു ചെയ്യണമെന്നറിയാതെ. സ്വർണ്ണം അങ്ങോട്ടും ഇങ്ങോട്ടും നോക്കി, എന്നിട്ട് പറഞ്ഞു, "അവന് കിട്ടുന്നതെന്താ? ഈ നൂററമ്പത്. അല്ലാതെ ഒന്നുമില്ല, അത് നിനക്കറിയാമല്ലോ. സ്വന്തം മകളുടെ കല്യാണം എങ്ങിനെ നടത്തും എന്ന ചിന്ത അവന്. അതിന്റെ കൂടെ ഇതും. എല്ലാവർക്കും മനസ്സിലാക്കാവുന്നതല്ലേ? അപ്പോൾ അവനെന്താണ് പറയുന്നതെന്നോ? അവൻ എല്ലാം നിന്നോട് പറയാൻ നാണായിട്ടാണ്. നിന്റെ ഭാഗം വീട് പണയം വെക്കാതെ എല്ലാ ചിലവും താങ്ങാനാവില്ല എന്നാണ് പറയുന്നത്. അതിനു വേണ്ടി നീ ബുദ്ധിമുട്ടുകയൊന്നും വേണ്ടാ. ഒരു ഒപ്പ് ഇട്ട് കൊടുത്താൽ മതി. വെറുതെ ആരുംകടം തരാൻ തയ്യാറില്ല. ഈ നശിച്ചകലികാലമല്ലേ! ആര് ചത്താലെന്താ, ജീവിച്ചാലെന്താ, ഒരാളും മറ്റൊരാളെ വിശ്വസിക്കുകയില്ല."

ദുർഗ്ഗ ഉടനെ പറഞ്ഞു "എനിക്കിനി എത്ര നാളുണ്ട്, ചേച്ചി? ഞാനെന്തു ചെയ്യണമെന്ന് നിങ്ങൾ പറഞ്ഞാൽ മതി. അതു ഞാൻ ചെയ്യാം. ഒരു കാര്യം ശ്രദ്ധിച്ചാൽ മതി. ഒരിടവും ഇല്ലാതാക്കരുത്."

ഇല്ലില്ല, അങ്ങിനെയൊന്നും വരില്ല. അവളുടെ അച്ഛനും ചെറിയച്ഛനും, ചെറിയമ്മയും അമ്മയും വല്യമ്മയും ഇവർ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? അതുണ്ടെങ്കിൽ ഊണും ഉറക്കവും ഇല്ലാതെ ഈ കഷ്ടപ്പെടുന്നതെന്തിനാണ്

എന്ന് പറയ്. എനിക്ക് ജ്ഞാനദയും ശരി മാധുരിയും ശരി. മോളേ ജ്ഞാനദേ! നീ നിൻെറ അമ്മയുടെ കണ്ണൊന്ന് തുടച്ചുകൊടുക്ക്. തലയ്ക്കലിരുന്ന് വീശിയും കൊടുക്ക്."

ഇത്രയെല്ലാം പറഞ്ഞ് ആശക്ക് വക നല്കി സ്വർണ്ണം അവിടെ നിന്നെണീററു പോയി.

വളരെ നാളുകൾക്കുശേഷം മരണച്ഛായ വീണ ദുർഗ്ഗയുടെ മുഖത്ത് ആനന്ദത്തിൻെറ വെളിച്ചം പരന്നു. മകളുടെ കൈയിൽ നിന്ന് അവർ വിശറി വലിച്ചെടുത്തു. തൻെറ ക്ഷീണിച്ച കൈകൊണ്ട് അവളുടെ തലയും മുഖവും തലോടി. സ്നേഹം തുളുമ്പുന്ന സ്വരത്തിൽ പറഞ്ഞു "ഇവിടെ കിടന്ന് കുറച്ച് ഉറങ്ങ് മോളേ" മകളെ മാറോട് ചേർത്തു പിടിച്ച് ദുർഗ്ഗ തുടർന്ന് പറഞ്ഞു, "ഇങ്ങിനെ ഒരു ഭാഗ്യദോഷിയുടെ വയററിൽ വന്ന് പിറന്നൂലോ നീ, എൻെറ മോളേ! അതല്ലേ ഈ ചെറു വയസ്സിലേ ജോലി എടുത്ത് നിൻെറ ദേഹം ഈ വിധം ഒതാണ്ടായത്! ജനിച്ചപ്പോൾ ഒരാൺകുട്ടിയായി ജനിക്കായിരുന്നില്ലേ നിനക്ക്."

അനവധി ദിവസങ്ങൾക്കു ശേഷം അമ്മയിൽ നിന്ന് ഇത്തിരി സ്നേഹം ലഭിച്ചപ്പോൾ മകളുടെ കണ്ണുകൾ വഴിഞ്ഞൊഴുകി. കുറച്ചുനേരം ഈ വിധം ലാളനയേററ് കിടന്നപ്പോൾ അവൾ ഉറങ്ങിപ്പോയി. അമ്മ കുലുക്കി വിളിച്ചപ്പോൾ അവൾ ചാടിയെണീററു, അമ്മ പറഞ്ഞു: "നോക്ക്, നേരം വൈകി, ഇനി എണീക്ക്, എൻെറ ഇരുമ്പു പെട്ടിയിൽ ഒരു ചെറിയ സോപ്പിൻെറ കഷണമുണ്ട് എന്നു തോന്നുന്നു, വേഗം അതു കൊണ്ടുപോയി കുളത്തിൽ ചെന്ന് മുഖവും മററും കഴുകി വാ. അരുത്, മോളേ. ഇതാണ് നിൻെറ വലിയൊരു ദോഷം. പറഞ്ഞപോലെ ചെയ്യില്ല. പോയി വരാനല്ലേ പറഞ്ഞത്. പോ"

അമ്മയുടെ ആഗ്രഹമനുസരിച്ച് പെട്ടിയിൽ നിന്ന് വളരെ നാൾ പഴക്കമുള്ള ഒരു ചെറിയ കഷണം സോപ്പും തോർത്തുമുണ്ടും എടുത്ത് അത്രക്ക് സന്തോഷത്തോടെ അല്ലെങ്കിലും കുളത്തിലേക്ക് പുറപ്പെട്ടു ജ്ഞാനദ. അമ്മ പിന്നിൽ നിന്ന് വിളിച്ചു പറഞ്ഞു "നല്ലപോലെ ഉരച്ച് കഴുക് കേട്ടോ! വൈകിക്കാതെ വേഗം വരണേ മോളേ, എപ്പോഴാണ് അവരൊക്കെ എത്തിപ്പെടുക എന്ന് പറയാനാവില്ലല്ലോ."

കുളത്തിൽ നിന്നെത്തിയ ജ്ഞാനദ ആശ്ചര്യപ്പെട്ടു, മരണാസന്നയായ അമ്മ ഇതിനകം എണീററ് പലതും ചെയ്തിരിക്കുന്നു. ഇരുമ്പുപെട്ടിതുറന്ന് അതിൽ നിന്ന് നിറം മുക്കിയ ഒരു സാരിയും ഒരു ബ്ലൗസ്സും പുറത്തെടുത്തുവെച്ചിരിക്കുന്നു. മകൾ വന്നതും അമ്മ പറഞ്ഞു "അല്ലാ! ഒരു കാര്യം മറന്നില്ല്യേ? തലമുടി ആദ്യം കെട്ടിതരേണ്ടതായിരുന്നു. മേല് കഴുകി വന്നോ? വാ, ഇവിടെ ഇരിക്ക്, തലമുടി വേഗം കെട്ടിത്തരാം"

"വേണ്ട അമ്മേ! അമ്മയെക്കൊണ്ടാവില്ല. ഞാൻ കെട്ടി

ക്കോളാം. അമ്മ പറഞ്ഞത് കേൾക്കൂ" അപേക്ഷാസ്വരത്തിൽ ജ്ഞാനദ പറഞ്ഞു.

മകളുടെ വാക്കുകൾകേട്ട് അമ്മ ഒന്ന് നല്ല പോലെ ചിരിച്ചു. തോൾ കുലുക്കിക്കൊണ്ട് പറഞ്ഞു "എന്നെക്കൊണ്ടാവില്ലാന്നോ? ഈ അമ്മയുടെ കൈകൾ കൊണ്ട് തലമുടി കെട്ടിക്കിട്ടാൻ അടുത്തുളള പെൺകുട്ടികളെല്ലാം ഒരിക്കൽ ഓടി എത്തുമായിരുന്നു, മോളേ. എന്നിട്ട് ഇന്ന് നിൻെറ തലമുടി കെട്ടാൻ എന്നെക്കൊണ്ടാവില്ലാന്നോ? വാ, വേഗം, നേരം വൈകിക്കല്ലേ?"

മകളെ നിർബന്ധിച്ച് മുന്നിൽ പിടിച്ചിരുത്തി. സ്നേഹത്തോടും ശ്രദ്ധയോടും കൂടി തലമുടി വേണ്ട പോലെ കെട്ടിക്കൊടുത്തു. അവർ അവസാനമായി ഒരുക്കിക്കൊടുക്കും പോലെ, കാലിൻമേൽ 'ആൽത' (ചുമന്നനിറത്തിലുള്ള അരക്കിൻെറ ലായിനി) പുരട്ടി, നെറ്റിയിൽ 'കത്ത' കൊണ്ട് പൊട്ട് തൊടുവിച്ചു, ചുണ്ടിലും കുറച്ച് ചുമന്നനിറം തേച്ചുകൊടുക്കാൻ അമ്മ മറന്നില്ല. ഇവയെല്ലാം ചെയ്തശേഷം പതുക്കെ താടിപിടിച്ചുയർത്തി മകളുട മുഖം ഇരുവശത്തേക്കും ഓരോ പ്രാവശ്യം തിരിച്ച് അമ്മ നല്ല പോലെ കണ്ടാസ്വദിച്ചു. അമ്മക്ക് തോന്നി "ആരു പറഞ്ഞു, എൻെറ മകൾ കാണാൻ നല്ലതല്ലെന്ന്? കുറച്ചു കറുത്തിട്ടാണെങ്കിലെന്താ? എത്ര ശ്രീയുള്ള മുഖം!"

ഇതവർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഏത് മകളാണ് അമ്മയെ ഇത്ര സ്നേഹിക്കുക? അമ്മ തന്നെ തൻെറ പ്രാണൻ എന്ന് എത്ര മക്കൾക്ക് വിചാരമുണ്ടാകും? ഹൃദയത്തിലെ ഇത്ര വലിയ ഭക്തിയുടെയും സ്നേഹത്തിൻെറയും ദീപ്തി അവളുടെ മുഴുവൻ വൈരൂപ്യത്തേയും ആവരണം ചെയ്ത് പുറത്തേക്ക് പ്രകാശിപ്പിക്കാൻ കഴിയുന്ന ഇത്തരം മകളെ എവിടെ കിട്ടും? ഇത്രക്കൊന്നും മനസ്സിലാക്കാൻ ദുർഗ്ഗക്ക് കഴിഞ്ഞില്ല. എങ്കിലും ഒരാഭരണവും അവളെ അണിയിച്ചു കൊടുക്കുവാനില്ലല്ലോ എന്ന് ആദ്യമൊക്കെ വിഷമിക്കാറുണ്ടെങ്കിലും ഇന്നെന്തോ അത്ര വിഷമം തോന്നിയില്ല. ആഭരണത്തിൻെറ അഭാവം അത്ര വലിയൊരഭാവമാണെന്ന് ദുർഗ്ഗക്കിന്ന് കണ്ണിൽ പെട്ടതുതന്നെയില്ല.

അപ്പോഴും നേരം ധാരാളമുണ്ട്. എന്നിട്ടും ദുർഗ്ഗക്ക് കിടക്കണമെന്ന് തോന്നിയില്ല. എല്ലാ ദു:ഖവും മറന്ന് മകളെ അടുത്തിരുത്തി അവർ ഏറേ നേരം അങ്ങിനെ ഇരുന്നു.

ഗേനിയെ പെണ്ണു കാണാൻ വരുന്ന വിവരംകേട്ടു നീലകണ്ഠൻെറ കുടുംബക്കാരെല്ലാം വന്നിട്ടുണ്ട്. തരംഗിണി അമ്മായിയും എത്തി.

നേരമായപ്പോൾ പെണ്ണിനെ കൊണ്ടുവരാൻ വിളിച്ചു പറഞ്ഞു. എല്ലാവരും അടുത്തമുറിയിൽ നിന്ന് എത്തി നോക്കി. ഒരേ ഒരു കുട്ടിയുള്ളതിൻെറ ഓപ്പറേഷൻ മറ്റൊരിടത്ത് നടന്നുകൊണ്ടിരിക്കുമ്പോൾ ആ കുട്ടിയുടെ അമ്മ എങ്ങിനെ സമയം പോക്കുമോ

അതേപോലെത്തന്നെ ദുർഗ്ഗ തൻെറ മുഷിഞ്ഞകിടക്കയിലിരുന്ന് നിമിഷങ്ങൾ എണ്ണി എണ്ണി തള്ളി നീക്കി.

വരനും ദല്ലാളും പലഹാരങ്ങൾ കഴിച്ച് പുറത്തേക്കിറങ്ങിയിരിക്കുന്നു എന്ന് ദുർഗ്ഗക്ക് മനസ്സിലായി. അവരുടെ കുതിരവണ്ടി അകന്നകന്ന് പോകുന്ന ശബ്ദവും ദുർഗ്ഗ കേട്ടു. അപ്പോൾ തരംഗിണി അമ്മായി അവരുടെ അടുത്തേക്ക് വന്ന് ഒരു ദീർഘശ്വാസത്തോടെ പറഞ്ഞു "ഇല്ല പെണ്ണിനെ പിടിച്ചിട്ടില്ല."

ദുർഗ്ഗ കണ്ണടച്ചു കിടന്നതല്ലാതെ ഒന്നും ചോദിച്ചില്ല. തരംഗിണി കരുണ സ്വരത്തിലാണെങ്കിലും തുടർന്നു "എല്ലുന്തി, തൊലി മാത്രമായ പെണ്ണിനെ ആർക്കെങ്കിലും ഇഷ്ടമാകുമോ? എൻെറ ഏടത്തി അമ്മേ, അവൾക്ക് ഇത്തിരി നല്ല പോലെ തിന്നാൻ കൊടുക്കു. ദേഹം കുറച്ച് നന്നാവട്ടെ! കുട്ടിക്കാലം മുതല്ക്കേ ഞങ്ങൾ അവളെ കാണുന്നതല്ലേ? അവൾ ഇങ്ങനെ ആയിരുന്നോ? പനിപിടിച്ച് പനിപിടിച്ച് കുട്ടിയുടെ എല്ല് മുഴുവനും പെറുക്കി എടുക്കാം എന്ന മട്ടായി, ഒരു കൊല്ലംകൂടി ക്ഷമിക്കുകതന്നെ. നല്ല പോലെ രക്ഷിച്ചതിനുശേഷം കാണാം അവൾ എങ്ങിനെയിരിക്കുമെന്ന്. അന്ന് കണ്ടാലറിയില്ല."

അതൊക്കെ ശരിയാണ്. പക്ഷെ എങ്ങിനെ സാധിക്കും! പണമെവിടെ? വയസ്സാണെങ്കിൽ പതിനഞ്ചായി, പിതൃക്കളാണെങ്കിൽ നരകത്തിലെ അഗാധകൂപത്തിൽ താഴ്ന്ന് പൊയ്ക്കൊണ്ടിരിക്കുന്നു! അത്രകുലീനരുടെ മക്കളല്ലാത്തതുകൊണ്ട് 'ജാതി കളഞ്ഞ്കുളിക്കും' എന്ന് ഗ്രാമക്കാർ ഏതു നേരവും പറഞ്ഞ് ശാസിക്കുന്നതേയുള്ളൂ. പ്രതീക്ഷിക്കാനും ക്ഷമിക്കാനും ഇനി എള്ളോളം സമയമില്ല. വേഗം പറഞ്ഞയക്കണം, വേഗം പറഞ്ഞയക്കണം, എങ്ങനെയെങ്കിലും, ആരുടെ കൈയിലായാലും, അടുത്ത ദിവസം അവളുടെ വൈധവ്യം തീർച്ചയാണെന്നിരുന്നാലും അവളെ ആരെയെങ്കിലും ഏല്പിച്ച് കുലവും ധർമ്മവും പരലോകത്തിൽ കിടക്കുന്ന പിതൃക്കളുടെ ആത്മാവും രക്ഷിക്കുക തന്നെ വേണം.

മുറിയിലിനിയും സന്ധ്യാദീപം കൊളുത്തിയിട്ടില്ല. വേഷഭൂഷകൾ അഴിച്ചു വെക്കാനായി ആ അന്ധകാരത്തിൽ ജ്ഞാനദ ഒച്ചവെക്കാതെകടന്നു വന്നു. ശവം പോലെ അനങ്ങാതെ കിടക്കുകയായിരുന്നു ദുർഗ്ഗ. മകൾ വലിയൊരപരാധിനിയെപ്പോലെ അമ്മയുടെ കാല്ക്കൽ ചെന്നിരുന്നു. അമ്മ അതറിഞ്ഞിട്ടും അറിഞ്ഞഭാവം നടിച്ചില്ല. ഒന്നും പറയാതെ അവൾ കുറച്ചു നേരം കാത്തിരിന്നു. ഭക്ഷണമൊന്നും കഴിക്കാതെ തളർന്നിരുന്ന പാവം പെൺകുട്ടി അവിടെത്തന്നെ ചുരുണ്ടു കൂടികിടന്ന് ഉറങ്ങിപ്പോയി. ഇതെല്ലാം അറിഞ്ഞിട്ടും ഇന്ന് അമ്മയുടെ മനസ്സിൽ ദയയുടെ ലേശം പോലും ഉണ്ടായില്ല.

പത്ത്

എപ്പോൾ വേണമെങ്കിലും എന്തുംസംഭവിക്കാം എന്ന നിലയിലാണ് ദുർഗ്ഗ. ശാസ്ത്രങ്ങളിൽ പ്രവീണൻമാരായവരുടെ വാക്കുകൾ കേട്ടതുകാരണമുള്ള വിഷമമാണെങ്കിൽ അവർക്കതിലേറെ. പ്രായം തികഞ്ഞ് അവിവാഹിതയായി വീട്ടിലിരിക്കുന്ന പെൺകുട്ടികൾ പിതൃക്കൾക്ക് അനുദിനം അധോഗതിവരുത്തുന്നതിനുപുറമേ അമ്മയുടെ ശേഷക്രിയകൾക്കും അനർഹരാണത്രേ! മരണസമയത്ത് ഒരു തുള്ളി വെള്ളം കൊടുക്കാനോ ചിതക്ക് തീ കൊടുക്കുവാനോ അവൾക്ക് അധികാരമില്ല. ഇതെല്ലാം കേട്ടതോടെ മരണം കാത്തുകിടക്കുന്ന അമ്മയുടെ മുഖം കടലാസ്സുപോലെ വിളറി.

ഏറെനാളായി മനോവേദന സഹിച്ചു വരുന്നതിനാൽ ദുർഗ്ഗയുടെ മനസ്സിലെ സ്നേഹത്തിൻെറ സ്ഥാനം കല്ലായിത്തീരുകയാണ്. മകളോടുള്ള അവരുടെ സ്നേഹത്തിന് അതിരുണ്ടായരുന്നില്ല എന്നതു പോയി ഇന്നവർക്ക് സ്വന്തം മകളെ കണ്ടാൽ കലി കയറുക എന്ന നിലയായി. ഇപ്പോൾ ഈ വിവരവും കൂടി കിട്ടിയതോടെ ഇവൾ തൻെറ പരലോകത്തിൽപോലും മുള്ളായിത്തീർന്നു എന്ന വിശ്വാസത്താൽ അവരുടെ മനസ്സ് തനി കരിങ്കല്ലായി മാറി. ഇനി ആ മനസ്സിൽ മമതക്ക് സ്ഥാനമില്ല.

അനാഥനെ വിളിപ്പിച്ചു. അടുത്തിരുത്തി പറഞ്ഞു: "ആ ഗോപാലാചാര്യ വീണ്ടും കല്ല്യാണം കഴിക്കാൻ പോകുന്നു എന്ന് കേട്ടുവല്ലോ. ഞാൻ മരിക്കുന്നതിനു മുമ്പായി അതും കൂടി ഒന്ന് അവസാനക്കൈയ്യായി ശ്രമിച്ചുനോക്ക്. എന്താ ചെയ്യില്ലേ?"

ഈ കേട്ടത് വിശ്വസിക്കാത്ത മട്ടിൽ അനാഥൻ പറഞ്ഞു: "എന്ത്? ഗോപാല ഭട്ടാചാര്യ ഇനിയും കല്ല്യാണം 'കഴിക്കയോ? ആരാണ് ചേട്ടത്തിയമ്മയോട് ഇത്ര വലിയ തമാശപറഞ്ഞത്?"

ദുർഗ്ഗ ദീർഘശ്വാസം വിട്ട് പറഞ്ഞു: "എന്നോട് ആര് തമാശപറയാൻ! അദ്ദേഹം ഒരു പുരുഷനാണല്ലോ. ആണുങ്ങളുടെ വയസ്സ് ആരാണ് ചോദിക്കാറ്? ആ വയസ്സിലും എത്രയോ പേർ കല്യാണം കഴിക്കുന്നു! ഇത് എൻെറ ഒരപേക്ഷയാണ്. ഒന്നുപോയി അന്വേഷിച്ചുനോക്ക്. ജീവിച്ചിരിക്കുമ്പോഴോ ഒന്നും കിട്ടിയില്ല. മരിച്ചാലും എന്തെങ്കിലും കിട്ടുകയില്ലേ? ഇത്തിരി തീ എങ്കിലും!"

അവരുടെ ഇപ്പോഴത്തെ ഒരേഒരുത്കണ്ഠ ഇതായിരിക്കുന്നു. പത്തുമാസം ചുമന്ന് ദു:ഖം സഹിച്ച് വളർത്തി വലുതാക്കിയത് അവസാനം അനാവശ്യമായിത്തീരുമോ? സദാ സമയവും ഇതാണ് വിചാരം. ചിതയ്ക്ക് തീ കൊടുക്കാൻ പോലും

യോഗ്യതയില്ലാത്ത ഒരു മകൾക്ക് താനെന്തിന് ജന്മം നല്കി!

ആവേശത്തോടെ അവർ എണീറ്റു പറഞ്ഞു: "അനിയാ, എവിടെ എങ്കിലുമാകട്ടെ, ആരുടെ കൈയ്യിലെങ്കിലും ഒന്നവളെ ഏല്പ്പിക്ക്. ഞാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ അതൊന്ന് ചെയ്യ്. ഞാൻ പറയാല്ലോ, എന്റെ ഈ അവസാന സമയത്തെ ആശീർവാദം കൊണ്ടുതന്നെ നീ രാജാവായി വാഴും."

ഇതിൽ അനിയന്റെ അഭിമാനം കുറച്ചൊന്നുമായിരുന്നില്ല. അന്നുതന്നെ ഗോപാല ഭട്ടയുടെ കാര്യം അറിയാനിറങ്ങി. വിവരം വാസ്തവമാണെന്നറിഞ്ഞപ്പോൾ അനാഥൻ ഒന്ന് സ്തംഭിക്കുകതന്നെ ചെയ്തു. വിവരം വാസ്തവമാണെന്നതുകൊണ്ടു മാത്രമല്ല, ഭാരമായി തീർന്നിരിക്കുന്ന പെൺകുട്ടികൾ വേറേയുമുള്ളതിനാൽ അവരുടെ പിതാക്കൻമാരും അദ്ദേഹത്തെ സമീപിച്ച് വീണ്ടും വീണ്ടും നിർബന്ധിച്ച് പോയിക്കഴിഞ്ഞിരിക്കുന്നു! അതുകേട്ടാണ് അനാഥന്റെ അതിശയം.

ഇത്ര പ്രായമായിട്ടും ബുദ്ധിമുട്ടുണ്ടായിട്ടും ആ ഗോപാല ഭട്ടക്കുതന്നെ കന്യാദാനം ചെയ്യണമെന്ന നിർബന്ധം കേട്ട് അദ്ദേഹം തന്നെ "കഷ്ടം കഷ്ടം!"എന്ന് പറഞ്ഞു. അമ്മയുടെ മനസ്സ് എന്നിട്ടും മാറിയില്ല. അവർ പരലോക യാത്രക്ക് ഒരുങ്ങിയിരിക്കുകയല്ലേ! ശാസ്ത്ര നിർദ്ദേശമനുസ്സരിച്ച് ആ യാത്രക്ക് ഉപയുക്തമായ പാഥേയം എങ്ങിനെ എങ്കിലും നേടുക തന്നെ വേണമല്ലോ.

ബംഗാളിപെൺകുട്ടി! എത്ര എത്ര യുഗങ്ങളായി എത്രയെത്ര തലമുറകളായി, ശാസ്ത്രത്തിന്റെ ബലിപീഠത്തിൽ നിന്റെ ഈ കന്യകാബലി നടത്തി പോരുന്നു! ഇന്ന് നീ അതിൽ നിന്ന് പിന്തിരിയുന്നതെങ്ങിനെ? ദു:ഖത്തിനു മേൽ ദു:ഖം സഹിക്കുകതന്നെ വേണം.

ഗോപാല ഭട്ടാചാര്യ വിവരം അറിയിച്ചു. പെണ്ണുകാണൽ കഴിഞ്ഞ ശേഷമേ വിവാഹം കഴിക്കുകയുള്ളൂ. ഈ നശിച്ചനാട്ടിൽ വയസ്സൻമാർക്കും അവരുടേതായ ഇഷ്ടമുണ്ട്. നാലഞ്ചു പെണ്ണിനെകണ്ട് വിവാഹം കഴിക്കാനുള്ള സൗകര്യമുണ്ടല്ലോ?

വേനലിൽ ഉണങ്ങിക്കരിഞ്ഞുനിൽക്കുന്ന പുല്ലുകൾ വർഷക്കാലത്തേതുവിധം പച്ചപിടിച്ചുണരുന്നുവോ, അതേ പോലെ ദുർഗ്ഗയുടെ മനസ്സിലും ശുഷ്കിച്ച ആശകൾ പുതിയ കൂമ്പെടുത്തു. "അനിയാ, അനിയന്റെ ചുമതല നീചെയ്യണേ! ഭാഗ്യം കെട്ടതിന്റെ കൈകൊണ്ട് തീയെങ്കിലും എനിക്കൊടുക്കം കിട്ടാറാക്കണേ! വരുന്ന അഞ്ചാം തീയതി വിട്ടുപോകരുത്. ഒന്ന് പോയി പറയ്. ഇന്നുതന്നെ പെണ്ണുകാണാൻ വന്ന് .എല്ലാം തീർച്ചയാക്കാൻ പറയ്."

വിവാഹം കഴിഞ്ഞില്ലെങ്കിൽ അമ്മയുടെ ശേഷക്രിയകൾ ചെയ്യാൻ തന്നെ അനുവദിക്കില്ല, ഇതാണ് ശാസ്ത്രം വിധിക്കുന്നതെന്ന് അറിയാനിടയായ ജ്ഞാനദ കുളിയും ഭക്ഷണവും

ഉപേക്ഷിച്ചിരിക്കുന്നു. അവളും ബംഗാളി പെൺകുട്ടിയല്ലേ? അവളുടെ മനസ്സിലും ഒരു ചിത അവിശ്രമം എരിയാൻ തുടങ്ങിയിരിക്കുകയാണ്.

ഉച്ചതിരിഞ്ഞ് അടുക്കളയിൽ തനിയെയിരുന്ന് അമ്മയ്ക്കുള്ള പഥ്യ ഭക്ഷണം തയ്യാറാക്കുകയായിരുന്നു ജ്ഞാനദ. ആനേരത്ത് സൗന്ദര്യ പരീക്ഷക്കുള്ള വിളി ഒരിക്കൽക്കൂടിക്കിട്ടി.

സ്വർണ്ണം തന്നെയാണ് വിളിക്കാനോടിയെത്തിയത്."എടീ ഗേനീ, വേഗം വാ. അത് അടുപ്പത്തുനിന്ന് ഇറക്കിവച്ച് ഒന്നിങ്ങോട്ട് വേഗം വാ. അവർ നിന്നെ കാണാൻ വന്നിരിക്കുന്നു. ഒരുനല്ല സാരി എടുത്തുടുത്തുവാ അവർ ഒന്ന് കണ്ട് പോകുകയേ ഉള്ളൂ. " ഇതുപറഞ്ഞ് സ്വർണ്ണം അവിടെനിന്നും പോയി.

അനാഥൻ ആപ്പീസ്സിൽ നിന്നെത്തീട്ടില്ല. അതിനാൽ അതിഥികളെ സ്വീകരിക്കേണ്ട ഭാരം സ്വർണ്ണത്തിൻെറതായി. ചെക്കൻ അകന്ന ഒരു മരുമകനേയും കൊണ്ടാണ് പെണ്ണുകാണാൻ വന്നിരിക്കുന്നത്. ചെറുപ്പക്കാർക്കല്ലേ പെണ്ണിനെകണ്ട് ഇഷ്ടപ്പെടാൻ കഴിവുള്ളത് എന്നുവച്ചാണ് ബുദ്ധിഉപയോഗിച്ച് ഗോപാല ഭട്ടാചാര്യ മരുമകനെ കൂട്ടിക്കൊണ്ടുവന്നിരിക്കുന്നത്. ഈ മരുമകൻെറ അഭിപ്രായം അനുസ്സരിച്ചാണ് വീട്ടിൽ നിൽക്കുന്ന വിധം തന്നെ പെണ്ണിനെകണ്ടാൽ മതി എന്നുനിശ്ചയിച്ചത്. എന്തുകൊണ്ടെന്നാൽ വേഷംകെട്ടിക്കാണുമ്പോൾ പലചതിയും പ്രയോഗിച്ച് പറ്റിക്കാം.

ഈ മരുമകന് ആറുമണിയുടെ വണ്ടിക്ക് കൽക്കത്തക്ക് പോകണം. അതുപറഞ്ഞ് ധൃതിപിടിക്കാൻ തുടങ്ങി. ജ്ഞാനദ പുറത്തേക്കുവന്നില്ല. ഒരു സാരിമാറി പുറത്തേക്കുവരാൻ വേണ്ടതിലും സമയമായിട്ടും ജ്ഞാനദയെ കാണാഞ്ഞതിനാൽ വേലക്കാരിചെന്ന് അവളെ പിടിച്ചുവലിച്ച് പുറത്തേക്കു കൊണ്ടുവന്നു. ജ്ഞാനദയെ കണ്ടതും സ്വർണ്ണത്തിൻെറ കോപത്തിന് അതിരില്ലാതായി. ഉറക്കെ തന്നെ പറഞ്ഞു:" അഴിച്ചുവെക്ക് ഇതെല്ലാം. ഈവിധം വേഷം കെട്ടിവരാൻ ആരാണ് പറഞ്ഞത്? വേഗം പോ. അകത്തുപോയി എല്ലാം അഴിച്ചുവെച്ച് വേഗം വാ."

പെണ്ണുകാണാൻ വന്നവർ ഈ ബഹളം കേട്ട് ആശ്ചര്യപ്പെട്ടു. കഴുത്തുനീട്ടി അവരും എത്തിനോക്കി. മരുമകന് കാര്യം മനസ്സിലായതിനാൽ വിളിച്ചു പറഞ്ഞു: "സാരമില്ല. അങ്ങിനെ തന്നെ കൊണ്ടുവരൂ എനിക്കിനി വൈകിച്ചാൽ പറ്റില്ല."

വേലക്കാരി ജ്ഞാനദയെ മുന്നോട്ടു വലിച്ചുകൊണ്ടുവന്ന് അവരുടെ മുന്നിൽ നിറുത്തി. പെൺകുട്ടിയുടെ വിശേഷവിധത്തിലുള്ള വേഷംകെട്ടലുകൾ കണ്ട് പണിപ്പെട്ട് ചിരിയമർത്തി മരുമകൻ എണീറ്റുനിന്നു പറഞ്ഞു:" നാളെ വിവരം അറിയിക്കാം."

അവൻ അമ്മാമനേയുംകൂട്ടി വേഗം ഇറങ്ങി. പലഹാരങ്ങൾ ഒരുക്കിയിരുന്നു. എന്നാൽ വണ്ടിതെറ്റും എന്ന ഒഴികഴിവുപറഞ്ഞ്

അവർ ഒന്നും തൊട്ടില്ല.

'നാളെ വിവരം അറിയിക്കാം' എന്നതിൻെറ അർത്ഥം എല്ലാവർക്കും വേഗം മനസ്സിലായി.

വല്യമ്മ മരുമകളെ ഉറക്കെ ശകാരിക്കാൻ തുടങ്ങി. ഈ ലഹളകേട്ട് അടുത്തുള്ളവരെല്ലാം എത്തി നോക്കി. ചിലർ ഓടി എത്തി. ദുർഗ്ഗയുടെ സ്ഥിതി കലശലാണെന്ന് എല്ലാവർക്കും അറിയാം. അവർക്കെന്തെങ്കിലും സംഭവിച്ചിരിക്കും എന്ന വിചാരംകൊണ്ടാണ് ആളുകൾ ഓടിയെത്തിയത്. അതേസമയത്ത് അതുലും അവിടെ എത്തിച്ചേർന്നു. അവനും ആറിൻെറ വണ്ടിക്ക് സ്റ്റേഷനിലേക്കു പോകുന്നവഴിക്ക് ലഹളകേട്ടപ്പോൾ പരിഭ്രമിച്ചു കയറിവന്നതാണ്.

അതുലിനെ കണ്ടതോടെ സ്വർണ്ണത്തിൻെറ രോഷം നൂറിരട്ടിയും കോപം ആയിരം ഇരട്ടിയും വർദ്ധിച്ചു. ശോഷിച്ച്, ലജ്ജിച്ച്, ഇപ്പോൾ ചാകണോ എന്നുവച്ചുനിൽക്കുന്ന, ഭയപ്പെട്ട, ഭാഗ്യംകെട്ട ആ പെൺകുട്ടിയെ തോളുപിടിച്ച് കുലുക്കി കുലുക്കി വലിച്ചുകൊണ്ടുവന്നു സ്വർണ്ണം. അവളെ അതുലിൻെറ മുന്നിൽ നിറുത്തി അട്ടഹസിക്കാൻ അവർ തുടങ്ങി: "നോക്ക്, അതുൽ! നീ ഒന്ന് നല്ലപോലെ നോക്കിവളെ! നശിച്ചത്! കണ്ടില്ലേ, കുരങ്ങൻെറ മുഖം! നീ ഒന്നാലോചിച്ചു നോക്ക്..."

ആ മുഖത്തേക്കു നോക്കിയാൽ വാസ്തവത്തിൽ ചിരിനിയന്ത്രിക്കാൻ വിഷമമാണ്. ചുണ്ടിൽ പുരട്ടേണ്ട നിറം കവിളത്ത്, കവിളിലെ നിറം താടിയിൻമേൽ, ഇരുട്ടത്തു തൊട്ടതിനാൽ സ്ഥാനം തെറ്റിയ പൊട്ട്, ഇത്തിരിയുള്ള ചപ്പറത്തലമുടിയിൽ ഒരു പാടെണ്ണതേച്ച് കെട്ടിവച്ചിരിക്കുന്നതിനാൽ ഇരുവശത്തും ചെവിയരികിൽ കൂടി ഒലിക്കുന്ന എണ്ണ............

അടുത്തു നിന്നിരുന്ന രണ്ടു പെൺകുട്ടികൾ ചിരിക്കാൻ തുടങ്ങി. ഒരുവളുടെ ഒക്കിനിരുന്ന് ഒരാൺകുട്ടി ചോദിച്ചു:"ഗിനി അമ്മായി ചായ ചേച്ചക്കണേയ് ഞ്ഞ്നോക്ക്, നാവ് നീട്ട്......" കൊഞ്ഞപ്പോടുകൂടി പറയുന്നതിനോടൊപ്പം അവൻ നാവുനീട്ടി. ഇതുകണ്ട് എല്ലാവരും ചിരിച്ചു. അമ്മ അവൻെറ കവിളത്ത് അടിച്ചു.

അതേസമയത്ത് ഹൃദയത്തിലേക്ക് പഴുപ്പിച്ച ശൂലം ആരോ കുത്തിയിറക്കുന്നതായി അതുലിന് തോന്നി.

ജ്ഞാനദയുടെ മുഖം ഇത്രയും വെളിച്ചത്തിൽ അതുൽ കണ്ടിട്ട് വളരെയേറെ നാളുകളായിട്ടുണ്ട്. അവൾ ചടച്ച് കാണാൻ ശ്രീയില്ലാത്തവളായിരിക്കുന്നു എന്ന് പലരും പറഞ്ഞ് അതുൽ കേട്ടിരുന്നു. പക്ഷേ ഇത്രക്കുവൃത്തികെട്ടവളായിരിക്കുന്നു എന്ന് അവൻ സ്വപ്നത്തിൽ പോലും വിചാരിച്ചതല്ല.

ഒരിക്കൽ മാരക രോഗം വന്ന് മരണാസന്നനായികിടന്നപ്പോൾ താൻ സ്നേഹിച്ചത് ഈ മുഖത്തെ ആണല്ലോ. അത് കണ്ണുകളുടെ ലഹരിയോ കൃതജ്ഞതയുടെ ഉച്ഛ്വാ

സമോ ഒയിരുന്നില്ല. കപടമറ്റ, മുഴുവൻ പ്രാണനുമട ങ്ങിയ സ്നേഹമായിരുന്നു അത്. ഇന്നവളെ പെട്ടെന്നീവിധം കാണേണ്ടിവന്നപ്പോൾ യമരാജാവ് തൻെറ ഡിക്രിനടത്തി അവ സാന നോട്ടീസ്സ് ആമുഖത്തൊട്ടിച്ചു പോയിരിക്കുന്നു എന്ന് തോന്നിപ്പോയതിനാൽ ഒരുനിമിഷനേരത്തേക്ക് അതുൽ ആത്മ വിസ്മൃതനായി. ഉന്തോ പറയാൻ ഭാവിച്ചു. സ്വർണ്ണത്തിൻെറ ഉച്ചസ്വരത്തിൽ അതലിഞ്ഞുപോയി.

"അതേടീ, നാണം കെട്ട വേശ്യേ വരുന്നത് ചുമലിൽ എടുക്കാറായ ശവം! എന്നിട്ടതിനെ മയക്കാനാണോടീ, നീൻെറ ഈ വേഷംകെട്ട്! എന്നിട്ടെന്തേ? ഒത്തുവോ? നിൻെറ മുഖത്തു ചവിട്ടി കടന്നു പോയില്ലേ?"

ആരോ ഒരാൾ ചോദിച്ചു. "ആരാണിവളെ ഇങ്ങനെ ഭൂതം പോലെ വേഷം കെട്ടിച്ചത്? തന്തയ്ക്കൊട്ടു പിടിച്ചുമില്ല."

സ്വർണ്ണം ആ വശത്തേക്ക് തിരിഞ്ഞ് കോപസ്വരത്തിൽ പറഞ്ഞു: "തന്നത്താനെ, അല്ലാതാരാ? അമ്മയുള്ളത് ബോധം കൂടി ഇല്ലാതെ കിടപ്പാണ് ഒരു നല്ല സാരിയുടുത്തു വേഗം വാ എന്ന് ഞാൻ പറഞ്ഞതാണ് അതുപോരാ, വേഷംകെട്ടി വന്നില്ലെങ്കിൽ തന്തയെ വശീകരിക്കാനൊത്തില്ലെങ്കിലോ! വേഷം കെട്ടാനും എന്താണുള്ളത്? നിറം പോയ സാരിയും അതുൽ കൊടുത്ത ഒരുജോടി വളയും. അവൾ ആ വള ദിവസത്തിൽ പത്തുപ്രാവശ്യം ഇടും ഊരും കരിമോറിക്കാണെങ്കിൽ ആവള യിട്ട് പുറത്തിറങ്ങാൻ ഒരു നാണവുമില്ല. പോ എൻെറ മുമ്പിൽ നിന്ന്. പോടീ ഇവടന്ന്!"

നാണംകെട്ട ആ പെൺകുട്ടിയുടെ നിർലജ്ജ സ്വഭാവത്തെ പ്പറ്റി എല്ലാവരും കുറ്റം പറഞ്ഞു. എല്ലാം അറിയുന്ന ആ അന്തര്യാമിയുടെ കണ്ണിൽ നിന്ന് ഒരുതുള്ളി കണ്ണുനീർ വഴു തിവീണിരിക്കാം.

ജീവിത കാലമത്രയും വായതുറന്ന് ഒരുവാക്കുപോലും പറ യാൻ കഴിയാത്ത പെൺകുട്ടിക്ക് ഇന്ന് എങ്ങിനെ ഇതിന് കഴിഞ്ഞു! തൻെറ നാണത്തെയത്രയും ചവിട്ടിമെതിച്ച് സ്വന്തം കൈകൊണ്ടുതന്നെ അലങ്കരിക്കാൻ! എന്നിട്ടൊരു പടുവൃദ്ധൻെറ പാദങ്ങളിൽ അർപ്പിക്കാൻ അവളൊരുമ്പെട്ടു! കാരണം ഈശ്വരനുമാത്രമേ അറിയാവൂ എന്നാലോ വില്ക്കപ്പെട്ടതു മില്ല. കൊള്ളരുതാത്തവളെന്ന് തീരുമാനിക്കപ്പെടുകയും ചെയ്തു. അതല്ലേ വെറുപ്പോടുകൂടി ഇന്നെല്ലാവരും അവളെ അധിക്ഷേപി ക്കുന്നത്. ആർക്കും അവളെ ക്ഷമിക്കാനായില്ല. എക്കാലത്തും എല്ലാവരുടേയും ന്യായാധിപതിയായ അദ്ദേഹം മാത്രം ആരും കാണാത്തിടത്തിരുന്ന് ഈ ഭാഗ്യംകെട്ട ബാലികയുടെ അപരാ ധഭാരം സ്വകരങ്ങളിൽ ഏറ്റെടുത്തു

ജ്ഞാനദ എണീറ്റുനിന്നു. ഒരിക്കലും അവൾ മറ്റുള്ളവരുടെ മുന്നിൽ കരഞ്ഞിട്ടില്ല. ഇന്ന് അതുലിൻെറ മുന്നിൽ അവളുടെ

നയനങ്ങൾ വഴിഞ്ഞൊഴുകുവാൻ തുടങ്ങി. എന്നാലും ഒരുവാക്കുപോലും ശബ്ദിച്ചില്ല. ആരുടെനേരെയും നോക്കിയതുമില്ല. കണ്ണുകൾ തുടച്ചുകൊണ്ട് അവൾ അകത്തേക്കു കടന്നു പോയി.

അന്ന് കൽക്കത്തക്ക് പോകാൻ വേറെ വണ്ടിയില്ലാത്തതിനാൽ സന്ധ്യയായതോടെ അതുൽ വീട്ടിലേക്ക് മടങ്ങിയെത്തി. മടങ്ങിപോകുമ്പോൾ മറ്റെല്ലാവാക്കുകളെക്കാളും മാധുരിയുടെ അമ്മയുടെ വാക്കുകൾ വീണ്ടും വീണ്ടും ഓർമ്മ വന്നു.

അന്ന് അച്ഛൻെറ വീട്ടിലേക്കു പോകാൻ തയ്യാറായതിനു ശേഷം അതുലിനെ അവർ ഒറ്റക്കു വിളിച്ചുകൊണ്ടുപോയി പറഞ്ഞു: "അതുൽ വൈര്യം വലിച്ചെറിഞ്ഞ് സ്ഫടികക്കഷണം മുണ്ടിൻ തലപ്പത്ത് കെട്ടിനടക്കാനാശിച്ചാൽ അവരുടെ മനസ്താപത്തിന് അവസാനമുണ്ടാവില്ല, കേട്ടോ."

അന്ന് ആ വാക്കുകളുടെ അർത്ഥം അതുലിന് നല്ലപോലെ മനസ്സിലായിട്ടില്ലായിരുന്നു. എന്നാൽ ഇന്ന് വളരെ സ്പഷ്ടമായി മനസ്സിലായി. തന്നെ ഉദ്ദേശിച്ചു തന്നെയാണവർ അങ്ങിനെ പറഞ്ഞത്.

നാണമില്ലാത്തവൾ എന്നുപറഞ്ഞ് എല്ലാവരും ഒരുപോലെ അപഹസിച്ചിട്ടും അത്കേട്ട് സഹിച്ചു നിന്നവളുടെ സഹനശക്തിയുടെ സീമാരേഖ എവിടെയായിരിക്കും എന്ന് അതുൽ അതിശയിച്ചു.

നേരം ഇനിയും പ്രഭാതമായിട്ടില്ല. അനാഥൻ അതുലിനെ വിളിക്കാൻ വന്നിരിക്കുന്നു ഏട്ടത്തിയമ്മയുടെ ശവദാഹം നടത്തണം.

"വരാം. നടക്കൂ." എന്നു പറഞ്ഞ് അതുൽ വേഗം പുറത്തേക്കുവന്നു. അതുൽ എത്തിയപ്പോൾ എന്താണ് കണ്ടത്!

ഒന്നര കൊല്ലം മുമ്പ് തുളസിത്തറയ്ക്കരുകിൽ അച്ഛൻെറ ഇരുപാദങ്ങളും മടിയിൽ വച്ച് ജ്ഞാനദ എങ്ങിനെയാണോ ഇരുന്നിരുന്നത് അങ്ങിനെതന്നെ നിശബ്ദയായി ഇന്ന് അമ്മയുടെ കാലടികൾ മടിയിൽ വെച്ച് അവളിരിക്കുന്നു.

ജീവിതത്തിൽ ഒരിക്കൽ മാത്രമേ അവളെ ചപലയും വ്യാകുലയും ആയി അതുൽ കണ്ടിട്ടുള്ളൂ. അതന്ന് അതുലിൻെറ കാൽക്കൽ വീണ് തലയിട്ടടിച്ച് കരഞ്ഞപ്പോൾ. അതുകൊണ്ട് അവളുടെ ഈ അഗാധ നീരസ സ്വഭാവത്തെ ആരും അത്ര കാര്യമായിട്ടെടുത്തില്ല. ആ വശത്തേക്ക് ആരുടെ ശ്രദ്ധയും ഉണ്ടായതുതന്നെയില്ല. ശവദാഹത്തിനു വേണ്ടതൊരുക്കേണ്ട തിരക്കിലാണ് എല്ലാവരും.

വേണ്ടപോലെ വേണ്ടനേരത്ത് മൃതദേഹം ശ്മശാനത്തിലേക്കെടുത്തു. എല്ലാവരുടേയും പിന്നിലായി ജ്ഞാനദയും നടന്നു. അവൾ വെറും പാവം പെൺകുട്ടിയായതിനാൽ മറ്റാരും അവൾക്ക് കൂട്ടായിപോയില്ല. പോകേണ്ടതാണെന്ന വിചാരം തന്നെ

ആരുടെ മനസ്സിലും ഉണർന്നില്ല.

വർഷക്കാലത്തെ ഗംഗ ശ്മശാനത്തിൻെറ നേരെ താഴെക്കൂടിത്തന്നെയാണൊഴുകുന്നത്. അമ്മയ്ക്ക് വേണ്ടി ചെയ്യേണ്ട ക്രിയകൾ മകൾ നിശബ്ദം ചെയ്തുതീർത്തു. ചിത ആളിക്കത്താൻ തുടങ്ങിയപ്പോൾ അവൾ പുരുഷൻമാർക്കിടയിൽ നിന്ന് പതുക്കെ നീങ്ങി. താഴോട്ടിറങ്ങി വെള്ളത്തിൻെറ തൊട്ടടുത്തായി ഇരുന്നു. ആരും അവളെ വിലക്കിയില്ല. വിലക്കാൻ കാരണമൊന്നുമില്ല എന്നതുകൊണ്ടുതന്നെ. അങ്ങേയറ്റത്തെ ദു:ഖം നിറഞ്ഞ ദൃശ്യം കാണാൻ അവൾക്കാകാത്തതുകൊണ്ടായിരിക്കാം അവളവിടെ ഇരിക്കുന്നത് എന്നുവിചാരിച്ച് സമയോചിതമായ സഹാനുഭൂതിയോടെ 'അയ്യോ പാവം!' എന്നും മറ്റും ചിലർ പറഞ്ഞു. ചിലർ ദീർഘശ്വാസം വിട്ടു.

ഇത്രയും നാൾ ശാന്തയും പരമസഹിഷ്ണുവും ആയിക്കഴിഞ്ഞ ഈ പെൺകുട്ടി പെട്ടെന്നെന്തെങ്കിലും ചെയ്തേക്കാം എന്ന ഭയം ആരിലും ഉണ്ടായിരുന്നില്ല- അതുലിനുപോലും. എന്നാൽ കുതിച്ചൊഴുകുന്ന ഗംഗയുടെ അത്രയും അടുത്തുചെന്നിരിക്കുന്ന അവളെ കണ്ടപ്പോൾ അതുലിൻെറ ഹൃദയത്തിൽ മറ്റെന്തോ സംഭവിച്ചു. അവളെ വിലക്കിയാലോ എന്നൊരിക്കൽ വിചാരിച്ചു. അടുത്ത് ചെന്നാലോ എന്നുതോന്നി. ലജ്ജയും സങ്കോചവും കാരണം ഒന്നും ചെയ്തില്ല.

ചിതയുടെ ചൂടേൽക്കാത്തവിധം എല്ലാവരും ദൂരെ മാറി നിന്നു. അതുലും അവരുടെ അടുത്ത് ചെന്നിരുന്നു.

മുന്നിൽ ആളിക്കത്തുന്ന ചിതയിലേക്ക് നോക്കിയിരിക്കെ അതുലിൻെറ മനസ്സിൽ ആ പഴയപ്രശ്നം പെട്ടെന്ന് വീണ്ടും ഉണർന്നെണീറ്റു- ഇന്നലെ ഉണ്ടായിരുന്നത് ഇന്നില്ല. ഇന്നും ഉണ്ടായിരുന്ന ഈ നശ്വര ശരീരവും അതാ പതുക്കെപ്പതുക്കെ ഭസ്മമായി മാറുന്നു. പിന്നീടതിനെ തിരിച്ചറിയാൻ തന്നെ കഴിയുന്നില്ല. എന്നിട്ടും ആ ശരീരത്തെ ചുററി എത്ര ആശ, എത്ര ആകാംക്ഷ, എത്ര ഭയം, എത്ര ഭാവന! എവിടെപ്പോയി അവയെല്ലാം! അപ്പോൾ പിന്നെ അതിനെന്തു വിലയാണുള്ളത്? മരിക്കാൻ തന്നെ എത്ര സമയം വേണം!

ഉടനെ തന്നെ തൻെറ കഴിഞ്ഞകാലം അവൻെറ കൺമുമ്പിലെത്തി. മൂന്നുകൊല്ലം മുമ്പ് അതുലും മരിക്കാൻ പോയതാണ്. എന്നാൽ മരിച്ചില്ല. അവൻെറ മനസ്സ് അവനറിയാതെ ചിതയിൽ നിന്നുയരുന്ന പിംഗല ധൂമ്ര യവനികക്കപ്പുറം കടന്നുചെന്നു. അന്നവനെ മരിക്കാനനുവദിക്കാഞ്ഞത് ഇന്ന് ഈ ജാഹ്നവിയുടെ കലങ്ങിയ ജലത്തിൽ അവ്യക്ത നിഴൽ വീഴ്ത്തി ശോകത്തിൻെറ മൂർത്തിയായിരുന്നുരുകുന്നവൾ കാരണമാണ്. അവളുടെ രൂക്ഷമായ തലമുടിയും മുഷിഞ്ഞസാരിത്തലപ്പും കാറ്റിൽ പറന്നുകൊണ്ടിരിക്കുന്നുണ്ട്. അതുലിൻെറ കണ്ണുകൾ അശ്രുപൂർണ്ണമായി. മനസ്സിൽ പറഞ്ഞു: "ഓ, ഈ നശിച്ച സൗന്ദര്യം! രൂപ

സൗന്ദര്യത്തിന് ഇത്രയും വിലയുണ്ടെങ്കിൽ മൂന്നുവർഷം മുമ്പ് താനും ഈ സൗന്ദര്യച്ചന്തയിൽ കാൽക്കാശിന് വിലയില്ലാത്തവനായിരുന്നില്ലേ? അന്ന് ഏറ്റവും അടുത്തവർ പോലും വെറുത്തതാണ്. ഒന്ന് തിരിഞ്ഞു നോക്കാൻ പോലും അവർ മിനക്കെട്ടിട്ടില്ല.

സമയം കടന്നു പോയത് അതുൽ അറിഞ്ഞില്ല. ചിത എപ്പോഴാണ് കെട്ടടങ്ങിയത് എന്നും കണ്ടില്ല. ഈ നേരമത്രയും ഗംഗാതീരത്തിരിക്കുന്ന രൂപത്തിലായിരുന്നു അവന്റെ ദൃഷ്ടികൾ നിബദ്ധമായിരുന്നത്.

അനാഥൻ പറഞ്ഞു:"ഇനിയും കാത്തിരിക്കണോ? അവസാന കർമ്മം കൂടി തീർത്തേക്കാം."

"ശരി" എന്നു പറഞ്ഞ് സ്വപ്നത്തിൽ നിന്ന് പെട്ടെഴുന്നേറ്റവനെപ്പോലെ അതുൽ എണീറ്റു നിന്നു.

സൂര്യൻ അസ്തമിക്കാൻ ഒരുങ്ങുകയായിരുന്നു. മങ്ങിയ സൂര്യപ്രകാശത്തിൽ ഗംഗയുടെ ഓരത്ത് കിടക്കുന്ന ഉടഞ്ഞ രണ്ടു കുപ്പിവളയുടെ പൊട്ടുകളിൽ അതുലിന്റെ ദൃഷ്ടിചെന്നുപെട്ടതോടെ അവൻ സ്തബ്ധനായി നിന്നു. അവൾക്കവൻ കൊടുത്ത തുച്ഛമായ എന്നാൽ അതിപ്രാധാന്യമുള്ള അതേ വളകൾ തന്നെയായിരുന്നു അവ. എന്തെല്ലാം സഹിച്ചിട്ടും എത്രയൊക്കെ നിന്ദാവാക്കുകൾ കേൾക്കേണ്ടിവന്നിട്ടും ഈരണ്ടു വളകളുടെ നേരെയുള്ള മായ അവൾക്ക് ഇല്ലാതാക്കാൻ കഴിഞ്ഞില്ല. എന്നിട്ട് ഇവൾ ഇന്നവ സ്വന്തം കൈകൾ കൊണ്ടുതന്നെ ഉടച്ചുകളഞ്ഞ് അവളുടെ വ്യാഖ്യാനം വ്യക്തമാക്കിയിരിക്കുന്നു. അതുൽ വേഗം ചെന്ന് അതിസ്നേഹത്തോടെയും അതിലേറെ ശ്രദ്ധയോടുകൂടിയും ആ വളപ്പൊട്ടുകളെല്ലാം പെറുക്കിയെടുത്തു. പൊട്ടാത്ത അവസ്ഥയിലവയ്ക്ക് അവനൊരു ബഹുമാനവും നൽകിയില്ല. ഇന്ന് അവ നുറുങ്ങുകളായപ്പോൾ അവനെ സംബന്ധിച്ചിടത്തോളം അമൂല്യവസ്തുക്കളായിതീർന്നു.

പിന്നിൽ കാലടിശബ്ദം കേട്ട് ജ്ഞാനദ തിരിഞ്ഞുനോക്കി. അവളുടെ നോട്ടം അതുലിന് അസഹ്യമായിത്തോന്നി. അവളുടെ കൈപിടിക്കാൻ അവനൊന്ന് തുനിഞ്ഞു. സ്വയം നിയന്ത്രിച്ച് പറഞ്ഞു "തെറ്റ് എല്ലാവർക്കും പറ്റും ജ്ഞാനദേ. പക്ഷേ-" ഇത്രയും പറഞ്ഞ് അതുൽ അടച്ചുപിടിച്ചിരുന്ന കൈതുറന്നു. സായാഹ്നത്തിന്റെ ആരക്തശോഭയിൽ കൈയ്യിലിരുന്ന വളപ്പൊട്ടുകൾ മിന്നിത്തിളങ്ങി.

അതുൽ തുടർന്നു പറഞ്ഞു: "ഇന്ന് നീ ഉടച്ചുകളഞ്ഞതിനെ ശ്മശാനത്തിൽ നിന്ന് ഞാൻ വീണ്ടും പെറുക്കി എടുത്തു കൊണ്ടുവന്നിരിക്കുന്നു."

ജ്ഞാനദയ്ക്ക് ശരിക്കു മനസ്സിലായില്ല. അതിനാൽ ശോകം കൊണ്ട് ഉദാസീനങ്ങളായ നയനങ്ങളുയർത്തി അവൾ അതുലിനെ നോക്കി. ഏറെ നാളുകൾക്കു ശേഷം അവളിന്ന് സംസാ

രിച്ചു. മൃദുസ്വരത്തിൽ ചോദിച്ചു: "എന്തിന്?"

മറുപടി പറയാൻ ഒരുങ്ങിയ അതുലിൻെറ നയനങ്ങൾ കല ങ്ങിനിറഞ്ഞു. അശ്രുക്കൾ നിയന്ത്രിച്ച് പറഞ്ഞു "ജ്ഞാനു, ഇന്ന് ചെറിയമ്മയുടെ ചിതയിൽ ഞാനൊരു സത്യം സ്പഷ്ട മായിക്കണ്ടു. ഉടയാനുള്ളതല്ലെങ്കിൽ അതിനെ എത്ര ശക്തി ഉപയോഗിച്ചുടച്ചാലും ഉടയുകയില്ല. ആർക്കും ഉടയ്ക്കാൻ സാധിക്കില്ല. ബലമുപയോഗിച്ച് ഉടയ്ക്കാൻ കുപ്പിവളകളേ സാധിക്കൂ. നമ്മൾ തമ്മിലുള്ള കൊടുക്കലും വാങ്ങലും എന്നു മെന്നും മുടങ്ങാതെ തുടരും. ആ ബന്ധത്തിനെ ഉടയ്ക്കാനുള്ള ശക്തി എനിക്കോ നിനക്കോ ഇല്ല. എനിക്ക് സാധിക്കാത്തത് നിനക്കും സാധിക്കില്ല എന്ന് ഇന്നെനിക്ക് നല്ലപോലെ മനസ്സി ലായതിനാൽ ഈ ഉടഞ്ഞ വളകൾ എൻെറ ഹൃദയത്തിലേറ്റി ഞാനിതാ വീട്ടിലേക്ക് കൊണ്ടുപോകുന്നു."

ജ്ഞാനദ നിർനിമേഷനയനങ്ങളോടെ നോക്കിനിന്നു.അതുൽ അവളുടെ വലതുകൈ പിടിച്ച് അടുത്തേക്കടുപ്പിച്ചു. ജ്ഞാനദ അപ്പോഴും കൽപ്രതിമ പോലെ അനങ്ങാതെ നിന്നു. ഏതാനും നിമിഷം നിശ്ബ്ദനായിനിന്ന ശേഷം അതുൽ പറഞ്ഞു "ഞാൻ ചെയ്ത പാപങ്ങൾക്ക് എത്രവേണമെങ്കിലും ശിക്ഷ ലഭി ക്കട്ടെ. പക്ഷേ നീ മാത്രം എന്നെ ശിക്ഷിക്കല്ലേ. ഞാനെത്ര അപരാധങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും എനിക്ക് നിന്നെ തിരിച്ചു കിട്ടുക തന്നെ വേണം. എന്നെ ഉപേക്ഷിച്ചുകൊണ്ടെന്നെ ശിക്ഷിക്കാൻ നിനക്കൊരിക്കലും ആവില്ല. അതിനുള്ള കഴിവ് നിനക്കില്ല."

ജ്ഞാനദ തലതാഴ്ത്തി നിന്നു. ഒരുവാക്കും അവളിൽനിന്ന് പുറത്തുവന്നില്ല.

അവളുടെ ക്ഷീണിച്ച് ബലഹീനമായ കൈ അതുലിൻെറ കൈപ്പിടിക്കുള്ളിൽ ഒന്നു വിറച്ചു. കുറച്ചുനേരം അങ്ങിനെ അന ങ്ങാതെ നിന്നശേഷം അതുൽ പതുക്കെ വിടുവിച്ചുകൊണ്ടു പറഞ്ഞു "പോകാം. വീട്ടിലേക്ക് പോകാം. അവരൊക്കെ പോയിക്കഴിഞ്ഞു."

Printed at Pressworks, 1813 Chandrawal Road, Delhi - 110 007